**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി IV
# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

**(INDUSTRY AND MINERALS)**

## പീരിയോഡിക്കൽ റിപ്പോർട്ട്

**(2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെ)**

**(PERIODICAL REPORT FROM 1ST APRIL 2013 TO 31ST MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്.

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂലൈ 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th July 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി IV

(SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

**(INDUSTRY AND MINERALS)**

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1ST APRIL 2013 TO 31ST MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

896/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 30 |

## വിഷയനിർണ്ണയ സമിതി IV

(വ്യവസായവും ധാതുക്കളും)

(2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. എ. എ. അസീസ്

ശ്രീ. ഹൈബി ഈഡൻ

ശ്രീ. എളമരം കരീം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. സാജു പോൾ

ശ്രീ. വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

1-4-2013 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 10 യോഗങ്ങൾ ചേരുകയുണ്ടായി. 2013 ഏപ്രിൽ 17, ഏപ്രിൽ 24 എന്നീ തീയതികളിൽ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന XXXVII (വ്യവസായങ്ങൾ)-ന്റെ സൂക്ഷ്മ പരിശോധനയ്ക്കായും 2013 മേയ് 7-ന് ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് റിപ്പോർട്ട് പരിഗണിക്കുന്നതിനും 2013 ജൂൺ 5-ന് വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് വിഷയനിർണ്ണയ സമിതി IV-ന്റെ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, 2012-13-ലെ ആനുകാലിക റിപ്പോർട്ട്, 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ പരിഗണിക്കുന്നതിനും 2013 സെപ്തംബർ 4-ാം തീയതി ചട്ടം 235(എ) പ്രകാരം ലൈഫ് സയൻസ് പാർക്കുമായി ബന്ധപ്പെട്ട വിഷയങ്ങൾ, മട്ടിമണൽ നിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ട് 17-12-2012-ലെ യോഗത്തിൽ സമിതി നൽകിയ നിർദ്ദേശത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട സമിതി ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുന്നതിനും 2013 നവംബർ 12-ാം തീയതി പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും 2014 ജനുവരി 21-ന് 2010-ലെ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ കരട്, 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 798/2012) സാധൂകരണം, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ 2012-13-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുന്നതിനും 2014 ഫെബ്രുവരി 19, മാർച്ച് 5 എന്നീ തീയതികളിൽ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായും 2014 മാർച്ച് 12-ന് ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് റിപ്പോർട്ട് പരിഗണിക്കുന്നതിനുമാണ് സമിതി യോഗങ്ങൾ ചേർന്നത്. സമിതി യോഗങ്ങളിൽ ശരാശരി ഹാജർ നില 56.7 ശതമാനം ആയിരുന്നു.

ഈ റിപ്പോർട്ട് നാല് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ, രണ്ടാം ഭാഗത്തിൽ ചട്ടങ്ങളുടെ പരിശോധന സംബന്ധിച്ച വിവരങ്ങൾ, മൂന്നാം ഭാഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 235(1)(iii)-ലും (v)-ലും പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് സമിതി നടത്തിയ പഠന വിവരങ്ങൾ, നാലാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2014 ജൂലായ് 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. കെ. കുഞ്ഞാലിക്കുട്ടി,

തിരുവനന്തപുരം,
1-7-2014.

*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IV.*

# റിപ്പോർട്ട്

## ഭാഗം I

**സമിതി റിപ്പോർട്ടുകൾ**

1. 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2013 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിച്ചു.

2. സമിതിയുടെ 1-4-2012 മുതൽ 31-3-2013 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2013 ജൂൺ 19-ാം തീയതി സഭയിൽ സമർപ്പിച്ചു.

3. 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2013 ജൂൺ 20-ാം തീയതി സഭയിൽ സമർപ്പിച്ചു.

## ഭാഗം II

**ചട്ടങ്ങളുടെ പരിശോധന**

(1) 2010-ലെ ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് സർവ്വീസ് സ്പെഷ്യൽ റൂൾസ്

2010-ലെ ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ കരട് 2014 ജനുവരി 21-ന് ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച സമിതി റിപ്പോർട്ട് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചു.

(2) 2012-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ (SRO. No. 798/2012)

2014 ജനുവരി 21-ന് ചേർന്ന യോഗത്തിൽ 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 2012-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. 798/2012) സാധൂകരണത്തിനായി സമിതി പരിഗണിക്കുകയും വ്യവസായ, ഭൂവിജ്ഞാന വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭേദഗതി ചെമ്മണ്ണിന്റെ ഖനനവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഒരു ശാശ്വത പരിഹാരം കാണാൻ സഹായകമല്ലെന്നും കൂടുതൽ റോയൽറ്റി ഈടാക്കിക്കൊണ്ട് ആവശ്യാനുസരണം മണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതിനോട് യോജിക്കാനാവില്ലെന്നും സമിതി വ്യക്തമാക്കി. 'മണ്ണ്' എന്നതിനെ ചെറുകിട ധാതുവായി ഉൾപ്പെടുത്തുന്നതിനോട് സമിതി വിയോജിക്കുകയും വീട് നിർമ്മാണം മുതലായ ഗാർഹികാവശ്യങ്ങൾക്ക് സാധാരണ മണ്ണ് ഖനനം

ചെയ്യുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്ന തരത്തിൽ ഭേദഗതി ചെയ്യേണ്ടതാണെന്ന തീരുമാനത്തിൽ എത്തിച്ചേർന്നതിനാൽ പ്രസ്തുത ചട്ടം സമിതി സാധൂകരിച്ചില്ല. സമിതി നിർദ്ദേശിച്ച ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള പുതിയ ചട്ടങ്ങൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

## ഭാഗം III

**1. ചട്ടം 235(1)(iii)-ലും (v)-ലും പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ**

2013 സെപ്തംബർ 4-ാം തീയതി ചേർന്ന യോഗത്തിൽ ലൈഫ് സയൻസ് പാർക്കുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു.

2. 2013 നവംബർ 12-ാം തീയതി ചേർന്ന യോഗത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ കരട് സമിതിയുടെ പരിഗണനയിലാണ്.

3. 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 2014 ജനുവരി 21-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## ഭാഗം IV

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സഭയിൽ സമർപ്പിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2006-2007-ലെ ഒന്നാമത് റിപ്പോർട്ട്

### സിഡ്കോ

4851-00-102-95—കേരളാ സ്റ്റേറ്റ് സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (സിഡ്കോ)

ശുപാർശ

സിഡ്കോയുടെ നവീകരണ പ്രവർത്തനങ്ങൾക്കും ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനും സംസ്ഥാന വിഹിതമായി ഈ വർഷം ബഡ്ജറ്റിൽ 40 ലക്ഷം രൂപ മാത്രമാണ് വകകൊള്ളിച്ചിട്ടുള്ളത്. 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൽ സിഡ്കോയുടെ നവീകരണത്തിനായി ഒരു കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തിരുന്നെങ്കിലും ആയത് ഇതുവരെ നടപ്പാക്കിയിട്ടില്ല. ആയതിനാൽ അധികമായി ആവശ്യപ്പെട്ട 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ അപര്യാപ്തത കണക്കിലെടുത്ത് 2006-07 സാമ്പത്തിക വർഷം അധിക വിഹിതം അനുവദിക്കാൻ സാധിച്ചിട്ടില്ല.

## 2008-2009-ലെ മൂന്നാമത് റിപ്പോർട്ട്

### കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്

2851-00-105-99(09)(പ്ലാൻ)—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്-ഭരണപരമായ ചെലവുകൾ-സഹായധനം

ശുപാർശ

ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾക്ക് വർക്ക് ഷെഡ് നിർമ്മാണം, ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പശ്ചാത്തലവികസനം, ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം, തേനീച്ച വ്യവസായ ത്തിന്റെ വികസനം, നെയ്ത്തുമേഖലയെ ശക്തിപ്പെടുത്തൽ എന്നിവയ്ക്കാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 215.50 ലക്ഷം രൂപ കൂടി അധികമായി ഈ സാമ്പത്തിക വർഷം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2008-09 ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

2851-00-105-87-(പ്ലാൻ)—ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും.

ശുപാർശ

ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും, ഗോഡൗണുകൾ നവീകരിക്കുന്നതിനുമായി 2008-09 വർഷത്തേക്ക് 100 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2008-09-ലെ ബഡ്ജറ്റ് വിഹിത തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 65 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2851-00-105-86-(പ്ലാൻ)—മറ്റ് ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം

ശുപാർശ

ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായിട്ടാണ് ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുളളത്. ഇത് തീരെ അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ 25 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2008-09-ലെ ബഡ്ജറ്റ് വിഹിത തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2851-00-110-56-(പ്ലാൻ)-ഖാദി സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം

ശുപാർശ

ഖാദി സഹകരണ സംഘങ്ങളിലെ മിക്ക വ്യവസായ യൂണിറ്റുകളുടെയും പ്രവർത്തനം ഇപ്പോൾ താറുമാറായ രീതിയിലാണെന്നും പഴയ തറികൾ, ചർക്കകൾ, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത തുടങ്ങിയവയാണ് ഈ അവസ്ഥയ്ക്കുള്ള പ്രധാന കാരണങ്ങൾ എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി മനസ്സിലാക്കി. സംസ്ഥാനത്തെ ഇത്തരത്തിലുള്ള ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2008-09-ലെ ബഡ്ജറ്റ് വിഹിത തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 6 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2851-00-105-85-(പ്ലാൻ)—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ശുപാർശ

പതിനൊന്നാം പദ്ധതിക്കാലത്ത് ദുർബല വിഭാഗക്കാരേയും പരമ്പരാഗത തൊഴിലാളികളെയും ലക്ഷ്യം വച്ചുകൊണ്ട് ഓരോ പഞ്ചായത്തിലും പ്രതിവർഷം 10 ഖാദി വ്യവസായ യൂണിറ്റുകൾ എന്ന കണക്കിൽ 50,000 ഖാദി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതുവഴി മൊത്തം ഒരു ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് ഖാദി ബോർഡ് പ്രതീക്ഷിക്കുന്നു. ഇതിനാവശ്യമായ സാങ്കേതിക സഹായം, പരിശീലനം, വിപണി സഹായം എന്നിവ ഖാദി ഗ്രാമവ്യവസായ ബോർഡ് നൽകുന്നതാണ്. വളരെയധികം തൊഴിൽ സാദ്ധ്യതയുള്ള ഈ പദ്ധതിക്ക് വേണ്ടി 75 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2008-09-ലെ ബഡ്ജറ്റ് വിഹിത തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

4851-00-200-99(09)(പ്ലാൻ)—പ്രവർത്തനം നിലച്ച ഗ്രാമവ്യവസായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം

ശുപാർശ

പീഡിത/പ്രവർത്തനരഹിതമായ ഗ്രാമീണ വ്യവസായ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റ് അനുവദിക്കുന്നതിനായി 65 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2008-09-ലെ ബഡ്ജറ്റ് വിഹിത തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

2851-00-105-99(09)(നോൺ പ്ലാൻ)

ശുപാർശ

പദ്ധതിയിതര ഭരണപരമായ ചെലവുകൾക്കുവേണ്ടി 1200 ലക്ഷം രൂപ അപര്യാപ്തമാണെന്നും അതിനാൽ 2008-09-ലെ ആവശ്യത്തിലേക്ക് 750 ലക്ഷം രൂപയും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ ഏകദേശം 1/4 ആയ 553 ലക്ഷം രൂപയും കൂടി ആകെ 1303 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2008-09-ലെ ബഡ്ജറ്റ് വിഹിത തുക നൽകുവാൻ സാധിച്ചില്ല.

2851-00-195-99—സെറികൾച്ചർ

ശുപാർശ

സെറിഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സിൽക്ക് ബോർഡ് എന്നാക്കി മാറ്റുക എന്നൊരു നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും ഇന്നത്തെ നിലയിൽ സെറിഫെഡിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ വ്യവസായ വകുപ്പിനെക്കാൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുമെന്നും അതുകൊണ്ട് ഇതിനെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭാഗമാക്കി മാറ്റണമെന്നും അവരുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മൾബറി കൃഷി നടത്താനും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ സെറികൾച്ചർ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ജി.ഒ.(എം.എസ്.) നമ്പർ 58/2010/ഐ.ഡി., തീയതി 15-3-2010 പ്രകാരം സെറിഫെഡ് ലിക്വിഡേറ്റ് ചെയ്യുകയും അതിന്റെ ആസ്തികൾ സ്റ്റാഫ് സഹിതം ചില വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ വകുപ്പിനും, റൂറൽ ഡെവലപ്മെന്റ് വകുപ്പിനും, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിനും കൈമാറുകയും ചെയ്തിട്ടുണ്ട്.

**കെൽപാം**

2851-00-105-84—(പ്ലാൻ)

6851-00-190-87—(പ്ലാൻ)

<u>ശുപാർശ</u>

കെൽപാമിന്റെ ആലത്തൂരിൽ പൂട്ടിക്കിടക്കുന്ന ഒരു യൂണിറ്റ് പ്രവർത്തന ക്ഷമമാക്കാനും 2008-09-ൽ വിഭാവനം ചെയ്യുന്ന വിവിധ പദ്ധതികൾക്കുമായി 2 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2008-09-ലെ ബഡ്ജറ്റ് വിഹിത തുക നൽകുവാൻ സാധിച്ചില്ല.

**കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ**

2851-00-190-94—<u>കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനുള്ള ഗ്രാന്റ്</u>

250 കെ.വി.എ. കപ്പാസിറ്റിയുള്ള ജനറേറ്റർ, ഓട്ടോ മാറ്റിക്ക് ചെയിൻ ഡ്രൈവ് കട്ടിംഗ് യന്ത്രം, ഡസ്റ്റ് കളക്ഷൻ സിസ്റ്റം, ഫാക്ടറി കെട്ടിടം, ചുറ്റുമതിൽ നിർമ്മാണം, ഓഫീസ് ഓട്ടോമേഷൻ, ഇൻസെന്റീവ് എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 210 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തിക വർഷത്തിൽ 15,00,000 രൂപ 250 കെ.വി.എ. ജനറേറ്റർ വാങ്ങാൻ വേണ്ടി 4851-00-104-99 എന്ന ശീർഷകത്തിൽ അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക ടി ആവശ്യത്തിനുവേണ്ടിതന്നെ ഉപയോഗിച്ചു.

<u>ശുപാർശ</u>

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരിക്കുന്ന സംസ്ഥാനത്തെ ഈറ്റ, മുള വ്യവസായത്തിന്റെ സമഗ്രമായ വികസനത്തിന് ഉപയുക്തമായ പദ്ധതികൾ കേന്ദ്ര

സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്നതിന് 7 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽതന്നെ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

26-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1070/2010/വ്യവ. പ്രകാരം 7,00,00,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗ്രീൻ ഫീൽഡ് ഹൈടെക് ബാംബൂ ഫ്ളോറിംഗ് ടൈൽ പ്രോജക്ടിനുവേണ്ടി ചെലവഴിച്ചു.

## 2009-2010-ലെ നാലാമത് റിപ്പോർട്ട്

2851-00-105-99(09)(പ്ലാൻ)—കേരള ഖാദി ഗ്രാമവ്യവസായം-കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ -സഹായധനം

ശുപാർശ

ഖാദി വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങളുടെ വർക്ക്ഷെഡ് നിർമ്മാണം, ഖാദി വകുപ്പിലെ ഗ്രാമവ്യവസായ യൂണിറ്റുകളുടെ പശ്ചാത്തല വികസനം, ഖാദി വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, വിവരം നൽകലും പ്രചരണവും പരിശീലനവും, ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം, തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കൽ, സിൽക്ക് ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ ഉൾപ്പെടെ നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉത്പാദന പ്രോത്സാഹനം കൊടുത്തുകൊണ്ട് നെയ്ത്തുമേഖല ശക്തിപ്പെടുത്തൽ എന്നീ പദ്ധതികൾക്കാണ് ആകെ 3 കോടി 15 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതികൾക്കുള്ള ശുപാർശകൾ താഴെപ്പറയും പ്രകാരമാണ്.

(ഖണ്ഡിക 7)

**വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങൾക്കുള്ള വർക്ക് ഷെഡുകൾ നിർമ്മിക്കൽ**

ശുപാർശ

2009-10 വർഷത്തേക്ക് നൂൽപ്പിനും നെയ്ത്തിനുമായി ഖാദി ഉത്പാദന കേന്ദ്രങ്ങൾക്ക് വർക്ക്ഷെഡ് നിർമ്മിക്കുന്നതിനുവേണ്ടി 2 കോടി 60 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 2 കോടി 10 ലക്ഷം രൂപകൂടി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ഖാദി വകുപ്പിലെ ഗ്രാമവ്യവസായ യൂണിറ്റുകളുടെ പശ്ചാത്തല വികസനം**

ശുപാർശ

ഖാദി വകുപ്പിലെ ഗ്രാമവ്യവസായ യൂണിറ്റുകളുടെ പശ്ചാത്തല വികസനത്തിലേക്കായി 40 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 30 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 10 ലക്ഷം രൂപകൂടി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

**വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം**

ശുപാർശ

ചർക്കകളുടെ റിപ്പയറിംഗ്, ചർക്കകൾ മാറ്റി സ്ഥാപിക്കൽ, ഖാദി ഉൽപാദന കേന്ദ്രങ്ങൾ നന്നാക്കൽ, ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, തറികൾ നന്നാക്കൽ, സ്പെയർ പാർട്ട്സുകൾ വാങ്ങൽ, തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. പ്രസ്തുത പരിപാടികൾക്കായി 404 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 80 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 3 കോടി 24 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**വിവരം നൽകലും പ്രചരണവും പരിശീലനവും**

ശുപാർശ

ഖാദി ഗ്രാമവ്യവസായങ്ങളുടെ പ്രചരണത്തിനുവേണ്ടി ചർച്ചകൾ സംഘടിപ്പിക്കുക, മാസികകളുടെ പ്രസിദ്ധീകരണം (ഗ്രാമ ദീപം), ലഘുലേഖകൾ, ഫിലിംസ്, ടെലിവിഷൻ എന്നിവവഴി ഖാദി ഉൽപ്പന്നങ്ങളുടെ പരസ്യവും പ്രചരണവും നടത്തുക, നെയ്ത്തിലെ ആധുനിക സാങ്കേതിക വിദ്യയെക്കുറിച്ച് ഖാദി ഗ്രാമവ്യവസായ മേഖലയിലെ വിദഗ്ദ്ധർക്കും മറ്റ് ഗ്രാമവ്യവസായ പദ്ധതികളിൽ ബോർഡ് ജീവനക്കാർക്കും പരിശീലനം നൽകൽ എന്നിവയ്ക്കുവേണ്ടി 1 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 5 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 95 ലക്ഷം രൂപകൂടി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം**

<u>ശുപാർശ</u>

ഖാദി ബോർഡിന്റെ എല്ലാ സെക്ഷനുകളും ബോർഡിന്റെ 14 ജില്ലാ ഓഫീസുകളും പയ്യന്നൂർ ഖാദി കേന്ദ്രവും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി 30 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 10 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിനാൽ 20 ലക്ഷം രൂപകൂടി അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**തേനീച്ച വ്യവസായത്തിന്റെ വികസനം**

<u>ശുപാർശ</u>

തേനീച്ച വളർത്തുന്ന കർഷകർക്ക് അധികവരുമാനം ഉണ്ടാക്കുന്നതിനും ഗുണമേന്മയുള്ള തേൻ ഉൽപ്പാദിപ്പിക്കുന്നതിനുമായി കേരളത്തിലൊട്ടാകെ ഇത്തരത്തിലുള്ള സംരംഭകർക്ക് തേനിച്ചക്കോളനികൾ, കുറഞ്ഞ നിരക്കിൽ തേനീച്ച പെട്ടികൾ, വൻതോതിലുള്ള പരിശീലന പരിപാടികൾ എന്നിവ നൽകുന്നതിനുമായി 30 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 10 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ബാക്കി തുകയായ 20 ലക്ഷം രൂപകൂടി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 6 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**സിൽക്ക് ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ ഉൾപ്പെടെ നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉൽപ്പാദന പ്രോത്സാഹനം കൊടുത്തുകൊണ്ട് നെയ്ത്തുമേഖല ശക്തിപ്പെടുത്തൽ**

ശുപാർശ

ബോർഡിന്റെ അധീനതയിലുള്ള നൂൽപ്പ് കേന്ദ്രങ്ങളിലെ ഖാദി നൂൽ ഉപയോഗിച്ച് നെയ്ത്ത് മേഖല ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇതിന് വേണ്ടി 3 കോടി 40 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 1 കോടി 30 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 2 കോടി 10 ലക്ഷം രൂപകൂടി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 280 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2851-00-105-87 (പ്ലാൻ)—ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ശുപാർശ

2009-10 വർഷത്തേക്ക് 1 കോടി 50 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ബാക്കി തുകയായ 1 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 65 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2851-00-105-86-(പ്ലാൻ)—മറ്റ് ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം

ശുപാർശ

മറ്റ് സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 50 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 25 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. ബാക്കി തുകയായ 25 ലക്ഷം രൂപകൂടി നടപ്പ് സാമ്പത്തിക വർഷം വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2851-00-110-56—ഖാദി സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം

ഖാദി സഹകരണ സംഘങ്ങളിലെ മിക്ക വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനവും പഴയ തറികൾ, ചർക്കകൾ, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത തുടങ്ങിയ കാരണങ്ങളാൽ താറുമാറായ രീതിയിലാണ്. 2009-10 വർഷത്തേക്ക് 50 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതിനാൽ ബാക്കി തുകയായ 30 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 6 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2851-00-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ശുപാർശ

പതിനൊന്നാം പദ്ധതിക്കാലത്ത് സമൂഹത്തിലെ ദുർബല വിഭാഗക്കാരെയും പരമ്പരാഗത തൊഴിലാളികളെയും ലക്ഷ്യംവച്ചുകൊണ്ട് ഓരോ ഗ്രാമപഞ്ചായത്തിലും പ്രതിവർഷം 10 ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ എന്ന കണക്കിന് സ്ഥാപിക്കുന്നതിനായി ഖാദി ബോർഡ് ഉദ്ദേശിക്കുന്നു. പ്രസ്തുത ആവശ്യത്തിലേക്കായി 1 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. അതിനാൽ 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2851-00-105-82—ഖാദി ആർട്ടിസാൻസിന് ആധുനിക സൗകര്യങ്ങൾ പ്രദാനം ചെയ്യൽ

ശുപാർശ

ഖാദി തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുവാനായി ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2009-10

സാമ്പത്തികവർഷം 25 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതിനാൽ 5 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2851-00-105-81—കൊല്ലം കാവനാട് ഗ്രാമീണ എണ്ണശാല സ്ഥാപിക്കൽ

ശുപാർശ

ഖാദി ബോർഡ് 2009-10 സാമ്പത്തികവർഷം കൊല്ലത്തുള്ള കാവനാട് ഒരു പുതിയ ഗ്രാമീണ എണ്ണ നിർമ്മാണശാല സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. 60 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ഈ പദ്ധതിക്കുവേണ്ടി ബാക്കി തുകയായ 10 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

2851-00-105-83—പയ്യന്നൂരിൽ സുവർണ്ണ ജൂബിലി കെട്ടിടം സ്ഥാപിക്കൽ

ശുപാർശ

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് പയ്യന്നൂരിൽ കെട്ടിടം പണിയുന്നതിന് 1 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ 2009-10-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈയിനത്തിൽ 50 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും തുകയൊന്നും തന്നെ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ഹെഡിൽ 1 കോടി രൂപ അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

2010 മാർച്ച് മാസത്തെ ഉപധനാഭ്യർത്ഥനയിലൂടെ 50 ലക്ഷം രൂപ ഈ ഇനത്തിൽ 2851-00-105-80 എന്ന ശീർഷകത്തിൽ വകയിരുത്തുകയുണ്ടായി.

## റെഡിമെയ്ഡ് വാർപ്പ് യൂണിറ്റ്

### ശുപാർശ

2009-10 സാമ്പത്തിക വർഷം ഒരു റെഡിമെയ്ഡ് വാർപ്പ് യൂണിറ്റ് ആരംഭിക്കുന്നതിനായി 30 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചെങ്കിലും ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഇതിലേക്കായി 30 ലക്ഷം രൂപ അനുവദിച്ചു നൽകാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

### സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

4851-00-200-99(പ്ലാൻ)—പ്രവർത്തനം നിലച്ച ഗ്രാമവ്യവസായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം

### ശുപാർശ

പ്രവർത്തനരഹിതമായ ഗ്രാമീണ വ്യവസായ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 50 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചെങ്കിലും ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ 50 ലക്ഷം രൂപ അനുവദിച്ചു നൽകാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

### സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

### ശുപാർശ

ഖാദി മേഖലയിൽ ഒരു ക്വാളിറ്റി ടെസ്റ്റിംഗ് ആന്റ് ഡിസൈനിംഗ് യൂണിറ്റ് സ്ഥാപിക്കാൻ 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

### സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

2851-00-105-99(09) (നോൺ പ്ലാൻ)—<u>ഭരണപരമായ ചെലവുകൾ</u>

<u>ശുപാർശ</u>

ജീവനക്കാരുടെ ശമ്പളം, പെൻഷൻ, യാത്രാപ്പടി,കണ്ടിജൻസി തുടങ്ങിയ ഭരണപരമായ ചെലവുകൾക്കുവേണ്ടി 13 കോടി 80 ലക്ഷം രൂപ അപര്യാപ്തമാണെന്നും അതിനാൽ നടപ്പുസാമ്പത്തികവർഷം 5 കോടി 20 ലക്ഷം രൂപയും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ ഏകദേശം 1/4 ആയ 4 കോടി 58 ലക്ഷം രൂപയും കൂടി ചേർത്ത് ആകെ 9 കോടി 78 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി 2851-00-105-99(09) എന്ന ശീർഷകത്തിൽ 2 കോടി രൂപ 2010 മാർച്ച് മാസത്തെ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

ഖാദി ബോർഡിന് പയ്യന്നൂരിൽ ഒരു സ്ലൈവർ സെന്ററുണ്ട്. പഞ്ഞിയുടെ വില വർദ്ധിച്ച സാഹചര്യത്തിൽ പഞ്ഞിക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

ഖാദി ബോർഡിന് പയ്യന്നൂരിലുള്ള സ്ലൈവർ സെന്ററിൽ ഉപയോഗിക്കുന്ന പഞ്ഞിയുടെ വില വർദ്ധിച്ച സാഹചര്യത്തിൽ പഞ്ഞിക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

**<u>ഗ്രാമവ്യവസായങ്ങൾക്കുള്ള പലിശയിളവ്</u>**

<u>ശുപാർശ</u>

1990-91 മുതൽ സംസ്ഥാന സർക്കാർ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിലൂടെ നടപ്പാക്കിവരുന്ന ഈ പദ്ധതിയിലൂടെ വ്യവസായ സംരംഭകർക്ക് അവസാനമായി കൊടുത്തുതീർക്കുവാനുള്ള 70 ലക്ഷം രൂപ സർക്കാരിൽ നിന്ന് തുക അനുവദിക്കാതെ ബോർഡിന് നൽകാൻ വേറെ ഫണ്ടില്ലാത്തതിനാൽ പലിശ സബ്സിഡി ഇനത്തിൽ ബാക്കി കൊടുത്തുതീർക്കാനുള്ള 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിതം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

2851-00-105-84—<u>കേരള സംസ്ഥാന പന ഉൽപ്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ</u>

**<u>സമഗ്ര തൊഴിലാളി ക്ഷേമ പദ്ധതി</u>**

<u>ശുപാർശ</u>

2008-09 വർഷത്തിൽ ഏകദേശം 5000 തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് ഐഡന്റിറ്റി കാർഡുകൾ തയ്യാറാക്കുകയും എൽ.ഐ.സി.-യുമായി ചേർന്ന് ജനശ്രീ ഭീമയോജന പദ്ധതിയിൽ 1500 പേരെ അംഗമാക്കുകയും അവരുടെ ഹൈസ്കൂൾ, ഹയർ സെക്കന്ററി തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്തു. 2009-10 വർഷത്തിൽ ഏതാണ്ട് 5000 പേരെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാക്കാൻ ലക്ഷ്യമിട്ടിരിക്കുകയാണ്. കരിമ്പന മേഖലയിലെ 80% ലേറെ കുടുംബങ്ങളും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വരായതിനാൽ അവരുടെ പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് കെൽപാം പദ്ധതികൾ തയ്യാറാക്കിവരുന്നു. ഇവ നടപ്പിലാക്കുവാൻ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിത തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**<u>കരിമ്പന പ്രോത്സാഹനവും സാമൂഹ്യവനവൽക്കരണവും</u>**

<u>ശുപാർശ</u>

കരിമ്പന കൃഷി സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി പ്രോത്സാഹിപ്പി ക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്കായി ഏതാണ്ട് രണ്ട് ലക്ഷത്തോളം വിത്തുകൾ 2009-10 വർഷത്തിൽ ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അതിന്റെ നഴ്സറികൾ തയ്യാറാക്കി കരിമ്പന തൈകൾ ആവശ്യമുള്ള ഏജൻസി കൾക്കും സൊസൈറ്റികൾക്കും വ്യക്തികൾക്കും ലഭ്യമാക്കേണ്ടതുണ്ട്. ആയതിലേക്ക് 30 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിത തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

**പനയോല കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പരിശീലനവും**

ശുപാർശ

കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുവാനും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്താനും കെൽപാം ലക്ഷ്യമിടുന്നു. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ഒരു പനയോല ഗോഡൗൺ കൊറ്റാമത്ത് സ്ഥാപിക്കുവാനും പദ്ധതിയുണ്ട്. ഇതിനായി 35 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിത തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

ശുപാർശ

**കുറഞ്ഞ പലിശ നിരക്കിലുളള എൻ.ബി.സി.എഫ്.ഡി.സി.-യുടെ വായ്പ പദ്ധതി**

പരമ്പരാഗത കരിമ്പന വ്യവസായ മേഖലയിലും അനുബന്ധ തൊഴിൽ മേഖലയിലും പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും അവരുടെ കുടുംബാംഗ ങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും എൻ.ബി.സി.എഫ്.ഡി.സി. യുടെ കുറഞ്ഞ പലിശ നിരക്കിലുളള വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് 2009-2010 വർഷത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2009-10-ലെ ബഡ്ജറ്റ് വിഹിത തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

**കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്**

4851-00-104-99

2851-00-104-81

ശുപാർശ

ഫാക്ടറി കെട്ടിട നിർമ്മാണത്തിന് 50 ലക്ഷം രൂപ, പുതിയ ബോയിലറും ചിമ്മിണിയും വാങ്ങുന്നതിന് 68 ലക്ഷം രൂപ, ഡ്രൈയർ വാങ്ങുന്നതിന് 55 ലക്ഷം രൂപ, ബാംബൂ പ്രോസസ്സിംഗ് യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് 1 കോടി 75 ലക്ഷം രൂപ, കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകളുടെ പുനരുദ്ധാരണത്തിന് 1 കോടി രൂപ, അസംസ്കൃത വസ്തുക്കൾ ട്രാൻസ്പോർട്ട് ചെയ്യുവാനുളള ധനസഹായമായി 70 ലക്ഷം രൂപ, ഈറ്റ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഇൻസെന്റീവായി 2 കോടി രൂപ എന്നിങ്ങനെ ആകെ 7 കോടി 18 ലക്ഷം രൂപ ബാംബൂ കോർപ്പറേഷന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

<u>സ്വീകരിച്ച നടപടി</u>

4851-00-104-99 എന്ന ശീർഷകത്തിൽ നിന്നും 50,00,000 രൂപ ബോയിലർ ചിമ്മിണി, മാറ്റ് വീവിംഗ് സെന്ററുകളുടെ നവീകരണം എന്നിവയ്ക്കായി അനുവദിച്ചു. 6851-00-190-98 (പി) എന്ന ശീർഷകത്തിൽ നിന്നും 94,00,000 രൂപ മുള തൊഴിലാളികൾക്ക് ബോണസ്/ഇൻസെന്റീവ് എന്നിവ നൽകുന്നതിനായി ലോണായി അനുവദിച്ചു.

6851-00-190-98(പി) എന്ന ശീർഷകത്തിൽ നിന്നും 2,00,00,000 രൂപ 20 മെക്കനൈസ്ഡ് കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകൾക്കും മാറ്റ് വീവിംഗ് മെഷീൻസും സ്ഥാപിക്കുന്നതിനുംവേണ്ടി ബാംബൂ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് സ്കീമിനു കീഴിൽ അനുവദിച്ചു.

സബ്ജക്ട് കമ്മിറ്റി 2851-00-104-81 എന്ന ഹെഡ്ഡിൽ ബഡ്ജറ്റ് വിഹിതമായി 1 കോടി രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ബഡ്ജറ്റ് അലോക്കേഷനിൽ ഈ ഹെഡ്ഡിൽ 1 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്.

## 2010-11-ലെ അഞ്ചാമത് റിപ്പോർട്ട്

### സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്, ഫറോക്ക്, കോഴിക്കോട്

<u>ശുപാർശ</u>

കമ്പനിയുടെ പ്രവർത്തന മൂലധനത്തിന്റെ കുറവുകൊണ്ട് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കി പൂർണ്ണതോതിലുള്ള ഉത്പാദനം നടത്തുന്നതിന് കഴിയുന്നില്ല എന്നും നഷ്ടം കൂടാതെ പ്രവർത്തിക്കാൻ പ്രതിമാസം 2000 ടൺ ഉരുക്ക് ഉത്പാദിപ്പിക്കുന്നതിന് കുറഞ്ഞത് 3000 ടൺ സ്ക്രാപ്പ് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യേണ്ടതാണെന്നും മനസ്സിലാക്കിയ സമിതി ഇതിനായി കമ്പനിക്ക് 5 കോടി രൂപ പ്രവർത്തന മൂലധനമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

<u>സ്വീകരിച്ച നടപടി</u>

16-7-2010-ലെ സ.ഉ(എംഎസ്.) നമ്പർ 154/10/വ്യവ. ഉത്തരവ് പ്രകാരം സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിന് പ്രവർത്തന മൂലധനമായി 2.90 കോടി രൂപ അനുവദിച്ചിരുന്നു.

### കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

<u>ശുപാർശ</u>

2010-11 വർഷം 12 കോടി 50 ലക്ഷം രൂപ കൺസോർഷ്യം ബാങ്കുകളുമായുള്ള ഒറ്റത്തവണ തീർപ്പാക്കലിനു വേണ്ടിയും 76.50 ലക്ഷം രൂപ കേരള സിറാമിക്സ് ലിമിറ്റഡിൽ നിന്നും പുനർവിന്യസിപ്പിച്ച തൊഴിലാളികളുടെ ടെർമിനൽ ബെനിഫിറ്റ്സിനും വേണ്ടി ആകെ 13 കോടി 26 ലക്ഷം രൂപയും സബ്സിഡിയറി കമ്പനിയായ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്

(കെ.സി.സി.എൽ.)-ന്റെ നവീകരണത്തിനും വികസനത്തിനുമായി 5 കോടി രൂപയും മറ്റൊരു സബ്സിഡിയറി കമ്പനിയായ കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിന്റെ നിലവിലുളള പ്രവർത്തന മൂലധനമായ 65 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 1.01 കോടി രൂപയുടെ അധിക പ്രവർത്തന മൂലധനവും ചേർത്ത് കെ.എസ്.ഇ.ഡി.സി-ക്ക് 19.27 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് കൺസോർഷ്യം ബാങ്കുകളുമായി ഒറ്റത്തവണ തീർപ്പാക്കൽ നടപ്പിലാക്കുന്നതിന്റെ അവസാന ഗഡുവായി 12.50 കോടി രൂപ 21-6-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 128/10/ഐ.ഡി. പ്രകാരം നൽകിയിട്ടുണ്ട്.

## 2011-12-ലെ ഒന്നാമത് റിപ്പോർട്ട്

4851-00-102-96—പുതിയ വ്യവസായ എസ്റ്റേറ്റുകളുടെ സ്ഥലമെടുപ്പ്

ശുപാർശ

നിലവിലുളള ഡെവലപ്മെന്റ് പ്ലോട്ടുകളിലെ ഏറ്റെടുത്ത ജോലികൾ പൂർത്തീകരിക്കുക, മറ്റ് പൊതു സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വൈദ്യുതി, ജലം എന്നീ സൗകര്യങ്ങൾ ഉൾപ്പെടെയുളള ഭൂമി വികസനത്തിനായി 2011-12 വർഷം 4 കോടി രൂപ ആവശ്യമായിരുന്നെങ്കിലും 85 ലക്ഷം രൂപ മാത്രമാണ് വകയിരുത്തി യിരിക്കുന്നത്. ബാക്കി തുകയായ 3 കോടി 15 ലക്ഷം രൂപകൂടി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

പുതിയ വ്യവസായ എസ്റ്റേറ്റുകളുടെ സ്ഥലമെടുപ്പ് സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും സ്ഥലമെടുപ്പിൽക്കൂടി മൂലധന നിക്ഷേപം നടത്തുന്നതിന് പ്ലാനിംഗ് ബോർഡിന്റെ അനുവാദം ലഭിക്കാത്തതിനാൽ ഇതു സംബന്ധിച്ച് വ്യവസായ വാണിജ്യ ഡയറക്ടർ പ്രത്യേക ശുപാർശ സമർപ്പിച്ചിട്ടില്ല.

4851-00-101-91—മുന്തിയ വ്യവസായ എസ്റ്റേറ്റ് നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യവികസനം

ശുപാർശ

കഞ്ചിക്കോട്, ഷൊർണ്ണൂർ, കോട്ടയ്ക്കൽ എന്നിവിടങ്ങളിലെ 3 പ്രൊപ്പോസലു കൾക്കായി 19 കോടി രൂപ ആവശ്യമുണ്ടെങ്കിലും 15 കോടി രൂപയാണ് വകയിരുത്തി യിരിക്കുന്നത്. 4 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

പുതുശ്ശേരി, ഷൊർണ്ണൂർ എന്നിവിടങ്ങളിലേക്ക് 15 കോടി രൂപയും കോട്ടയ്ക്കലിലേക്ക് 4 കോടി രൂപയുമാണ് ആവശ്യപ്പെട്ടത്. ഇതിൽ പുതുശ്ശേരി, ഷൊർണ്ണൂരിന് 15 കോടി രൂപ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി അനുവദിക്കുകയുണ്ടായി. കോട്ടയ്ക്കലിലേക്ക് 2011-12 സാമ്പത്തിക വർഷത്തേക്ക് പുതിയ പ്രൊപ്പോസൽ വ്യവസായ വാണിജ്യ ഡയറക്ടർ സമർപ്പിച്ചില്ല. 2012-13 സാമ്പത്തിക വർഷം ഇതിനുള്ള നിർദ്ദേശം സമർപ്പിക്കുകയും 21-6-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 918/12/വ്യവ. ഉത്തരവ് പ്രകാരം 4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്**

ശുപാർശ

സ്ഥാപനം നേരിടുന്ന പ്രതികൂല സാഹചര്യം അതിജീവിക്കുന്നതിനായി ഉയർന്ന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രോജക്ടുകളായ ബി.എസ്.3 ഗുണനിലവാരത്തോടുകൂടിയ ഫുൾ ബോഡിയിൽ തീർത്ത റിയർ എഞ്ചിൻ ഡീസൽ ആട്ടോറിക്ഷയുടെ പ്രോജക്ട്, പെട്രോൾ/ഗ്യാസ് എൻജിനും ഡീസൽ എഞ്ചിനും ഘടിപ്പിക്കാൻ കഴിയുന്ന പൊതുവായ ഒരു Chassis നിർമ്മിക്കുന്നതിനായുള്ള പ്രോജക്ട് എന്നിവ അംഗീകരിച്ച് ആയതിലേക്കായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

ഈ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്.

**സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്**

ശുപാർശ

കമ്പനിയുടെ ഒറ്റപ്പാലത്തെ ഫൗണ്ടറി യൂണിറ്റിന്റെ നവീകരണത്തിനുവേണ്ടി 2010-11 സാമ്പത്തിക വർഷം 5 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നു. അതിൽ ഒന്നാം ഘട്ടമായി അനുവദിച്ച 2 കോടി 80 ലക്ഷം രൂപ ഉപയോഗിച്ച് ഫൗണ്ടറി യൂണിറ്റിന്റെ പുനരുദ്ധാരണ ജോലികൾ നടന്നുവന്നിരുന്നു. അതിന്റെ പൂർത്തീകരണത്തിന് ബാക്കി തുകയായ 2 കോടി 20 ലക്ഷം രൂപ സഹായധനമായി (ഗ്രാന്റ്) നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

ഒറ്റപ്പാലം ഫൗണ്ടറി യൂണിറ്റിന് 1.76 കോടി രൂപ ലോണായി അനുവദിക്കുവാൻ 23-6-2012-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം ആയിട്ടുണ്ട്.

<u>സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്</u>

<u>ശുപാർശ</u>

റ്റി.എം.റ്റി റോളിംഗ് മില്ലിനും ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കും വളരെ അത്യാവശ്യമായിട്ടുള്ള മെയിന്റനൻസിനും കൂടി സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിന് 21 കോടി 50 ലക്ഷത്തി 50 നായിരം രൂപ സർക്കാർ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സ്വീകരിച്ച നടപടി</u>

റോളിംഗ് മിൽ സ്ഥാപിക്കുന്നതിന് തുക അനുവദിക്കുന്നത് സർക്കാർ പരിഗണിച്ച് വരുന്നു.

**ആട്ടോകാസ്റ്റ് ലിമിറ്റഡ്**

<u>ശുപാർശ</u>

ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ പുതിയ ഉൽപ്പാദന യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിനും നിലവിലുള്ള ഉൽപ്പാദന പ്രക്രിയയിലെ സാരമായ തടസ്സങ്ങൾ നീക്കുന്നതിനും വേണ്ടി അടിയന്തരമായി ലഭ്യമാക്കേണ്ട ഉപകരണങ്ങൾക്കായി 1 കോടി 69 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

കമ്പനിക്ക് നിലവിൽ 2 കോടി 45 ലക്ഷം രൂപയുടെ കടബാദ്ധ്യത അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങിയ ഇനത്തിൽ ഉള്ളതിനാൽ ഭാവി പ്രവർത്തന ത്തിനായി വിഭവ സമാഹരണം ദുർവഹമാണ്. ആയതിനാൽ ഉൽപ്പാദന ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ 3 കോടി 53 ലക്ഷത്തി 83 ആയിരം രൂപ പ്രവർത്തന മൂലധനമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

8-3-2012-ലെ സർക്കാർ ഉത്തരവ് (സാധാ) 393/12/വ്യവ. നമ്പർ ഉത്തരവ് പ്രകാരം 155 ലക്ഷം രൂപ സാന്റ് റിക്ലമേഷൻ പ്ലാന്റ് സ്ഥാപിക്കുവാൻ അനുവദി ച്ചിട്ടുണ്ട്.

(ഖണ്ഡിക 55, 56)

**സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്**

<u>ശുപാർശ</u>

കാലപ്പഴക്കംമൂലം നിലവിലുള്ള ഹാമ്മറിന്റെ ഉൽപ്പാദനശേഷി പ്രതികൂലമായി ബാധിക്കുന്നതിനാൽ പുതിയ ഹാമ്മർ വാങ്ങുവാനുള്ള ആഗോള ടെൻഡർ കമ്പനി

വിളിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കാവശ്യമായ മുതൽമുടക്ക് ഏകദേശം 16 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ ധനസമാഹരണത്തിന് കമ്പനി 4 കോടി രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പയായും ബാക്കി 12 കോടി രൂപ സർക്കാരിന്റെ മൂലധന നിക്ഷേപമായും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ 12 കോടി രൂപ മൂലധന നിക്ഷേപമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

പുതിയ ഹാമ്മർ വാങ്ങുന്നതിന് തുക അനുവദിക്കുന്നത് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്.

## 2012-13-ലെ രണ്ടാമത് റിപ്പോർട്ട്

## വ്യവസായ വാണിജ്യ വകുപ്പ്

2851-00-101-91—വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്ഥലം ഏറ്റെടുക്കൽ

ശുപാർശ

വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പഞ്ചായത്തുകളുടെ സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിക്ക് 2 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ ഈ പദ്ധതിയ്ക്കായി 2012-13 സാമ്പത്തിക വർഷം 8 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

2851-00-001-93—ശേഷി വികസനവും വ്യവസായ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കലും

ശുപാർശ

സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ ഉത്പന്നങ്ങളുടെ ഗുണനിലവാരം മാനകീകരണത്തിലൂടെ മെച്ചപ്പെടുത്താൻ വ്യവസായ സംരംഭങ്ങളുടെ വികസനം, സംരംഭകർക്കുള്ള സഹായപരിപാടി, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, താലൂക്ക് വ്യവസായ ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കായി 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ 3 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

2851-00-800-95—വാണിജ്യവികസനം

ശുപാർശ

വാണിജ്യ മേഖലയുടെ ഭാവി വികസനത്തിന് ദേശീയ-അന്തർദേശീയ സമ്മേളനങ്ങൾ, സെമിനാറുകൾ, പഠനങ്ങൾ എന്നിവ നടത്തേണ്ടതുണ്ട്. ഇതിനായി 3 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 75 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ 2.25 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

2851-00-102-85—സെൻസസ് ന്യൂക്ലിയസ് സെൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി)

ശുപാർശ

100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ ന്യൂക്ലിയസ് സെല്ലിനുവേണ്ടി 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 40 ലക്ഷം രൂപയിലധികം തുക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി ചെലവാകുന്നതാണ്. ബാക്കി തുകയേ കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പദ്ധതികൾക്ക് വിനിയോഗിക്കാനാകൂ. ഈ പദ്ധതിയിലൂടെ ചെലവഴിക്കുന്ന തുക മുഴുവൻ കേന്ദ്ര സർക്കാർ നൽകുന്നതാണ്. ആയതിനാൽ അനുവദിച്ചിരിക്കുന്ന തുകയുടെ അപര്യാപ്തത പരിഗണിച്ച് 20 ലക്ഷം രൂപകൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

ശുപാർശ

100% കേന്ദ്രാവിഷ്ക്കൃത പദ്ധതികൾക്ക് ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെടുന്ന പ്രകാരമുള്ള തുക മൊത്തം അനുവദിക്കുന്നതിന് നടപടി ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത തുക ലഭിച്ചിട്ടില്ല.

(ഖണ്ഡിക 1-5)

**സിഡ്കോ**

4851-00-102-93— സിഡ്കോയ്ക്കും ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും കീഴിൽവരുന്ന റോഡുകളുടെ അറ്റകുറ്റപ്പണി

ശുപാർശ

വ്യവസായ/മിനി വ്യവസായ എസ്റ്റേറ്റുകളിലെ ചെറുകിട വ്യവസായങ്ങളുടെ

സുഗമമായ നടത്തിപ്പിനായി താഴെ ചേർത്തിരിക്കുന്ന പ്രകാരം തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

| | | |
|---|---|---|
| വ്യവസായ എസ്റ്റേറ്റുകളിലെ റോഡ് അറ്റകുറ്റപ്പണികൾ | .. | 77,46,000 രൂപ |
| 36 മിനി വ്യവസായ എസ്റ്റേറ്റുകളിലെ റോഡ് അറ്റകുറ്റപ്പണികൾ. | .. | 5,40,00,000 രൂപ |
| വ്യവസായ എസ്റ്റേറ്റുകളിലെ ചുറ്റുമതിൽ നിർമ്മാണം/ അറ്റകുറ്റപ്പണികൾ. | .. | 52,87,500 രൂപ |
| 36 മിനി വ്യവസായ എസ്റ്റേറ്റുകളിലെ ചുറ്റുമതിൽ നിർമ്മാണം/ അറ്റകുറ്റപ്പണികൾ. | .. | 4,32,00,000 രൂപ |

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2012-13 സബ്ജക്ട് കമ്മിറ്റി IV-ലെ രണ്ടാമത് റിപ്പോർട്ടിലെ 24-ാം ഖണ്ഡികയിലെ ശുപാർശ കഴിഞ്ഞ വർഷം പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല.

## കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)

ശുപാർശ

കെൽ-ന്റെ മാമല യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ പവർ ട്രാൻസ്ഫോമറുകൾ ഉൽപ്പാദിപ്പിക്കുന്നതിന് 12.5 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും തുക അനുവദിച്ചിട്ടില്ല ഈ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

കെൽ-ന്റെ മാമല യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ പവർ ട്രാൻസ്ഫോമറുകൾ ഉൽപ്പാദനം തുടങ്ങുന്നതിന് കമ്പനി സമർപ്പിച്ച 12.50 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുകയും 15-1-2013-ലെ സ.ഉ.(സാധാ) നമ്പർ 66/13/വ്യവ. ഉത്തരവു പ്രകാരം ഭരണാനുമതി നൽകുകയും 15-3-2013-ലെ സ.ഉ.(സാധാ) നമ്പർ 359/13/വ്യവ. ഉത്തരവു പ്രകാരം കമ്പനിക്ക് ആകെ അനുവദിച്ച 8.50 കോടി രൂപയിൽ ഈ ആവശ്യത്തിന് ആദ്യ ഗഡുവായി 4 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ</u>

കമ്പനിയുടെ മാമല യൂണിറ്റിലെ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമർ പ്ലാന്റിന്റെ ആധുനികവൽക്കരണത്തിനായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

ഫണ്ടിന്റെ പരിമിതി കാരണം ശുപാർശ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശുപാർശ</u>

കമ്പനിയുടെ കുണ്ടറ യൂണിറ്റിലെ ഓൾട്ടർനേറ്റർ ഡിവിഷന്റെ ആധുനിക വൽക്കരണത്തിന് 9.5 കോടി രൂപയും ഫൗണ്ടറി ഡിവിഷനിലെ കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 3 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

2012–13 സാമ്പത്തിക വർഷം കുണ്ടറ യൂണിറ്റിന് പ്രവർത്തന മൂലധനമായി 27–3–2013–ലെ സ.ഉ. (സാധാ) നമ്പർ 474/13/വ്യവ. പ്രകാരം 196.60 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

കെൽ എടരിക്കോട് യൂണിറ്റിന്റെ വികസനം ലക്ഷ്യമിട്ട് 'റെസിൻ കാസ്റ്റ്' ട്രാൻസ്ഫോമറുകൾ ഉൽപ്പാദിപ്പിക്കുന്ന ഒരു ഡിവിഷൻ തുടങ്ങുന്നതിന് 8.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

കെൽ എടരിക്കോട് യൂണിറ്റിന്റെ വികസനം ലക്ഷ്യമിട്ട് കാസ്റ്റ് റെസിൻ ട്രാൻസ്ഫോമറുകൾ ഉൽപ്പാദിപ്പിക്കുന്ന ഒരു ഡിവിഷൻ തുടങ്ങാൻ 8.5 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുകയും 15-1-2013–ലെ സ.ഉ.(സാധാ) നമ്പർ 65/13/വ്യവ. ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയും 15-3-2013 ലെ സ.ഉ.(സാധാ) നമ്പർ 359/13/വ്യവ. പ്രകാരം കമ്പനിക്ക് ആകെ അനുവദിച്ച 8.50 കോടി രൂപയിൽ ഈ ആവശ്യത്തിന് ആദ്യ ഗഡുവായി 4.5 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

## കേരള സിറാമിക്സ് ലിമിറ്റഡ്

ശുപാർശ

കേരള സിറാമിക്സ് ലിമിറ്റഡിന്റെ കൊല്ലം കുണ്ടറയിലുള്ള ക്ലേയ്സ് ആന്റ് മിനറൽ ഡിവിഷൻ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ ഡിവിഷന്റെ സുഗമമായ പ്രവർത്തനത്തിനായി കമ്പനി, ക്ലേ നിക്ഷേപമുള്ള സ്ഥലങ്ങൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് മുഖേന കണ്ടെത്തുകയും ആ സ്ഥലം അക്വയർ ചെയ്യുന്നതിനായി 4 കോടി രൂപ സർക്കാരിനോട് ആവശ്യപ്പെട്ടതിൽ 3 കോടി രൂപ 2011-ൽ സർക്കാരിൽ നിന്ന് കമ്പനിയ്ക്ക് ലഭ്യമാകുകയുമുണ്ടായി. എന്നാൽ കുണ്ടറയിൽ ടെക്നോപാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതോടെ സ്ഥലത്തിന്റെ വില ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ 5 കോടി രൂപ കമ്പനിയ്ക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

കേരള സിറാമിക്സ് ലിമിറ്റഡിന്റെ ക്ലേയ്സ് ആന്റ് മിനറൽ ഡിവിഷന്റെ പ്രവർത്തനത്തിനായി സ്ഥലം അക്വയർ ചെയ്യുന്നതിനായി 2011-ൽ കമ്പനിക്ക് 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഇതുവരെ ചെലവഴിച്ചിട്ടില്ല. കൂടാതെ സ്ഥലം അക്വയർ ചെയ്യുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചതിനുശേഷമേ സ്ഥലം അക്വയർ ചെയ്യുവാൻ സാധിക്കുകയുള്ളു. ആയതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തത് പ്രകാരം സ്ഥലം അക്വയർ ചെയ്യുന്നതിനായി 5 കോടി രൂപ അനുവദിക്കുവാൻ സർക്കാരിന് കഴിഞ്ഞില്ല. എന്നാൽ മലബാർ സിമന്റ്സിൽ നിന്നും ബ്രിഡ്ജ് ലോൺ ആയി വാങ്ങിയ 50 ലക്ഷം രൂപ തിരികെ നൽകുവാൻ സർക്കാർ 2012-13-ൽ കമ്പനിക്ക് 50 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ കമ്പനിയുടെ ഉത്പാദന മേഖലയിലുള്ള പ്രവർത്തനങ്ങൾക്കായി സർക്കാർ 2012-13-ൽ കമ്പനിക്ക് 1 കോടി രൂപ നൽകിയിട്ടുണ്ട്.

## ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്

ശുപാർശ

കമ്പനിയ്ക്ക് ഇപ്പോഴുള്ള മോണോപോളാർ പ്ലാന്റിന് പകരം നൂതനവും സാങ്കേതിക മികവ് കൂടുതലുള്ളതുമായ ബൈപോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പുതിയ മുതൽമുടക്കായ 70 കോടി രൂപ സർക്കാർ സഹായധനമായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന് ഇപ്പോഴുള്ള മോണോ പോളാർ പ്ലാന്റിന് പകരം നൂതനവും സാങ്കേതിക മികവ് കൂടുതലുള്ളതുമായ ബൈപോളാർ പ്ലാന്റ്

സ്ഥാപിക്കുന്നത് സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുവാൻ കമ്പനി കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് വിശദമായി പരിശോധിച്ച തിനുശേഷം മാത്രമേ തുക അനുവദിക്കാൻ കഴിയുകയുള്ളു. ആയതിനാൽ സമിതി ശുപാർശ ചെയ്തതുപ്രകാരം കമ്പനിയിൽ ബൈപോളാർ പ്ലാന്റ് സ്ഥാപിക്കുന്ന തിനായി പുതിയ മുതൽമുടക്കായി സഹായധനം അനുവദിക്കുവാൻ സർക്കാരിന് കഴിഞ്ഞില്ല.

ശുപാർശ

കമ്പനിയ്ക്ക് ഗവൺമെന്റ് ലോണായി ലഭിച്ച 14.5 ശതമാനം പലിശ നിരക്കിലുള്ള 3.72 കോടി രൂപയും പലിശയിനത്തിൽ 3 കോടി രൂപയും ഗവൺമെന്റിന് തിരിച്ചുനൽകാനുണ്ട്. പ്രതിമാസം 80 ലക്ഷം രൂപ കെ.എഫ്.സി.-ക്ക് തിരിച്ചടയ്ക്കുന്നതോടൊപ്പം ഗവൺമെന്റിനുള്ള കടബാദ്ധ്യത തിരിച്ചടയ്ക്കാനുള്ള സാമ്പത്തിക സ്ഥിതി കമ്പനിയ്ക്കില്ല. ആയതിനാൽ ഈ തുക ഗ്രാന്റായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന് വായ്പയായി ലഭിച്ച 14.5% പലിശനിരക്കുള്ള 3.72 കോടി രൂപയും പലിശയിനത്തിൽ 3 കോടി രൂപയും ചേർത്ത് ഗവൺമെന്റിന് തിരിച്ചുനൽകാനുള്ള തുക ഗ്രാന്റായി നൽകണമെന്ന സമിതിയുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. കമ്പനിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി മാത്രമേ ഈ തുക ഗ്രാന്റായി അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളുവെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ധനകാര്യവകുപ്പ് ഈ ശുപാർശ നിരസിച്ചു. എന്നിരുന്നാലും ടി ശുപാർശ ഇപ്പോൾ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

ശുപാർശ

കമ്പനിയ്ക്ക് ഇലക്ട്രിസിറ്റി താരിഫ് കൺസഷൻ അനുവദിച്ചിരുന്നെങ്കിലും ഈ ആനുകൂല്യങ്ങൾ നൽകാൻ ബോർഡ് വിസമ്മതിക്കുന്നത് കാരണം വൻ തുകകൾ ക്കുള്ള ഡിമാന്റ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി-യ്ക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന് വൈദ്യുതി നിരക്കിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം കെ.എസ്.ഇ.ബി.-ക്ക് നൽകുവാൻ ഊർജ്ജ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

ശുപാർശ

സിമന്റ് പൊടിക്കുന്നതിന് കമ്പനി ഇപ്പോൾ ഉപയോഗിക്കുന്ന ഗ്രൈൻഡിംഗ് മീഡിയ കപ്പാസിറ്റി കുറഞ്ഞതാണ്. കപ്പാസിറ്റി കൂടിയ ഹൈക്രോം ഗ്രൈൻഡിംഗ് മീഡിയ ഉപയോഗിക്കുന്നതിന് മില്ല് കൺവർട്ടു ചെയ്യുന്നതിന് ഒന്നരക്കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

ട്രാവൻകൂർ സിമന്റ്സിൽ കപ്പാസിറ്റി കൂടിയ ഹൈക്രോം ഗ്രൈൻഡിംഗ് മീഡിയ ഉപയോഗിക്കുന്നതിന് മില്ല് കൺവർട്ട് ചെയ്യുന്നതിനായി സമിതി ശുപാർശ ചെയ്ത ധനസഹായം 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2013-14 സാമ്പത്തിക വർഷത്തിൽ ഹൈക്രോം ഗ്രൈൻഡിംഗ് മിൽ വാങ്ങുന്നതിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുംവേണ്ടി ഒന്നരക്കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

കമ്പനി ഇപ്പോൾ ഉപയോഗിക്കുന്ന കാലപ്പഴക്കം ചെന്ന മോട്ടോറുകൾ മാറ്റി പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിന് 1.25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

കമ്പനിയ്ക്ക് പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിന് 1.25 കോടി രൂപ അനുവദിക്കണമെന്ന സമിതിയുടെ ശുപാർശ ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തത കാരണം 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശുപാർശ

ഡ്രെഡ്ജർ, സ്ക്രീനിംഗ് പ്ലാന്റ്, വിഞ്ച്ബോട്ട് ഇവ നന്നാക്കുന്നതിനും പോണ്ടൂണുകൾ നിർമ്മിക്കുന്നതിനുംവേണ്ടി അഞ്ചുകോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

ഡ്രെഡ്ജർ, സ്ക്രീനിംഗ് പ്ലാന്റ്, വിഞ്ച് ബോട്ട് ഇവ നന്നാക്കുന്നതിനും പോണ്ടൂണുകൾ നിർമ്മിക്കുന്നതിനുംവേണ്ടി അഞ്ചുകോടി രൂപ അനുവദിക്കണമെന്ന സമിതിയുടെ ശുപാർശ ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തത കാരണം 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ക്ലിങ്കർ വാങ്ങുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനായി സർക്കാർ കമ്പനിയ്ക്ക് 2012-13 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## വിവരസാങ്കേതികവിദ്യ വകുപ്പ്

ശുപാർശ

ടെക്നോപാർക്ക് 2012-13-ലേക്കുള്ള വാർഷിക ബഡ്ജറ്റിൽ സ്ഥലമെടുപ്പിന് 60 കോടി രൂപയും സ്ഥലവികസനത്തിന് 9 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ സ്ഥലമെടുപ്പിനുള്ള വില പുനർനിർണ്ണയിച്ച് വരുമ്പോൾ കൂടുതലായി വരുന്ന തുക സർക്കാർ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷം 30-3-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 80/2013/ ഐ.റ്റി.ഡി. ഉത്തരവ് പ്രകാരം പത്ത് കോടി രൂപ അധികമായി അനുവദിച്ചു.

ശുപാർശ

ഐ.റ്റി. പാർക്കുകളുടെ വികസനത്തിനായി മൊത്തത്തിൽ 118 കോടി രൂപയാണ് 2012-13-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇതിൽ ടെക്നോപാർക്കിന് അനുവദിക്കുന്ന തുക തീർത്തും അപര്യാപ്തമായ സാഹചര്യത്തിൽ ടെക്നോപാർക്കിന് 525 കോടി രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

കൊല്ലം കുണ്ടറയിൽ ആരംഭിക്കുന്ന ടെക്നോപാർക്കിനായി ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം ധനകാര്യ വകുപ്പ് അധിക തുക അനുവദിക്കുകയുണ്ടായില്ല.

(ഖണ്ഡിക 87, 88)

ശുപാർശ

ടെക്നോപാർക്ക് ക്യാംപസിനകത്ത് ഒരു സാറ്റലൈറ്റ് എർത്ത് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി എസ്.റ്റി.പി.ഐ.-ക്ക് മൂന്നു കോടി രൂപ ടെക്നോപാർക്ക് വായ്പയായി നൽകിയിരുന്നു എന്നാൽ ഇതുവരെ എസ്.റ്റി.പി.ഐ. ഇതു മടക്കി നൽകിയിട്ടില്ല. ഇങ്ങനെ ടെക്നോപാർക്ക് എസ്.റ്റി.പി.ഐ.-ക്ക് നൽകിയ മൂന്ന് കോടി രൂപയിൽ 2.1 കോടി രൂപ സംസ്ഥാന സർക്കാർ ടെക്നോപാർക്കിന് വായ്പയായി 1993-94-ൽ നൽകിയിട്ടുള്ളതാണ്. ഇതിന്റെ പലിശയുൾപ്പെടെ ഇപ്പോൾ 20 കോടി രൂപയായിട്ടുണ്ട്. ഈ തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻനിർവ്വാഹമില്ലാത്തതിനാൽ ഈ തുക ഗ്രാന്റ്-ഇൻ-എയ്ഡായി പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

<u>സ്വീകരിച്ച നടപടി</u>

8-7-2013-ൽ ടെക്നോപാർക്കിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

<u>ശുപാർശ</u>

ടെക്നോസിറ്റിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിന് ആവശ്യമായ തുക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

<u>സ്വീകരിച്ച നടപടി</u>

8-7-13-ൽ ടെക്നോപാർക്കിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

4859-02-190-94—<u>ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിക്കുള്ള മൂലധനനിക്ഷേപം.</u>

<u>ശുപാർശ</u>

സർക്കാരിന്റെ 51 ശതമാനം ഓഹരി പങ്കാളിത്തത്തോടെ ഐ.ടി./ഐ.ടി. ഇ.എസ്.-ന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ജി.ഒ.(എംഎസ്.) നമ്പർ 33/07/ഐ.ടി.ഡി. തീയതി 12-12-2007 പ്രകാരം രൂപീകൃതമായ കമ്പനിയാണ് കെ.എസ്.ഐ.ടി.ഐ.എൽ. കമ്പനിക്ക് ലഭിക്കുന്ന ബഡ്ജറ്റ് വിഹിതം പ്രധാനമായും സൈബർ പാർക്കിന് വേണ്ടി കോഴിക്കോട്-43 ഏക്കർ, മലപ്പുറം(അരീക്കോട്)-65 ഏക്കർ, കാസർകോട്-100 ഏക്കർ, കണ്ണൂർ-30 ഏക്കർ, കൊരട്ടി 30 ഏക്കർ, ചേർത്തല 60 ഏക്കർ, അമ്പലപ്പുഴ-100 ഏക്കർ, കൊല്ലം-44 ഏക്കർ എന്നീ പാർക്കുകളുടെ വികസനത്തിനായിഉപയോഗിക്കുന്നതാണ്. മേൽ സൂചിപ്പിച്ച മുതൽമുടക്ക് പദ്ധതി ലക്ഷ്യംകൈവരിക്കാൻ 13 കോടി രൂപകൂടി കമ്പനിയ്ക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം ധനകാര്യവകുപ്പ് അധിക തുക അനുവദിക്കുകയുണ്ടായില്ല.

**പി. കെ. കുഞ്ഞാലിക്കുട്ടി,**

തിരുവനന്തപുരം,
1-7-2014.

*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IV*

## അനുബന്ധം

## 2013 ഏപ്രിൽ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2013 ഏപ്രിൽ മാസം 17-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ V A കോൺഫറൻസ് ഹാളിൽ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയും സമിതി ചെയർമാനുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രിയും സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും യോഗത്തിൽ സന്നിഹിതനായിരുന്നു:

ഹാജരായ മറ്റ് അംഗങ്ങൾ :

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
2. ശ്രീ. സി. കൃഷ്ണൻ
3. ശ്രീ. വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽകുമാർ രാജു, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോസ്ഥർ :

1. ശ്രീ. വി. സോമസുന്ദരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. കെ. എസ്. ശ്രീനിവാസ്, സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, കയർ വകുപ്പ്
4. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. സാം സി. ഇട്ടിച്ചൻ, ഡയറക്ടർ, ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽസ്
6. ശ്രീ. ഷാജഹാൻ, മാനേജിംഗ് ഡയറക്ടർ, ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ
7. ശ്രീ. റ്റി. സുകുമാരൻ നായർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്
8. ശ്രീ. ജി. എസ്. ശ്രീകുമാരൻ നായർ, സെക്രട്ടറി, ഖാദിഗ്രാമ വ്യവസായ ബോർഡ്.

സമിതി, 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XXXVII "വ്യവസായങ്ങൾ" പരിശോധിക്കുകയും വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

പെരുമാതുറയിൽ നാട്ടുകാർ ചേർന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ഭൂവുടമകളുടെ സമ്മതത്തോടെ 15 ഏക്കറോളം സ്ഥലം സർക്കാരിന് സമർപ്പിച്ചിരുന്നു. സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം വാല്യുവേഷൻ സർക്കാരിന് കൊടുത്തിരിക്കുകയാണെന്നും കൂടാതെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഇത്തരം പ്രൊപ്പോസലുകൾ വരുന്നതായും സമിതി മനസ്സിലാക്കി. തുടർനടപടികൾക്കുള്ള ഫണ്ടോ ബഡ്ജറ്റ് പ്രൊവിഷനോ കാണാത്തതിനാൽ ആയതിനുള്ള ഫണ്ട് എങ്ങനെ കണ്ടെത്തുമെന്ന് സമിതി ആരാഞ്ഞു. പെരുമാതുറ മാത്രമല്ല, എല്ലാ ജില്ലകളിലുമുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും എസ്.ഡി.ജി മുഖേന ഉടൻതന്നെ ആയത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായും വ്യവസായ വകുപ്പ് സെക്രട്ടറി അറിയിച്ചു. ഹെഡ് ഓഫ് അക്കൗണ്ട് ഉണ്ടെങ്കിലും ഇതിന് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് അദ്ദേഹം അറിയിച്ചു.

പശ്ചാത്തല സൗകര്യ വികസനത്തിനായി കോട്ടയ്ക്കലിൽ എക്സിബിഷൻ/കൺവെൻഷൻ സെന്ററിന് അനുവദിച്ച 4 കോടി രൂപയുടെ വിനിയോഗം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ഇത് മുൻവർഷത്തെ പ്രൊപ്പോസലാണെന്നും സ്ഥലം നൽകുന്നതിന് പഞ്ചായത്തിനുണ്ടായിരുന്ന തടസ്സം നീങ്ങിയെന്നും സർക്കാരിന് ശുപാർശ ചെയ്തിട്ടുള്ള പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചാലുടൻ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കുമെന്നും വ്യവസായവകുപ്പ് സെക്രട്ടറി അറിയിച്ചു.

ഖാദി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. സോമസുന്ദരൻ അഭിപ്രായപ്പെട്ടു. ഏറെ പിന്നോക്കാവസ്ഥയിലായിരുന്ന ഖാദി ബോർഡ് നിലവിൽ ഏറെ മുന്നോട്ടു പോയിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ഖാദി ബോർഡിലെ അക്കൗണ്ട്സ് അപ്ഡേറ്റ് ചെയ്യുന്നതിന് കമ്പ്യൂട്ടർവൽക്കരണം അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കി. ഉൽപ്പന്നങ്ങൾ വിൽക്കണമെങ്കിൽ നിലവിലെ അവസ്ഥയിൽ റിബേറ്റ് കൊടുക്കേണ്ടിവരുമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഖാദിയുടെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടെങ്കിലും റിബേറ്റ് തുക അതാത് വർഷം ലഭിച്ചില്ലെങ്കിൽ സ്ഥാപനങ്ങൾക്ക് മുന്നോട്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ അധികതുക അനുവദിക്കണമെന്നും കാലപ്പഴക്കമുള്ള ചർക്കയും തറികളും മറ്റും മാറ്റുന്നതിനുമായി നവീകരണവുമായി ബന്ധപ്പെട്ട് കൂടുതൽ തുക വകയിരുത്തേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി.

കയർ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചാവേളയിൽ ക്ഷേമനിധി ബോർഡിന്റെ ഫണ്ട് എത്രയാണെന്നും ബോർഡിന്റെ മുഴുവൻ ചെലവുകളും വഹിക്കുന്നത് സർക്കാരാണോ എന്നും ആരാഞ്ഞപ്പോൾ കയർ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒരംഗത്തിൽ നിന്നും അഞ്ചു രൂപ നിരക്കിനാണ് പിരിക്കുന്നതെന്നും മുൻ വർഷങ്ങളിൽ മാച്ചിംഗ് ഗ്രാന്റ് നൽകിയിരുന്നുവെങ്കിലും കഴിഞ്ഞ വർഷം ആയത് നൽകാത്തതിനാൽ അംഗങ്ങളിൽ നിന്നും പിരിക്കുന്ന തുക മാത്രമേ ഉള്ളൂ എന്നും ഡയറക്ടർ വ്യക്തമാക്കി. സെസ്സ് പിരിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്മേൽ കയറ്റുമതി വ്യാപാരികൾ കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയതിനാൽ അതും കിട്ടാത്ത അവസ്ഥയാണെന്ന് ഡയറക്ടർ വിശദീകരിച്ചു. കഴിഞ്ഞ വർഷം സർക്കാരിൽ നിന്നും ലഭ്യമായ 32 കോടി രൂപ പൂർണ്ണമായും പെൻഷൻ നൽകുന്നതിനാണ് വിനിയോഗിച്ചതെന്നും ഡയറക്ടർ വിശദീകരിച്ചു.

ചിറയിൻകീഴ് മണ്ഡലത്തിലുള്ള കയർ സഹകരണ സംഘങ്ങളിൽ മിക്കവയും അടഞ്ഞുകിടക്കുകയാണെന്നും കൂടുതൽ തൊഴിലാളികളും പണിയെടുക്കുന്നത് കയർപിരി മേഖലയിലാണെന്നും കയർ മേളയ്ക്കും എക്സിബിഷനുമായി ഏഴ് കോടി രൂപ ചെലവഴിച്ചുവെങ്കിലും ആലപ്പുഴയിൽ മാത്രമാണ് കയറ്റുമതിക്കായുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി വലിയ തുക ചെലവഴിക്കുന്നുണ്ടെങ്കിലും ഇതുകൊണ്ട് തൊഴിലാളികൾക്കോ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റുള്ളവർക്കോ യാതൊരു പ്രയോജനവും ലഭിക്കുന്നില്ലെന്ന് സമിതി വിലയിരുത്തി. കയർപിരി മേഖലമൊത്തത്തിൽ പ്രശ്നബാധിതമാണെന്നും ഇത് പരിഹരിക്കുന്നതിന് വകുപ്പ് ഇടപെടാത്തത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞു.

കയർപിരി മേഖലയിലെ വിപണനവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ ചെയ്യുന്നതായും കയർ ഉത്പന്നങ്ങളുടെ വിപണി ഉദ്ദേശിച്ച് കയർ കേരള പ്രദർശനവും ‘ഒരു വീട്ടിൽ ഒരു കയർ ഉത്പന്നം’ എന്ന വിപണന പ്രചരണ പരിപാടിയും ആരംഭിച്ചിട്ടുള്ളതായി കയർ വികസന വകുപ്പ് സെക്രട്ടറി പറയുകയുണ്ടായി. മറ്റ് ചെറിയ രീതിയിലുള്ള വിപണന പ്രവർത്തനങ്ങളും ഇതേ ഹെഡ്ഡിൽ ഉൾപ്പെടുത്തി നടത്തിവരുന്നതായും അറിയിച്ചു. സൊസൈറ്റികൾക്കും ചെറുകിട ഉല്പാദകർക്കും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സൊസൈറ്റികൾക്കുമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് സെക്രട്ടറി പറഞ്ഞു. കയർപിരി മേഖലയിൽ താഴെക്കിടയിലുള്ള സൊസൈറ്റികൾക്ക് പ്രയോജനം ലഭിക്കണമെന്ന ലക്ഷ്യത്തോടെയാണ് വിപണന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം പ്രവർത്തന മൂലധനത്തിന്റെ കുറവുണ്ടായിരുന്നതിനാൽ അത് കൊടുക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുള്ളതായും അടിസ്ഥാന സൗകര്യ വികസനത്തിനായി തുക കൊടുക്കാനുള്ള നടപടിയും കഴിഞ്ഞവർഷം മുതൽ ആരംഭിച്ചിട്ടുള്ളതായും അദ്ദേഹം പറഞ്ഞു. കൂടാതെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന കയർപിരി സംഘങ്ങൾ കണ്ടെത്തി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതായി കയർ വികസന വകുപ്പ് സെക്രട്ടറി പറഞ്ഞു.

വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 842 സംഘങ്ങളിൽ പകുതിയോളം സംഘങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ എന്നും 25-ഓളം സംഘങ്ങൾ വളരെ ചെറിയ രീതിയിൽ മാത്രമാണ് പ്രവർത്തിക്കുന്നതെന്നും കയർ വികസന വകുപ്പ് ഡയറക്ടർ പറഞ്ഞു. കയർപിരി സംഘങ്ങളെ സംബന്ധിച്ചുള്ള ഏറ്റവും വലിയ ആവശ്യം പ്രവർത്തന മൂലധനമാണ്. പരമ്പരാഗത വ്യവസായം എന്ന നിലയിൽ അവയ്ക്കുള്ള തനതായ പോരായ്മകൾ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പരിപാടികളാണ് ചെയ്തു വരുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി. ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പത്തിരുപത് വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച യന്ത്രവൽകൃത റാട്ടുകൾ ഒന്നുംതന്നെ വേണ്ടവിധം പരിപാലിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഫൈബറിനു വേണ്ടി ഇന്നും തമിഴ്നാടിനെ ആശ്രയിക്കുന്ന അവസ്ഥയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

വലിയ യൂണിറ്റുകളിൽ ഡീഫൈബറിംഗ് യൂണിറ്റുകൾ പ്രായോഗികമല്ലാത്തതിനാൽ അടച്ചുപൂട്ടേണ്ട അവസ്ഥ ഉണ്ടായതായി കയർവികസന വകുപ്പ് സെക്രട്ടറി അറിയിച്ചു. കയർഫെഡിന്റെ രണ്ടുമൂന്നു യൂണിറ്റുകളും സ്വകാര്യ മേഖലയിലെ ചില യൂണിറ്റുകളും പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതായും ചെറിയ മൊബൈൽ ഡീഫൈബറിംഗ് മെഷീൻ രൂപപ്പെടുത്തി 160 സംഘങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി പറഞ്ഞു. എന്നാൽ എല്ലാ സംഘങ്ങളും ഇത് വേണ്ടവിധം ഉപയോഗിക്കുന്നില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. കയർപിരി മേഖലയിലെ നിലവിലെ സാധാരണ റാട്ടിൽ ഒരു ദിവസം രണ്ടുപേർ പണിയെടുത്താൽ പോലും പതിനഞ്ച് കിലോഗ്രാം കയർ മാത്രമേ പിരിക്കാൻ പറ്റുകയുള്ളുവെന്നും അതിനാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഒരു 'ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ' രൂപപ്പെടുത്താനുള്ള ശ്രമത്തിലാണെന്ന് വകുപ്പ് സെക്രട്ടറി പറഞ്ഞു. നേരത്തെ ഉണ്ടായിരുന്ന ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ ഉൽപ്പാദിപ്പിച്ചിരുന്ന കയർ ഹാന്റ്‌ലൂം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഉതകുന്നതായിരുന്നില്ലെന്നും ഈ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് കൂടുതൽ ഉൽപ്പാദനക്ഷമതയുള്ള ഓട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രം വികസിപ്പിച്ചെടുക്കുന്നതിനുള്ള ശ്രമത്തിലാണ് വകുപ്പെന്നും കയർ വികസന വകുപ്പ് സെക്രട്ടറി പറഞ്ഞു.

എല്ലാത്തരം കയറും ഉത്പാദിപ്പിക്കാൻ കഴിയുന്ന ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണെന്ന് കയർ വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. അഞ്ചുതെങ്ങിൽ ഉൽപ്പാദിപ്പിക്കുന്ന കയറിന് വില കൂടുതലാണെന്നും ഉൽപ്പന്നമേഖലയിൽ ഉപയോഗിക്കാൻ കഴിയുന്ന കയർ നിർമ്മിക്കുന്നിന് പരിശീലനം നൽകിയെങ്കിലും അവിടത്തെ കയർ തൊഴിലാളികൾ പഴയരീതി തന്നെ തുടരുന്നതായും, സ്പിന്നിംഗ് മെഷീൻ കൊടുത്തെങ്കിലും ചിറയിൻകീഴ് മേഖലയിലെ തൊഴിലാളിലകൾ ചില സാങ്കേതിക പ്രശ്നങ്ങളുടെ പേരിൽ അത് ഉപയോഗിക്കാത്ത സ്ഥിതിവിശേഷവും ഡയറക്ടർ എടുത്തു പറഞ്ഞു. ബഹുമാനപ്പെട്ട അംഗം നൽകിയ പ്രൊപ്പോസൽ പ്രകാരം മലബാർ മേഖലയിൽ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

'സ്കീം ഓറിയന്റഡ്' ആയ രീതി നിർത്തലാക്കി വിവിധ മേഖലകളിൽ നിലനിൽക്കുന്ന വ്യത്യസ്ത സാഹചര്യങ്ങൾക്കനുസൃതമായി പദ്ധതി പ്രവർത്തനങ്ങൾ ക്രമീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. വർഷങ്ങളായി പ്രവർത്തനമൂലധനം നൽകുന്നുണ്ടെങ്കിലും കൊടുത്ത തുകയ്ക്കുള്ള ഉത്പാദനം പോലും നടക്കാത്ത അവസ്ഥയാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

കയർ മേഖലയിലെ പ്രശ്നങ്ങൾ പ്രത്യേകം ചർച്ച ചെയ്യാമെന്നും ഓരോ മേഖലയുടെയും പ്രത്യേകത വച്ച് പ്രത്യേകം ചർച്ച വെയ്ക്കണമെന്നും സമിതി തീരുമാനിച്ചു.

കൈത്തറി മേഖലയ്ക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പദ്ധതിയിലെ 3209 കോടി രൂപയെക്കുറിച്ച് വ്യക്തമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. ധാരാളം നല്ല പദ്ധതികൾ ഉണ്ടായിരുന്നിട്ടും 120 കോടി രൂപയുടെ ബാധ്യതയിലും സ്ഥലവും കെട്ടിടവുമൊക്കെ ജപ്തി ഭീഷണിയിലുമായിരിക്കുന്ന

ഹാന്റക്സിന്റെ പുനരുദ്ധാരണം പ്രാധാന്യമർഹിക്കുന്നതാണെന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രയോജനപ്പെടുത്തി ഈ പുനരുദ്ധാരണം നടപ്പിലാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

മാനദണ്ഡങ്ങൾ വളരെ കണിശമാക്കിയിരിക്കുന്നതിനാൽ 400-ഓളം സൊസൈറ്റികളിൽ 124-ഓളം സൊസൈറ്റികൾക്ക് മാത്രമേ സഹായത്തിന് അർഹതയുള്ളൂ എന്നും അവയ്ക്കുള്ള ധനസഹായം കഴിഞ്ഞ സാമ്പത്തികവർഷം തന്നെ നൽകിയതായും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ഹാന്റ്‌ലൂംസിന്റെ ഡെവലപ്മെന്റ് കമ്മീഷണറുമായി ചർച്ച നടത്തിയിരുന്നതായും മാനദണ്ഡങ്ങളിൽ അയവു വരുത്താമെന്ന് കമ്മീഷണർ സമ്മതിച്ചിട്ടുള്ളതായും ആ സാഹചര്യത്തിൽ ഹാന്റക്സിനെ പദ്ധതികളിൽ ഉൾപ്പെടുത്താനാവുമെന്ന് പ്രത്യാശ ഉള്ളതായും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഹാന്റക്സിന് പുനരുദ്ധാരണ പ്രവർത്തനത്തിനായി ഷെയറായും ലോണായും 50 കോടി രൂപയോളം നൽകിയിട്ടുള്ളതായും അനുവദിക്കുന്ന തുക മൊത്തമായി ഒരു വർഷം തന്നെ നൽകുകയാണെങ്കിൽ കയർഫെഡ്ഡിന്റെ എന്നപോലെ ഹാന്റക്സിന്റെയും പ്രശ്നങ്ങൾ പരിഹരിക്കാനാവുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

കേന്ദ്ര പദ്ധതിയനുസരിച്ച് ഹാന്റിക്സിന് ആനുകൂല്യം ലഭിക്കുന്നപക്ഷം അവരുടെ കടബാധ്യതയും പലിശയുടെ 25%-വും ഇളവുചെയ്ത് കിട്ടുമെന്ന് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. സംസ്ഥാനത്തിന്റെ വിഹിതംകൂടി അതിന് വേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കി.

സ്ഥാപനങ്ങളുടെ കണക്കുകളും രണ്ടു വർഷത്തെ പ്രവർത്തനഫലങ്ങൾ എന്നിവയൊക്കെ കണക്കിലെടുക്കുന്നതുകൊണ്ടാണ് ഹാന്റക്സ് കേന്ദ്രാവിഷ്കൃത സഹായം ലഭിക്കുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ വരാത്തതെന്നും ഹാന്റക്സിന് ഏറെ പ്രശ്നങ്ങളുള്ളതിനാലാണ് മാനദണ്ഡങ്ങളിൽ അയവു കിട്ടണമെന്ന തരത്തിൽ നീങ്ങുന്നതെന്നും ഒറ്റതവണ തീർപ്പാക്കൽ രീതിയാണ് ഒരു പോംവഴിയെന്നും സമിതി അഭിപ്രായപ്പെട്ടു.

20 കൊല്ലമായി പ്രവർത്തിക്കുന്ന ടെക്സ്ഫെഡിന് ബഡ്ജറ്റിൽ തുകയൊന്നും നൽകിയിട്ടില്ലെന്ന് ഹാന്റ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടർ ബോധിപ്പിച്ചു. ഫണ്ടില്ലാതെയാണോ ഇത്രയുംകാലം പ്രവർത്തിച്ചിരുന്നതെന്നു സമിതി ആരാഞ്ഞപ്പോൾ മറ്റു ഫണ്ടിൽനിന്ന് ക്രമീകരിക്കുകയായിരുന്നുവെന്നും സ്വന്തമായി ഫണ്ട് വേണ്ടതാണെന്നും ഡയറക്ടർ അറിയിച്ചു.

ടെക്സ്ഫെഡ്ഡിന്റെ പ്രവർത്തനം ഉദ്ദേശിച്ച രീതിയിൽ നടക്കുന്നില്ലെന്നും മറ്റുമില്ലുകൾക്ക് ഫണ്ട് ലഭ്യമാകുമ്പോൾ അത് നിക്ഷേപിച്ച് കിട്ടുന്ന പലിശ കൊണ്ടാണ് ടെക്സ്ഫെഡ്ഡിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നതെന്നും ടെക്സ്ഫെഡ് നിലനിർത്തേണ്ടത് പരിശോധിക്കേണ്ടതാണെന്നും നിർത്തലാക്കണമെന്നാണ് മില്ലുകൾ ആവശ്യപ്പെടുന്നതെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പറഞ്ഞു. പ്രവർത്തനമൂലധനമായാണോ ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന്

സമിതി ചോദിച്ചു. പ്രവർത്തന മൂലധനത്തിനും പഴയ കുടിശ്ശിക തീർപ്പാക്കുന്നതിനും അത്യാവശ്യ സാമഗ്രികൾ വാങ്ങുന്നതിനും മറ്റുമായി 27.6 കോടി രൂപയാണ് ടെക്സ്റ്റൈൽ മേഖലയ്ക്ക് അനുവദിച്ചിട്ടുള്ളതെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചുള്ള പുനരുദ്ധാരണ പദ്ധതികൾ തയ്യാറാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നതായും അഡീഷണൽ ചീഫ് സെക്രട്ടറി പറഞ്ഞു.

ടെക്സ്റ്റൈൽ മേഖലയുടെ പൊതുവെയുള്ള പുരോഗതിയെപ്പറ്റി സമിതി അന്വേഷിച്ചു. നഷ്ടം വളരെയേറെ കുറഞ്ഞ് കുറെ മെച്ചപ്പെട്ടിട്ടുള്ളതായും ചില മില്ലുകൾ ലാഭത്തിൽ വന്നിട്ടുള്ളതായും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശുപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു:

## വ്യവസായ വാണിജ്യ വകുപ്പ്

2851-00-001-93—കപ്പാസിറ്റി ബിൽഡിംഗ്/ഊർജ്ജിത വ്യവസായവൽക്കരണ പരിപാടി

അനുയോജ്യരായ തൊഴിലാളികളുടെ അഭാവം നിലവിൽ വ്യവസായ സംരംഭകർക്ക് ഒരു പ്രതിബന്ധമാണ്. ഈ പ്രതിസന്ധി മറികടക്കുന്നതിന് വ്യവസായ മേഖലയിലെ സംരംഭകർ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരുടെ ശേഷി വികസനം, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം എന്നിവ ലഭ്യമാക്കുന്ന പദ്ധതിക്ക് 7.70 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5.95 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. സാങ്കേതിക പരിശീലനം കൊടുത്ത് യുവതലമുറയെ തൊഴിലിനായി സജ്ജരാക്കാൻ ഈ പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നു. പദ്ധതി ചെലവ് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ബാക്കി തുകയായ 1.75 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-102-48—ദിനേശ് ബീഡി തൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒഴികെയുള്ള ബീഡി തൊഴിലാളികൾക്കുള്ള ധനസഹായം

ബീഡി വ്യവസായം ഇപ്പോൾ പ്രോത്സാഹിപ്പിക്കാത്ത സാഹചര്യത്തിൽ ബീഡി വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറുന്നതിന് സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ദിനേശ് ബീഡി തൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒഴികെയുള്ള ബീഡി തൊഴിലാളികളെ ശക്തിപ്പെടുത്തുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-104—കരകൗശല വ്യവസായങ്ങൾ

**കരകൗശല മേഖലയ്ക്ക് മാർജിൻമണി സഹായം (പുതിയ പദ്ധതി)**

കരകൗശല മേഖലയിലെ സംരംഭങ്ങൾക്ക് മാർജിൻമണി സഹായം നൽകുന്ന പുതിയ പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി പുതിയ ശീർഷകം ആരംഭിച്ച് അതിൽ 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-104-77— കരകൗശല ശില്പികൾക്ക് ആരോഗ്യപാക്കേജ് പദ്ധതിയിൽ പേര് ചേർക്കുന്നതിനുള്ള ധനസഹായം

പരമ്പരാഗത കരകൗശല തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിന് വേണ്ടി യുള്ള ഈ പദ്ധതിക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്ക് 2 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**ഖാദി വ്യവസായം**

2851-00-105-73—ഖാദി നെയ്ത്തുകാർക്കുള്ള ഉല്പാദന/ഉത്സവകാല ഇൻസെന്റീവ്

നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാല ഇൻസെന്റീവും നൽകുന്ന പദ്ധതിപ്രകാരം ഖാദി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിൽ പണിയെടുക്കുന്ന 12500 ഓളം ഖാദി തൊഴിലാളികൾക്ക് ഇൻസെന്റീവ് ലഭിക്കുന്നതാണ്. 280 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ ഇതിനായി സമർപ്പിച്ചിരുന്നുവെങ്കിലും 125 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ബാക്കി തുകയായ 1.55 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

പ്രധാനമന്ത്രിയുടെ തൊഴിൽദാന പരിപാടിക്ക് അനുസൃതമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രോജക്ട് ചെലവിന്റെ കുറഞ്ഞ പരിധി 50,000 രൂപയായും കൂടിയ പരിധി 5,00,000 രൂപയായും നിശ്ചയിച്ച് ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളെ സഹായിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയിൽ വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക സംസ്ഥാന സർക്കാർ മാർജിൻ മണിയായും ശേഷിക്കുന്ന 60 ശതമാനം തുക ഗുണഭോക്തൃവിഹിതവും ബാങ്ക് വായ്പയുമായിരിക്കും. സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം, പരിശീലനം എന്നിവയ്ക്കായി ബോർഡ് 300 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നതിൽ 250 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ബാക്കി തുകയായ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-105-87— ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ഖാദി വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി പുതിയ വിൽപ്പന കേന്ദ്രങ്ങൾ/ഷോറൂമുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനും ആധുനികവൽക്കരണത്തിനും സംഭരണശാലകളുടെ ആധുനികവൽക്കരണത്തിനും ലക്ഷ്യമിട്ട് 78 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 70 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ 8 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-105-96-33—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്-ഖാദിയുടെ ചില്ലറവിൽപ്പനയ്ക്കുള്ള റിബേറ്റ്-സബ്സിഡികൾ

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 550 ലക്ഷം രൂപ നോർമൽ റിബേറ്റ് അനുവദിച്ചിരുന്നു. ഖാദി കമ്മീഷനിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന റിബേറ്റ് നിർത്തലാക്കി പകരം മാർക്കറ്റ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് നടപ്പാക്കുകയും ചെയ്തതിനാൽ ഖാദിയുടെ ചില്ലറ വിൽപ്പനയെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് 2012-13 സാമ്പത്തിക വർഷം 12-11-2012-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർടി.) നമ്പർ 1671/2012/ഐ.ഡി. പ്രകാരം ഉത്സവ കാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് നൽകുന്നതിനായി സംസ്ഥാന സർക്കാർ അധികമായി 6 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക ഉപധനാഭ്യർത്ഥനയിലൂടെ റെഗുലറൈസ് ചെയ്തില്ല. 2013-14 സാമ്പത്തിക വർഷത്തിൽ നോർമൽ റിബേറ്റ് ഇനത്തിൽ 8 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 6 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ഈ ഇനത്തിൽ ബാക്കി തുകയായ 2 കോടി രൂപയും 2013-14 വർഷത്തിൽ ഉത്സവ കാലങ്ങളിൽ 108 ദിവസം നൽകേണ്ട അധിക റിബേറ്റ് ഇനത്തിൽ 7 കോടിയും ചേർത്ത് ആകെ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-105-99-31—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ-സഹായധനം-ശമ്പളം

ഖാദി ബോർഡ് ജീവനക്കാരുടെ ശമ്പളം, പെൻഷൻ, യാത്രാപ്പടി, കണ്ടിജൻസി ചെലവുകൾ മുതലായ ബോർഡിന്റെ ഭരണപരമായ ചെലവുകൾ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ബോർഡിന്റെ ഭരണപരമായ ചെലവുകൾ പരമാവധി കുറച്ചാലും പ്രതിമാസം 250 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവാകും. കൂടാതെ പെൻഷൻ പരിഷ്കരണ ഇനത്തിൽ ചെലവായ 200 ലക്ഷം രൂപ സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷം ജീവനക്കാർക്ക് പ്രതിമാസ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കും അധികമായി 600 ലക്ഷം രൂപയും പരിഷ്കരിച്ച നിരക്കിൽ പെൻഷൻ നൽകേണ്ട വകയിൽ 159.50 ലക്ഷം രൂപയും 2013-14-ൽ വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾക്കായി 630.40 ലക്ഷം രൂപയും 1990 മുതൽ 2010-11 വരെ ഭരണപരമായ ചെലവുകൾക്ക് ഖാദി കമ്മീഷനിൽനിന്നും ലഭിച്ച തുക വകമാറ്റി ചെലവഴിച്ച ഇനത്തിൽ തിരിച്ചടയ്ക്കേണ്ട 3192.81 ലക്ഷം രൂപയുടെ 25% ആയ 798 ലക്ഷം രൂപയും ചേർത്ത് ആകെ 21.8790 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-105-99-36—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ—സഹായധനം-ശമ്പളേതരം

ഈ ശീർഷകത്തിൻകീഴിൽ താഴെകാണുംപ്രകാരമാണ് തുക വകയിരുത്തിയിരിക്കുന്നത് :

*(രൂപ ലക്ഷത്തിൽ)*

| | | | |
|---|---|---|---|
| 1. | കണ്ണൂർ ജില്ലയിലെ ഏറ്റുകുടക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ ആധുനികവൽക്കരണവും നവീകരണവും | .. | 20 |
| 2. | വാർത്താവിതരണവും പ്രചരണവും പരിശീലനവും | .. | 35 |
| 3. | ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം | .. | 10 |
| 4. | തേനീച്ച വളർത്തൽ വ്യവസായ വികസനം | .. | 5 |
| | ആകെ | .. | 70 |

ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച പൊതു അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ വിപണി പ്രോത്സാഹന പ്രവർത്തനങ്ങൾ ആവശ്യമാണ്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണം, പ്രസ്സ് പബ്ലിസിറ്റി, പ്രസ്സ് കോൺഫറൻസ്, ദേശീയ പ്രാധാന്യമുള്ള അവസരങ്ങളിൽ പ്രത്യേക പരസ്യങ്ങൾ, ബ്രാൻഡ് മാർക്കറ്റിംഗ് പരസ്യങ്ങൾ, പൊതുജന ബോധവൽക്കരണ പരിപാടി, പ്രദർശനങ്ങൾ/മേളകൾ സംഘടിപ്പിക്കൽ, ഖാദി തൊഴിലാളികൾക്കുള്ള പരിശീലനം എന്നീ ഇനങ്ങൾക്കായി 61 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 35 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 26 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**തേനീച്ച വളർത്തൽ വ്യവസായ വികസനം**

ഗുണനിലവാരമുള്ള തേൻ കൂടുതൽ അളവിൽ സംസ്കരിക്കുന്നതിന് ശരിയായ രീതിയിൽ പരിശീലനം ആവശ്യമാണ്. തേനീച്ച വളർത്തൽ പരിശീലന പരിപാടികൾ, സബ്സിഡി നിരക്കിൽ തേനീച്ചയും തേനീച്ചപ്പെട്ടികളും നൽകൽ, തേൻ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ എന്നീ ഇനങ്ങൾക്കായി 10 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശം സമർപ്പിച്ചിരുന്നതിൽ 5 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ബാക്കി തുകയായ 5 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## കയർ വ്യവസായം

2851-00-106-33—കയർത്തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതി

കയർ സംഘങ്ങൾക്ക് വേണ്ടിയുള്ള കടാശ്വാസത്തിന് കഴിഞ്ഞവർഷംവരെ തുക നീക്കിവച്ചിട്ടുണ്ടായിരുന്നെങ്കിലും ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. അതിനായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-106-62—കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം

പദ്ധതിക്ക് വകയിരുത്തിയിരിക്കുന്ന തുക കയർ സഹകരണ സംഘങ്ങളുടെ വിവിധ പുനരുജ്ജീവന പരിപാടികൾക്ക് വ്യവസ്ഥകൾക്കനുസൃതമായി വിനിയോഗിക്കാവുന്നതാണെങ്കിലും ഈ പദ്ധതിയിൽ മാനവശേഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള പ്രവർത്തന മൂലധന സഹായം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തന മൂലധന സഹായംകൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കൂടാതെ വൈദ്യുതി ബോർഡിലെ മിനിമം ഗ്യാരന്റി, ഫിക്സഡ് ചാർജ്ജ് എന്നിവയും വൈദ്യുതി കുടിശ്ശികയും സഹകരണ സംഘങ്ങൾക്ക് നൽകാൻ ഈ വിഹിതം ഉപയോഗിക്കാനുള്ള അനുമതി നൽകണമെന്നും സമിതി ശുപാർശ ചെയ്തു.

2851-00-106-75—കയർ മേഖലയിൽ ഗവേഷണവും വികസനവും

കയർ മേഖലയിലെ ഗവേഷണത്തിനും വികസനത്തിനുമായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) ഭരണപരമായ ചെലവുകൾ, ശമ്പളം, അലവൻസുകൾ എന്നിവയ്ക്ക് ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന ഒഴിവാക്കുകയോ പദ്ധതിയേതര ഇനത്തിൽ ഇവ പരിഗണിക്കാൻ നൽകിയിരുന്ന പ്രൊപ്പോസൽ അംഗീകരിക്കുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-106-93—ക്ഷേമ നടപടികൾ

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതമാണിത്. 2011-12 വരെ പദ്ധതി ഇനത്തിൽ വകയിരുത്തിയിരുന്ന തുക 2012-13 മുതൽ പദ്ധതി ഇതര ഇനത്തിലാണ് വകയിരുത്തുന്നത്. പെൻഷൻ, കുടുംബ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കാനും വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുമായി ഏകദേശം 52 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-106-95—വ്യാപാര പ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചരണവും

കയറിന്റെ ആഭ്യന്തര-വിദേശ വിപണനം ശക്തിപ്പെടുത്തുവാനും കേരളം പരവതാനി വ്യവസായത്തിന്റെ ശക്തികേന്ദ്രമാണെന്ന് ബോധ്യപ്പെടുത്തി ബയർമാരെ ആകർഷിക്കുവാനും സംഘടിപ്പിച്ചുവരുന്ന 'കയർകേരള' നടത്തുന്നതിനും 'ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം' തുടങ്ങിയ പരസ്യപ്രചരണങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 7 കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### ബഡ്ജറ്റ് പ്രസംഗത്തിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക തുക

### സിയാൽ മാതൃകയിൽ അന്തർദ്ദേശീയ നിലവാരമുള്ള എക്സിബിഷൻ സെന്റർ

2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന CIAL (സിയാൽ) മാതൃകയിലുള്ള അന്തർദ്ദേശീയ നിലവാരമുള്ള സ്ഥിരം എക്സിബിഷൻ സെന്റർ സ്ഥാപിക്കാൻ ഒരു കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഇന്നവേഷൻ ഫണ്ട്, ഇൻക്യുബേഷൻ സെൽ

കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻക്യുബേഷൻ സെല്ലും രൂപീകരിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കൈത്തറി, യന്ത്രത്തറി വ്യവസായം

2851-00-103-95-33—കൈത്തറിത്തുണി വില്പനയിലെ റിബേറ്റ്-സബ്സിഡികൾ

കൈത്തറിത്തുണി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിയ റിബേറ്റ് കുടിശ്ശിക നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 3 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-108-99—യന്ത്രത്തറികളിൽ പരിശീലനം

തിരുവനന്തപുരത്തെ ഡെമോൺസ്ട്രേഷൻ-കം-ട്രെയിനിംഗ് സെന്റർ ഐ.ഐ.എച്ച്.റ്റി., കണ്ണൂർ ടെക്സ്ഫെഡ്, സംയോജിത യന്ത്രത്തറി സംഘങ്ങൾ എന്നിവ മുഖേന കൈത്തറി-യന്ത്രത്തറി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കും മറ്റ് സംരംഭകർക്കും നെയ്ത്ത്, ഡിസൈനിംഗ് മുതലായവയിൽ പരിശീലനം നൽകുന്നതിനുദ്ദേശിച്ചുള്ള പദ്ധതിക്ക് 150 നെയ്ത്തുകാർക്കുള്ള പരിശീലനത്തിനായി 25 ലക്ഷം രൂപയാണ് സംസ്ഥാന വിഹിതമായി വകകൊള്ളിച്ചിരിക്കുന്നത്. കൈത്തറി ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലുള്ള ഡെമോൺസ്ട്രേഷൻ-കം-ട്രെയിനിംഗ് സെന്ററിന്റെ വാടകക്കുടിശ്ശികയും വൈദ്യുതി ചാർജ്ജുംകൂടി നൽകുന്നതിന് പ്രസ്തുത തുക പര്യാപ്തമല്ല. ആയതിനാൽ 5.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ)**

2851-00-101-92— നിലവിലുള്ള വികസിത പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്

സിഡ്കോയുടെ കീഴിൽ വരുന്ന വ്യവസായ/മിനി വ്യവസായ എസ്റ്റേറ്റുകളിലെ അറ്റകുറ്റപ്പണികൾ, റോഡുകളുടെ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി 11.08 കോടി രൂപയും നിലവിലുള്ള 8 പ്രൊഡക്ഷൻ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി 12.23 കോടി രൂപയും ഉൾപ്പെടെ 23.31 കോടി രൂപ പദ്ധതിയിതര ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4851-00-190-86—കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്-നിക്ഷേപങ്ങൾ

സിഡ്കോ റാ മെറ്റീരിയൽ ഡിവിഷന്റെ പ്രവർത്തന മൂലധന സഹായമായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-110-82—മറ്റുള്ളവർ ആരംഭിക്കുന്ന സഹകരണ സംഘങ്ങൾക്കുള്ള ഗ്രാന്റ്

ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾക്ക് വർഷങ്ങളായി സഹായം നൽകുന്നില്ല. ഇത് ഈ മേഖലയെ തളർത്തുകയാണ്. ആയതിനാൽ വ്യവസായവൽകൃത സഹകരണ സംഘങ്ങൾക്ക് 2851-00-110-82 എന്ന ഹെഡ്ഡിൽ മെഷിനറി ഗ്രാന്റായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4851-00-102-96—<u>പുതിയ വ്യവസായ എസ്റ്റേറ്റുകളുടെ സ്ഥലമെടുപ്പ്</u>

ചെറുകിട വ്യവസായങ്ങളുടെ ഉന്നമനത്തിനായി പുതിയ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി സ്ഥലമെടുക്കുന്നതിന് തുകയൊന്നും വകയിരുത്തിയിട്ടില്ല. സ്ഥലമെടുക്കുന്നതിനുവേണ്ടി ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4851-00-195-89—<u>വ്യവസായ സഹകരണ സംഘങ്ങളിൽ ഓഹരി എടുക്കൽ</u>

ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾക്ക് സഹായം നൽകേണ്ടത് അത്യാവശ്യമായതിനാൽ വ്യവസായ സഹകരണ സംഘങ്ങളിൽ ഓഹരി എടുക്കൽ ഇനത്തിൽ 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ**

2851-00-104-81—<u>മുള വ്യവസായ വികസനം</u>

ദേശീയ തലത്തിൽ നൽകിവരുന്ന ചുരുങ്ങിയ വേതനത്തെക്കാൾ കുറഞ്ഞ വേതനമാണ് ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ലഭിക്കുന്നത് എന്നതിനാൽ ആവശ്യത്തിന് തൊഴിലാളികളെ കിട്ടുന്നില്ല. തൊഴിലാളികളുടെ ചുരുങ്ങിയ വേതനം സംബന്ധിച്ച വിജ്ഞാപനം ആയിരിക്കുന്നതിനാൽ ഇതനുസരിച്ചുള്ള വേതനം നൽകേണ്ടതുണ്ട്. 4 കോടിയിലധികം രൂപ ഒരു വർഷത്തേക്ക് ചെലവ് വരുന്ന ഈ ഇനത്തിന് തുക കണ്ടെത്താൻ കോർപ്പറേഷന് മറ്റ് സ്രോതസ്സുകളില്ല. ആയതിനാൽ തൊഴിലാളികൾക്ക് വേതനം നൽകുന്നതിനായി 4 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കെൽപ്പാം**

2851-00-105-84—<u>കേരള സ്റ്റേറ്റ് പാൽമിര പ്രോഡക്ട്സ് ഡെവലപ്മെന്റ് ആന്റ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്</u>

4885-60-800-96—<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉള്ള തുക</u>

കെൽപാമിന്റെ തൊഴിലാളികൾക്കായി ഏർപ്പെടുത്തുന്ന സമഗ്ര തൊഴിലാളി ക്ഷേമ പദ്ധതിക്കായി 75 ലക്ഷം രൂപയും കരിമ്പന കൃഷി പ്രോത്സാഹനത്തിനും സാമൂഹ്യവനവത്കരണത്തിനുമായി 70 ലക്ഷം രൂപയും കരിമ്പന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും അത്യാധുനിക ശീതള പാനീയ യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ പ്രാരംഭ ചെലവിനായി 50 ലക്ഷം രൂപയും ശീതളപാനീയ നിർമ്മാണം, പനയോല കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഫർണിച്ചർ, ബ്രഷ് എന്നിവയുടെ നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിനായി 75 ലക്ഷം രൂപയും തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിലുള്ള എൻ.ബി.സി.എഫ്.ഡി.സി. യുടെ വായ്പാ പദ്ധതിക്ക് 30 ലക്ഷം രൂപയും പുതിയ ആരോഗ്യ ഔഷധ കരിമ്പന ഉല്പന്ന വികസനത്തിനും വ്യാപനത്തിനുമായി 45 ലക്ഷം രൂപയും ഉൾപ്പെടെ കെൽപാമിന് 2.95 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതിയുടെ അടുത്ത യോഗം 24-4-2013-ന് തിരുവനന്തപുരത്ത് വച്ച് ചേരാൻ തീരുമാനിച്ചു. യോഗം ഉച്ചയ്ക്കുശേഷം 3.20-ന് പിരിഞ്ഞു.

## 2013 ഏപ്രിൽ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2013 ഏപ്രിൽ മാസം 24-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ കോംപ്ലക്സിലെ VA കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. സി. കൃഷ്ണൻ
4. ശ്രീ. സാജു പോൾ
5. ശ്രീ. വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. സോമസുന്ദരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ്
2. ശ്രീ. ജപബാലൻ ഒലിവർ, അഡീഷണൽ സെക്രട്ടറി, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ്
3. ശ്രീ. പി. സി. കാസിം, അഡീഷണൽ സെക്രട്ടറി, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ്
4. ശ്രീ. എ. ആർ. അജയകുമാർ, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ടുമെന്റ്
5. ശ്രീ. കെ. എസ്. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ഐ.റ്റി. ഡിപ്പാർട്ടുമെന്റ്
6. ശ്രീ. സന്തോഷ്, എ., ജോയിന്റ് സെക്രട്ടറി, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ്
7. ശ്രീ. എ. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ടുമെന്റ്
8. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ്

9. ശ്രീ. സി. ബലരാമൻ, ഡയറക്ടർ, മൈനിംഗ് & ജിയോളജി ഡിപ്പാർട്ടുമെന്റ്
10. ശ്രീ. കെ. ബി. ജയകുമാർ, മാനേജിംഗ് ഡയറക്ടർ, കെ.എസ്. ഡി. പി.
11. ശ്രീ. ജയചന്ദ്രൻ, ആർ., മാനേജിംഗ് ഡയറക്ടർ, കാപ്പക്സ്
12. ശ്രീ. സി. പ്രസന്നകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ
13. ഡോ. കെ. എ. രതീശൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ക്യാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ
14. ശ്രീ. അബ്ദുൾ ലത്തീഫ്, മാനേജിംഗ് ഡയറക്ടർ, കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ്
15. ശ്രീ. അഭിഷേക്, സി., മാനേജിംഗ് ഡയറക്ടർ, കാഡ്കോ
16. ശ്രീ. കെ. എം. ഷിജിമോൻ, മാനേജിംഗ് ഡയറക്ടർ, കേരള സിറാമിക്സ്.
17. ശ്രീ. ടോം ജോസ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ
18. ശ്രീ. കെ. പത്മകുമാർ, സെക്രട്ടറി, റിയാബ് & എം. ഡി., എം. സി. എൽ.
19. അഡ്വ. കെ. ഷംസുദ്ദീൻ, മാനേജിംഗ് ഡയറക്ടർ, കെൽ
20. ശ്രീ. ബി. ജ്യോതികുമാർ, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്
21. ശ്രീ. കെ. ഷിരിഷ്, മാനേജിംഗ് ഡയറക്ടർ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
22. ശ്രീ. ഷാജഹാൻ, മാനേജിംഗ് ഡയറക്ടർ, ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
23. ശ്രീ. പി. സായിദേവ്, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്
24. ശ്രീ. എൻ. പി. സുബ്രമണ്യൻ, മാനേജിംഗ് ഡയറക്ടർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
25. ശ്രീ. എ. ആബിദ്, മാനേജിംഗ് ഡയറക്ടർ, സിൽക്ക്
26. ശ്രീ. ആർ. ജയകൃഷ്ണൻ നായർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എ.സി.എസ്.എ.പി.
27. ശ്രീ. കെ.ജി. ഗിരീഷ് ബാബു, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്, സൈബർ പാർക്ക് & എം.ഡി., കെ. എസ്. ഐ.ടി.ഐ.എൽ.
28. ശ്രീ. ജിജോ ജോസഫ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫോ പാർക്ക്
29. ശ്രീമതി രാജശ്രീ എം. എസ്, ഡയറക്ടർ ഐ. ഐ. ഐ. ടി. എം. കെ., തിരുവനന്തപുരം

30. ശ്രീ. ജെ. കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര അപ്പാരൽ പാർക്ക്

31. ശ്രീ. എസ്. അശോക് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ക്ലെയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്, കണ്ണൂർ

32. ശ്രീ. കെ. വേണുഗോപാൽ, മാനേജിംഗ് ഡയറക്ടർ, കെ. ഇ.എം.ഡി.ഇ.എൽ.

33. ശ്രീ. ബി. അരുൾ സെൽവൻ, മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ്

34. ശ്രീ. രമേഷ്, സി. ആർ., ജനറൽ മാനേജർ, കണ്ണൂർ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.

സമിതി 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XXXVII, വ്യവസായങ്ങൾ പരിഗണനയ്ക്കെടുക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ സൂഷ്മ പരിശോധന നടത്തുകയും വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ, സംബന്ധിച്ച പവർ പോയിന്റ് പ്രസന്റേഷനിലൂടെ റിയാബിന്റെ സെക്രട്ടറിയും എം. സി. എൽ.-ന്റെ എം. ഡി. യുമായ ശ്രീ. കെ. പത്മകുമാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിവരിക്കുകയും അധിക തുകയുടെ ആവശ്യകത സംബന്ധിച്ച് വ്യക്തമാക്കുകയും ചെയ്തു.

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി ഓരോ പദ്ധതിക്കായി തുക വിഭജിച്ച് നൽകിയിരിക്കുന്നതിനാൽ, നിശ്ചിത പദ്ധതിക്കായി യഥാസമയം ഉപയോഗിക്കാൻ കഴിയാതെ വരുന്ന തുക തിരിച്ചടയ്ക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടെന്ന് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ആയതിനാൽ പ്രസ്തുത തുക ഒറ്റ ഫണ്ടായി നിലനിർത്തണമെന്ന് അദ്ദേഹം സമിതിയോട് ആവശ്യപ്പെട്ടു. സമിതി പ്രസ്തുത നിർദ്ദേശം ശുപാർശയായി നൽകാൻ തീരുമാനിച്ചു.

കമ്പനികൾക്ക് മാർജിൻമണി ഫോർ വർക്കിംഗ് കാപ്പിറ്റൽ നൽകുന്നതുമായി ബന്ധപ്പെട്ട് സമിതി ഉന്നയിച്ച സംശയത്തിന് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. കൂടുതൽ ഓർഡറുകളുള്ള കമ്പനികൾക്ക് കൂടുതൽ മാർജിൻമണി വേണ്ടി വരുമെന്നും മറ്റ് സ്രോതസ്സുകളില്ലാത്ത അവർക്ക് പ്രവർത്തനം തുടരാൻ മാർജിൻമണി നൽകാറുണ്ടെന്നും അദ്ദേഹം വിശദമാക്കി.

സമാനസ്വഭാവമുള്ള സ്ഥാപനങ്ങൾ സംയോജിപ്പിക്കുകയാണെങ്കിൽ അവയുടെ അഡ്മിനിസ്ട്രേഷനും എസ്റ്റാബ്ലിഷ്മെന്റിനുമുള്ള ചെലവ് കുറയ്ക്കാനാവുമെന്ന് സമിതിയിൽ അഭിപ്രായമുണ്ടായി. സി. ഇ. ഒ.മാരായി പ്രൊഫഷണൽ ആളുകളെ നിയമിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി സംബന്ധിച്ച് സമിതി ആരാഞ്ഞു. ഒരേ മേഖലയിലെ ലാഭത്തിലും നഷ്ടത്തിലുമിരിക്കുന്ന രണ്ട് യൂണിറ്റുകൾ സംയോജിപ്പിക്കാനുള്ള സാധ്യത സമിതി ആരാഞ്ഞു.

മെർജർ പ്രൊപ്പോസൽ ഉള്ള കമ്പനികൾ ഉണ്ടെന്നും എന്നാൽ നഷ്ടത്തിലും ലാഭത്തിലുമുള്ള കമ്പനികൾ സംയോജിപ്പിക്കുന്നതിൽ ചില പ്രശ്നങ്ങൾ ഉണ്ടെന്നും സി. ഇ. ഒ. മാരെ നിയമിക്കുന്നതിന് വിഞ്ജാപനം നടത്തി നാല് പേരെ തെരഞ്ഞെടുത്തിട്ടുള്ളതായും ശമ്പളം കുറവായതിനാൽ ഇതിലേക്ക് ആളെ കിട്ടുന്നതിന് ബുദ്ധിമുട്ടുള്ളതായും സമിതിയെ അറിയിച്ചു.

കമ്പനികളിൽ ഗവേഷണ സൗകര്യവും അതുവഴി വിപുലീകരണവും ആധുനികവൽക്കരണവും വേണമെന്നും കമ്പനികളുടെ നഷ്ടം നികത്തിക്കൊണ്ടിരിക്കുന്നതിന് പകരം പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

തദവസരത്തിൽ കുറച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ സന്ദർശിക്കാൻ സമിതി തീരുമാനിച്ചു.

ഇംഗ്ലീഷ് ഇന്ത്യ ക്ലേയ്സിലെ സമരം സംബന്ധിച്ച് സമിതിയുടെ ചോദ്യത്തിന് അവിടെ ചില വയലേഷൻസ് ഉണ്ടായിരുന്നെന്നും അത് പരിഹരിച്ചശേഷമേ പ്രവർത്തനം നടക്കുകയുള്ളൂ എന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പറയുകയുണ്ടായി. ഇതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടണമെന്ന് സമിതി നിർദ്ദേശിച്ചു.

മട്ടിമണൽ ഖനനം തടയുന്നതിനായി കർശന നിരോധനം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാവണമെന്ന് സമിതി ആവശ്യപ്പെട്ടു. ഇതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിയ്ക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സയൻസ് പാർക്കുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു യോഗം ചേരാനും സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥനയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശുപാർശകൾ നൽകാൻ തീരുമാനിച്ചു.

## കേരള കരകൗശല വികസന കോർപ്പറേഷൻ

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷൻസിനുള്ള സഹായം

കേരള കരകൗശല വികസന കോർപ്പറേഷന്റെ ആസ്ഥാനമന്ദിരത്തിന്റെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി 20 ലക്ഷം രൂപയും കോർപ്പറേഷന്റെ ഹെഡ് ഓഫീസിലും വിൽപ്പനശാലകളിലും ഫിംഗർ പ്രിന്റ് ടൈം അറ്റൻഡൻസ് ടെർമിനൽ, സി.സി. ടി.വി. സർവെയിലൻസ് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിന് 15 ലക്ഷം രൂപയും ചേർത്ത് ആകെ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4860-01-190-90—ടെക്സ്റ്റൈൽ മേഖലയുടെ പുനരുജ്ജീവനത്തിനുള്ള സമഗ്ര പദ്ധതി

ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി 2012-13 -ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിലുള്ള 60 കോടി രൂപയിൽ 27.60 കോടി രൂപ 2012-13

വർഷം ലഭിച്ചിരുന്നു. ബാക്കി തുകയായ 32.40 കോടി രൂപ 2013-14-ൽ വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്തു.

4859-02-190-92(പ്ലാൻ)—ഏറോസ്പേസ് സെന്റർ-നിക്ഷേപങ്ങൾ/(പ്ലാൻ)

2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന്റെ ഏറോസ്പേസ്, ഡിഫൻസ് പ്രോജക്ടുകൾ എന്നിവ നടപ്പിലാക്കുന്നതി നായി സർഫസ് മൗണ്ട് ടെക്നോളജി സംവിധാനം നടപ്പിലാക്കുന്നതിനായി 10 കോടി രൂപയുടെ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതിൽ 4 കോടി രൂപ 2011-12-ൽ ലഭിച്ച തുകയിൽ നിന്നും ചെലവഴിക്കുന്നതിനും ബാക്കിയുള്ള 6 കോടി രൂപ കണ്ടെത്തി നൽകുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ബാക്കി തുകയായ 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ**

2852-08-600-82—കശുവണ്ടി വികസന കോർപ്പറേഷൻ ബ്രാൻഡ് പ്രൊമോഷൻ

കശുവണ്ടി വിപണിയിൽ ബ്രാൻഡ് വാല്യൂ ഉള്ള ഉൽപ്പന്നങ്ങൾക്ക് മുന്തിയ വില അവകാശപ്പെടാവുന്നതും അവ നന്നായി വിപണനം ചെയ്യപ്പെടുന്നതുമാണെന്നത് അംഗീകരിക്കപ്പെട്ട പൊതു തത്വമാണ്. ഇന്ത്യൻ കാഷ്യൂ അഥവാ കെ.എസ്.സി.ഡി.സി. ബ്രാൻഡ് (സി.ഡി.സി. ബ്രാൻഡ്) വികസിപ്പിച്ചെടുക്കേണ്ടത് ആവശ്യമാണ്. ഈ സാഹ ചര്യത്തിൽ ദീർഘവീക്ഷണത്തോടും സുസ്ഥിരതയോടുംകൂടി ഉൽപ്പന്നത്തിന്റെ നിലവാരം കാത്തുസൂക്ഷിച്ചുകൊണ്ട് നമ്മുടെ ബ്രാൻഡിനെ കേരളത്തിലും ഇന്ത്യയിലൊട്ടാകെയും ചൈന, റഷ്യ, മറ്റു പാശ്ചാത്യ രാജ്യങ്ങൾ എന്നിവിടങ്ങളിലും വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയ്ക്ക് പുറമെ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4860-60-190-94—കെ.എസ്.സി.ഡി.സി.യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബാങ്കുകളുടെ ബാധ്യത സർക്കാർ ഏറ്റെടുത്തതിൽ ബാക്കി നൽകാനുള്ള 40 കോടി രൂപയ്ക്കും അതിന്റെ പലിശയ്ക്കും പുറമെ ബാങ്കുകൾ പ്രവർത്തന മൂലധന മായി നൽകിയ 59 കോടി രൂപകൂടി ബാദ്ധ്യതയുണ്ട്. ഇതുകൂടി സർക്കാർ ഏറ്റെടു ത്താൽ, തുടർന്ന് പ്രവർത്തന മൂലധനം ആർജ്ജിക്കാൻ കോർപ്പറേഷന് സാധിക്കും. ആയതിനാൽ ആകെ 99 കോടി രൂപയുടെയും അതിന്റെ പലിശയുടെയും ബാധ്യത കൂടി സർക്കാർ ഏറ്റെടുത്ത് തവണകളായി നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

കോർപ്പറേഷനിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് അർഹതപ്പെട്ട ഗ്രാറ്റ്വിറ്റി നൽകുന്നതിലേക്കായി 29.36 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കോർപ്പറേഷൻ വാടകയ്ക്ക് നടത്തിവരുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രസ്തുത 20 ഫാക്ടറികൾ വിലയ്ക്കെടുക്കുന്ന തിനായി 25 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കോർപ്പറേഷനെ സ്വയം പര്യാപ്തമാക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തേയ്ക്ക് 100 കോടി രൂപ പ്രവർത്തന മൂലധന സഹായമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്)**

4860-60-190-93—കാപ്പക്സിനു കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ മറ്റു നിയമാനുസൃത ബാധ്യതകൾ എന്നിവ ഒറ്റത്തവണയായി തീർപ്പാക്കുന്നതിനായി നോൺ പ്ലാൻ ഇനത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കൂടാതെ കാപ്പക്സിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി നോൺ പ്ലാൻ ഇനത്തിൽ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)**

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷൻസിനുള്ള സഹായം

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കാഡ്കോയുടെ വിഹിതം 65 ലക്ഷം രൂപയാണ്. കാഡ്കോയുടെ കളമശ്ശേരിയിലെ പെർമനന്റ് ട്രെയിനിംഗ് സെന്ററിന്റെ തുടർപ്രവർത്തനത്തിനായി 28 ലക്ഷം രൂപയും വിവിധ മേഖലകളിലെ നൈപുണ്യ പരിശീലന പരിപാടികൾക്കായി 32 ലക്ഷം രൂപയും ചേർത്ത് ആകെ 60 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2851-00-104-84—കരകൗശല മേഖലയിൽ ഉദ്യമകർത്തവ്യ സഹായം

ഏകദേശം 100 ആർട്ടിസാൻസ്കാർക്ക് വായ്പ നൽകുന്നതിനായി 30 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ആർട്ടിസാൻസ് ഉൽപ്പന്നങ്ങൾക്ക് വിപണി

ആർട്ടിസാൻസ് ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രധാന നഗരങ്ങളിൽ പ്രദർശന വിൽപ്പന മേളകൾ, ബയർ-സെല്ലർ മീറ്റ് തുടങ്ങിയവ നടത്തുന്നതിന് ലക്ഷ്യമിടുന്നു. ആയതിന്റെ ആവശ്യത്തിലേക്കായി 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.)**

4885-01-190-99(01)—കേരള സംസ്ഥാന വ്യാവസായിക വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ

തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ 260 ഏക്കർ സ്ഥലം ഏറ്റെടുത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ നിർമ്മാണം

പുരോഗമിച്ചുവരികയാണ്. അവിടെ ഒരു ബയോടെക് ഇൻക്യുബേഷൻ സെന്റർ സജ്ജമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ബയോടെക്നോളജി വകുപ്പിന്റെ സഹായം ലഭ്യമാകുന്നുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി ഈ വർഷം അനുവദിച്ച 20.78 കോടി രൂപയിൽ 5 കോടി രൂപ നബാർഡിന്റെ RIDF സ്കീമിൽ പെട്ടതാണ്. എന്നാൽ നബാർഡിൽ നിന്നും പ്രസ്തുത തുക ലഭിക്കുവാൻ സാദ്ധ്യതയില്ലാത്തതിനാൽ ബഡ്ജറ്റിലൂടെ അനുവദിച്ച 20.78 കോടി രൂപയും കെ.എസ്.ഐ.ഡി.സി.-ക്ക് ഓഹരിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)

6885-60-190-99—കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ

2013-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കൊച്ചി സ്റ്റാർട്ട് അപ്പ് വില്ലേജിലും തിരുവനന്തപുരം ടെക്നോപാർക്കിലും ഒരു ഇലക്ട്രോണിക് ഫാബ്രിക്കേഷൻ ലബോറട്ടറി സ്ഥാപിക്കുന്നതിനുവേണ്ടി 20 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത തുകയിൽ കളമശ്ശേരിയിലുള്ള കിൻഫ്രയുടെ ഹൈടെക് പാർക്കിൽ ഇലക്ട്രോണിക് ഫാബ്രിക്കേഷൻ ലബോറട്ടറി സ്ഥാപിക്കുന്നതിനുവേണ്ടി 10 കോടിരൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്മാർട്ട്സിറ്റി, ഇൻഫോ പാർക്ക്, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം എന്നിവിടങ്ങളിലെ ജലവിതരണം റോഡ് എന്നിവ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബഡ്ജറ്റ് പ്രസംഗത്തിൽ 15 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത വികസന പ്രവർത്തനങ്ങൾക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുള്ളത് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വൻകിട വ്യവസായ വാണിജ്യ മേഖലകൾ സ്ഥാപിക്കുവാൻ കിൻഫ്ര പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് 25 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ഏകദേശം 2000 ഏക്കർ സ്ഥലം കേരളത്തിന്റെ വിവിധ ജില്ലകളിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതിനാൽ ഇതിനനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനായി 200 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ലോകത്തിന്റെ ആയുർവ്വേദ തലസ്ഥാനം എന്ന പദവിയിലേക്ക് കേരളത്തെ ഉയർത്തുന്നതിനുവേണ്ടി കിൻഫ്രയുടെ നേതൃത്വത്തിൽ ആവിഷ്കരിക്കുന്ന ഒരു പദ്ധതിയാണ് ഗ്ലോബൽ ആയുർവ്വേദ വില്ലേജ്. ഇതിന്റെ പ്രാരംഭപ്രവർത്തനത്തിനായി 5 കോടിരൂപ 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിരുന്നത് ലഭ്യമായിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ 7.58 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിന് തിരുവനന്തപുരത്ത് വർക്കലയിൽ 68 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള അംഗീകാരത്തിന് സർക്കാരിനെ സമീപിച്ചിരിക്കുന്നതിനാൽ ഇതിനും തുക വേണ്ടതായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനും പ്രാരംഭ നിർമ്മാണ പ്രവർത്തനത്തിനുമായി 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**

അണക്കെട്ടിൽ നിന്ന് ചെളിയും മണലും നീക്കുന്നതിനുള്ള `ഡീസിൽറ്റിംഗ്' പദ്ധതി പ്രകാരം മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ അണക്കെട്ടുകളിൽ നിന്നും ചെളിയും മണലും നീക്കം ചെയ്ത് അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വേർതിരിച്ചെടുക്കുന്ന മണൽ സംസ്ഥാനത്തെ മണൽക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിനും സഹായകമാകും. കൂടാതെ മണൽ വേർതിരിച്ച് കിട്ടുന്ന ചെളി, ഇഷ്ടിക, ഓട് മുതലായവയുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായി ആ മേഖലയിലുള്ളവർക്ക് വിതരണം ചെയ്യാവുന്നതാണ്. ഒരു വർഷം ഏകദേശം 6 ലക്ഷം ടൺ മണലും 0.6 ലക്ഷം ടൺ ചെളിയും ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിക്ക് 10.17 കോടി രൂപ മൂലധന ചെലവും 15 കോടി രൂപ ലാഭവും പ്രതീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി 10.17 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ക്രൂഡോയിൽ, പ്രകൃതിവാതകം എന്നിവയുടെ ഖനനത്തിൽ ശിലകളിലെ സുഷിരങ്ങളിൽ നിന്നും ഇവയുടെ ഒഴുക്ക് കുറയാതെ സംരക്ഷിക്കുന്നതിന് ഉപയോഗിച്ചുവരുന്ന 'ഫ്രാക് സാന്റ്'' കേരളത്തിലെ വിവിധ തരം മണലുകളിൽ നിന്നും ഉണ്ടാക്കുവാൻ ലക്ഷ്യമിടുന്നതാണ് `കെംഡൽ പദ്ധതി'. ഈ പദ്ധതിയ്ക്ക് ഏകദേശം 635 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 410 ലക്ഷം രൂപ സ്ഥിരമൂലധനവും 225 ലക്ഷം രൂപ ആവർത്തന ചെലവുകൾക്കുമായി കണക്കാക്കിയിരിക്കുന്നു. ആദ്യവർഷം ഏകദേശം 5760 ടൺ ഫ്രാക് സാന്റ്, 1440 ടൺ വേസ്റ്റ് മണൽ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഏകദേശം 6.35 കോടി രൂപ മൂലധന ചെലവും 7.2 കോടി വരവും 5.43 കോടി രൂപ റവന്യൂ ചെലവും 1.77 കോടി രൂപ മിച്ചവും പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്കായി 4.10 കോടി രൂപ (സ്ഥിര മൂലധനം) ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ

**കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)**

'കെൽ'-ന്റെ മാമല യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ പവ്വർ ട്രാൻസ്ഫോമറുകളുടെ ഉൽപ്പാദനം തുടങ്ങുന്നതിന് കമ്പനി 12.50 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇതിന്റെ ആദ്യ ഗഡുവായി 4 കോടി രൂപ ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു.

പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി തുക പര്യാപ്തമല്ല. ആയതിനാൽ 8.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

'കെൽ'-ന്റെ മാമല യൂണിറ്റിലെ നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ പ്ലാന്റിന്റെ ആധുനികവൽക്കരണത്തിന് കാലപ്പഴക്കംചെന്ന മെഷീനുകൾ മാറ്റി സ്ഥാപിക്കേണ്ടതുമുണ്ട്. ഇതിലേക്കായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2012-13 സാമ്പത്തിക വർഷം 'കെൽ'-ന്റെ കുണ്ടറ യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 3 കോടി രൂപയും `Statutory dues'ന്റെ തിരിച്ചട വിനായി 2 കോടി രൂപയും സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതിൻ പ്രകാരം 1.96 കോടി രൂപ മാത്രമാണ് സർക്കാരിൽ നിന്നും ലഭിച്ചത്. കിറ്റ്കോ നിർദ്ദേശിച്ച കെൽ കുണ്ടറ യൂണിറ്റിന്റെ സമഗ്ര പുനരുദ്ധാരണ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്ന ചെലവായ 31.70 കോടി രൂപയിൽ 5 കോടിരൂപ മാത്രമാണ് 2013-14-ലെ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ളത്. ബാക്കി തുക കൂടി സർക്കാരിൽ നിന്നും ലഭ്യമായാൽ മാത്രമേ പുനരുദ്ധാരണം പൂർത്തീകരിച്ച് കൂടുതൽ ഉൽപ്പാദനക്ഷമത കൈവരിക്കുവാനും നിലവിൽ നഷ്ടത്തിൽ പോകുന്ന യൂണിറ്റ് ലാഭകരമാക്കുവാനും സാധിക്കുകയുള്ളൂ. ആയതിനാൽ കെൽ കുണ്ടറ യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും 'Statutory dues' തിരിച്ചടവിനുമായി 3.04 കോടി രൂപയും സമഗ്ര പുനരുദ്ധാരണ പദ്ധതിയ്ക്കായി 26.70 കോടിരൂപയും ചേർത്ത് ആകെ 29.74 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

### സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്

സിൽക്കിന്റെ ഒരു അനുബന്ധ സ്ഥാപനമായി പ്രവർത്തിച്ചുവരുന്ന 'സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്' വിവിധ സ്ഥാപനങ്ങൾക്കാവശ്യമായ പ്രത്യേക തരം ഫോർജിംഗ്സുകൾ നിർമ്മിച്ച് നൽകുന്നു. നിലവിലുള്ള 10 ടൺ ഹാമ്മറിന്റെ ആൻവിൽ ബ്ലോക്ക് മാറുകയും 16 ടൺ ഹാമ്മറിനോടനുബന്ധിച്ച മറ്റു യന്ത്ര സാമഗ്രികൾ വാങ്ങി സ്ഥാപിക്കുകയും ചെയ്താൽ ഉൽപ്പാദനക്ഷമതയും ലാഭവും ഏറെ വർദ്ധി പ്പിക്കുവാൻ സാധിക്കും. ആയതിനാൽ ഇതിനാവശ്യമായ 10 കോടി രൂപ വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്തു.

### കേരള സിറാമിക്സ് ലിമിറ്റഡ്

കുണ്ടറയിലുള്ള കേരള ക്ലെയ്സ് ആന്റ് മിനറൽസ് ഡിവിഷന്റെ പ്ലാന്റ് തീർത്തും ജീർണ്ണാവസ്ഥയിലാണ്. പ്ലാന്റിൽ നിന്നും ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങൾ പുറത്തി റക്കുന്നത് ദുഷ്കരമായി തീർന്നിരിക്കുകയാണ്. ജീർണ്ണാവസ്ഥയിലായ പ്ലാന്റിന്റെ നവീകരണത്തിന് 8 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

### കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

കെ.എസ്.ഡി.പി.യുടെ നവീകരണത്തിന്റെ രണ്ടാംഘട്ടമായി നോൺ-ബീറ്റാലാക്ടം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയ്ക്കായി സർക്കാരിന് സമർപ്പി ച്ചിട്ടുള്ള 65 കോടി രൂപയുടെ പ്രൊപ്പോസൽ നടപ്പാക്കുന്നതിന് 2012-13 വർഷത്തിൽ 2.50 കോടി രൂപ അനുവദിച്ചിരുന്നു. 2013-14 വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പുതിയ ഒരു ലബോറട്ടറി സ്ഥാപിക്കുന്നതിനുവേണ്ടി 160 ലക്ഷംരൂപ സർക്കാരിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ 2010-ൽ എസ്റ്റിമേറ്റ് ചെയ്തതിനെക്കാൾ കൂടുതൽ തുക ലാബിന്റെ നിർമ്മാണത്തിനായി ആവശ്യമായി വരുന്നതിനാൽ ലാബിന്റെ പണി പൂർത്തീകരിക്കുന്നതിന് മൊത്തം 290 ലക്ഷം രൂപ മുടക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ലബോറട്ടറി സ്ഥാപിക്കുന്നതിലേക്കായി അനുവദിച്ച തുകയെക്കാൾ 1.30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കെ.എസ്.ഡി.പി.യുടെ നവീകരണത്തോടനുബന്ധിച്ച് ബീറ്റാലാക്ടം ഇൻജക്ഷൻ യൂണിറ്റ് സ്ഥാപിക്കുവാൻ അനുമതി ലഭിക്കുകയും ഇതിലേക്കായി 426.20 ലക്ഷം രൂപ ലഭിച്ചുവെങ്കിലും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 989 ലക്ഷം രൂപയുടെ മുതൽമുടക്ക് ആവശ്യമുണ്ട്. ഇൻഫ്രാസ്ട്രക്ചർ സ്ഥാപിച്ചു കഴിഞ്ഞെങ്കിലും ഉപകരണങ്ങൾക്കുള്ള തുക വേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത പ്രോജക്റ്റിന്റെ പൂർത്തീകരണത്തിനായി ബാക്കി തുകയായ 562.80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വൈറ്റമിൻ 'എ' പ്ലാന്റിന്റെ പ്രവർത്തനത്തോടനുബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 143 ലക്ഷം രൂപയുടെ കുടിശ്ശിക കമ്പനി നൽകുവാനുണ്ട്. ഇതിൽ കറണ്ട് ചാർജ്ജായ 52.45 ലക്ഷം രൂപ മാത്രം ഈടാക്കി, പലിശയും ഡിമാന്റ് ചാർജ്ജുമായ ബാക്കി തുക ഒഴിവാക്കി കൊടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ കറണ്ട് ചാർജ്ജ് അടയ്ക്കുന്നതിന് മൂലധനത്തിൽ നിന്നും പണമെടുക്കുന്നത് കമ്പനിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ കറന്റ് ചാർജ്ജ് തുകയായ 52.45 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

സെയിൽസ് ടാക്സിന്റെ ആംനസ്റ്റി സ്കീം പ്രകാരം കമ്പനി സെയിൽസ് ടാക്സ് ഇനത്തിൽ 57 ലക്ഷം രൂപ അടയ്ക്കുവാനുണ്ട്. കമ്പനിയുടെ കൈവശമുള്ള ഫണ്ടിൽ നിന്നും ഈ തുക അടച്ചാൽ അത് കമ്പനിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണ്. ആയതിനാൽ സെയിൽസ് ടാക്സ് കുടിശ്ശിക അടയ്ക്കുന്നതിൽ നിന്ന് കമ്പനിയെ ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കെ.എസ്.ഡി.പി. ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ D.H.S. മുഖേനയും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേനയും വർഷങ്ങളായി സർക്കാർ ആശുപത്രികളിൽ നൽകി വരുന്നു. സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്ന് ഉൽപ്പാദിപ്പിച്ച് നൽകുന്നതിന് വേണ്ടി സ്ഥാപിച്ച കെ.എസ്.ഡി.പി.ക്ക് സമീപകാലത്തായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന ഓർഡർ വളരെ കുറവാണ്. ഇത് കമ്പനിയെ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്ന സാഹചര്യം ഉളവാക്കുന്നു. ആയതിനാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ആവശ്യമായ മരുന്നുകളുടെ 20% പരസ്പരം അംഗീകരിച്ച വിലയിൽ കെ.എസ്.ഡി.പി.യിൽ നിന്നും വാങ്ങേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തു.

**യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും ഇതര സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുകൾക്കും മീറ്ററുകളും അനുബന്ധ വൈദ്യുത ഉപകരണങ്ങളും നിർമ്മിച്ചുനൽകുന്ന പൊതുമേഖലാ സ്ഥാപനമാണ് യുണൈറ്റഡ് ഇലക്ട്രിക്കൽ

ഇൻഡസ്ട്രീസ് ലിമിറ്റഡ്. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കമ്പനി സൗരോർജ്ജ അനുബന്ധ ഉൽപ്പന്നങ്ങൾ, എൽ.ഇ.ഡി. ലൈറ്റ് സിസ്റ്റം എന്നിവയുടെ നിർമ്മാണത്തിന് രൂപം നൽകിയിട്ടുണ്ട്. ഇതിലേക്കായി താഴെ ചേർത്തിരിക്കും പ്രകാരം തുക ആവശ്യമുണ്ട്.

| *പദ്ധതി* | *പ്രവർത്തന മൂലധനം* | *സ്ഥിര മൂലധനം* | *ആകെ* (*രൂപ ലക്ഷത്തിൽ*) |
|---|---|---|---|
| 1. സൗരോർജ്ജ പദ്ധതിയും അനുബന്ധ ഉൽപ്പന്നങ്ങളും | 600 | 500 | 1100 |
| 2. എൽ.ഇ.ഡി. പ്രോജക്ട് | 450 | 250 | 700 |
| 3. എൽ.സി.ഡി. മീറ്ററുകൾ | 844.49 | 228.28 | 1072.77 |
| | ആകെ | | 2872.77 |

ആയതിനാൽ കമ്പനിയുടെ നിലനിൽപ്പിനാവശ്യമായ വൈവിദ്ധ്യവൽക്കരണത്തിനായി 2872.77 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്**

ഇന്ത്യയിൽ തന്നെ പൊതുമേഖലയിൽ ഉള്ള ഏക കേബിൾ മാനുഫാക്ച്ചറിംഗ് യൂണിറ്റാണ് ട്രാക്കോ കേബിൾ കമ്പനി. കെ.എസ്.ഇ.ബി.യുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സ്ഥാപിതമായ കമ്പനിയ്ക്ക്, പക്ഷേ ഇപ്പോൾ കെ.എസ്.ഇ.ബി.യിൽ നിന്ന് ലഭിക്കുന്ന ഓർഡറുകൾ നന്നേ കുറവാണ്. അതിനാൽ സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ തുടർച്ചയായ ഓർഡറുകൾ ലഭിക്കത്തക്ക രീതിയിൽ കെ.എസ്.ഇ.ബി.യുമായി ഒരു റേറ്റ് കോൺട്രാക്ട് ഉണ്ടാക്കുവാനും കെ.എസ്.ഇ.ബി.ക്ക് ആവശ്യമുള്ള മുഴുവൻ കേബിളുകളും ട്രാക്കോയുടെ കപ്പാസിറ്റിക്കുള്ളിൽ വരുന്നതായതുകൊണ്ട് ട്രാക്കോ കേബിൾ കമ്പനിയിൽ നിന്നുതന്നെ വാങ്ങുവാനും സമിതി ശുപാർശ ചെയ്തു.

വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി 10.35 കോടി രൂപയുടെ പദ്ധതികൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് ട്രാക്കോ കേബിൾ കമ്പനി സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

എ. എക്സ്.എൽ.പി.ഇ. (ക്രോസ് ലിങ്ക്ഡ് പോളി എത്തിലീൻ) കേബിളുകൾ കമ്പനിയുടെ തിരുവല്ല യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി : 9.05 കോടി രൂപ

ബി. തിരുവല്ല യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പേപ്പർ കവേർഡ് ആന്റ് ഇൻസുലേറ്റഡ് കണ്ടക്ടേഴ്സ് : 55 ലക്ഷം രൂപ

സി. തലശ്ശേരി യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന എനാമൽഡ് വൈൻഡിംഗ് വയേഴ്സ് : 75 ലക്ഷം രൂപ

പ്രസ്തുത പദ്ധതികൾക്കായി 3.60 കോടി രൂപ 25-1-2013-ലെ ജി.ഒ.(എംഎസ്.) 6/2013/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ബാക്കി തുകയായ 6.75 കോടി രൂപകൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ട്രാക്കോ കേബിൾ കമ്പനിയിലെ ഉൽപ്പന്നങ്ങളുടെ പ്രധാന അസംസ്കൃത വസ്തുവായ അലുമിനിയം നിലവിൽ ദണ്ഡുകളായാണ് വാങ്ങുന്നത്. എന്നാൽ അലുമിനിയം `ഇൻഗോട്ട്' വാങ്ങി കമ്പനിയിൽ അവ ദണ്ഡാക്കി മാറ്റുന്ന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിവരുന്നു. അലുമിനിയം വാങ്ങുന്ന ഇനത്തിലെ ചെലവ് ഗണ്യമായി കുറയ്ക്കാൻ സഹായകമായ പ്രസ്തുത പ്രോജക്ടിന് 7 കോടി രൂപ വേണ്ടി വരുമെന്നതിനാൽ ഈ ഇനത്തിൽ 7 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

'വാറ്റ്' ഇനത്തിൽ 2006-07 വർഷം കമ്പനി അടയ്ക്കാനുള്ള ബാക്കി തുകയായ 63.31 ലക്ഷം രൂപയ്ക്ക് 34.95 ലക്ഷം രൂപ പലിശയും 69.90 ലക്ഷം രൂപ പിഴപ്പലിശയും ചുമത്തിയിട്ടുണ്ട്. കമ്പനി ഇതിനകം 25 ലക്ഷം രൂപ മുതലിന് എതിരായി അടച്ചിട്ടുണ്ട്. ബാക്കി തുക അടയ്ക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി കമ്പനിക്കില്ല. ആയതിനാൽ 2006-07 വർഷത്തെ വാറ്റിന്റെ ബാക്കി തുകയായ 38.31 ലക്ഷം രൂപയും പലിശ ഇനത്തിലുള്ള 34.95 ലക്ഷം രൂപയും പിഴപ്പലിശ ഇനത്തിലുള്ള 69.90 ലക്ഷം രൂപയും ട്രാക്കോ കേബിൾ കമ്പനിയ്ക്ക് ഇളവുചെയ്ത് നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

**സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്)**

സിൽക്ക് തുറവൂർ യൂണിറ്റിന്റേയും അഴീക്കൽ യൂണിറ്റിന്റേയും ഒന്നാംഘട്ട പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ദ്രുതഗതിയിൽ നടന്നു വരുന്നു. അമ്പതോളം പേർക്ക് തൊഴിൽ നൽകുവാൻ കഴിയുന്ന രണ്ടാംഘട്ട പുനരുദ്ധാരണ പ്രവർത്തനത്തിന് ഫണ്ട് വേണ്ടതായിട്ടുണ്ട്. ആയതിനാൽ തുറവൂർ ജനറൽ എഞ്ചിനീയറിംഗ് വർക്സിന്റെ സാങ്കേതിക പുനരുദ്ധാരണം, ആരോഗ്യ അടിസ്ഥാന മേഖലയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി 4 കോടി രൂപയും അഴീക്കൽ ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റിന്റെ സാങ്കേതിക പുനരുദ്ധാരണം, ജലഗതാഗത മേഖലയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് 2 കോടി രൂപയും ചേർത്ത് 6 കോടി രൂപ ഗ്രാന്റായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപരിയായി നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്**

വിപണിയുടെ ഇപ്പോഴത്തെ സ്പന്ദനങ്ങൾക്കനുസൃതമായി എൽ.പി.ജി./സി.എൻ.ജി. ത്രിചക്ര വാഹനങ്ങളുടെ വികസനവും ഉൽപ്പാദനവും സംബന്ധിച്ച പദ്ധതിയ്ക്ക് രൂപം നൽകിയിരിക്കുകയാണ് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്. ഇതിന് അനുവദിച്ചിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

### ആട്ടോകാസ്റ്റ് ലിമിറ്റഡ്

ആട്ടോകാസ്റ്റ് ലിമിറ്റഡ് 2013-14-ൽ സർക്കാരിന് സമർപ്പിച്ച ബഡ്ജറ്റ് പ്രകാരം കമ്പനിയുടെ പുതിയ യൂണിറ്റിൽ ഉണ്ടാക്കുന്ന ഉരുക്കുകാസ്റ്റിംഗുകൾ ഉൾപ്പെടെ 4740 ടൺ ഉല്പാദനം ലക്ഷ്യമിടുന്നു. ഇതിനായി 2 കോടി രൂപയും ഉൽപ്പാദന യൂണിറ്റിൽ അടിയന്തരമായി സ്ഥാപിക്കേണ്ട ഉപകരണങ്ങൾക്ക് 4.8248 കോടി രൂപയും അത്യന്താപേക്ഷിതമാണ്. ആയതിനാൽ കമ്പനിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ബഡ്ജറ്റ് വിഹിതമായ 2 കോടി രൂപയ്ക്ക് പുറമെ 6.8248 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

### കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്

കെ.സി.സി.പി.യുടെ വിപുലീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടി 11 കോടി രൂപയുടെ പദ്ധതി സർക്കാരിന് സമർപ്പിക്കുകയും അത് അംഗീകരിക്കുകയും ചെയ്തുവെങ്കിലും നിലവിലുള്ള സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ 15 കോടി രൂപ ആവശ്യമായി വരും. കമ്പനിയുടെ കൈവശമുള്ള ധനശേഖരം ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായതുകൊണ്ട്, പ്രസ്തുത പദ്ധതിയിലുൾപ്പെട്ട എരിക്കുളം പ്രോജക്ടിന് (മൈനിംഗ് ആന്റ് ബെനിഫിസിയേഷൻ പ്ലാന്റ്, എരിക്കുളം, കാസർഗോഡ്) സാമ്പത്തിക സഹായമായി അനുവദിച്ച 4.50 കോടി രൂപയ്ക്ക് പുറമെ 5 കോടി രൂപകൂടി ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

### ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്

ട്രാവൻകൂർ സിമന്റ്സിന്റെ മില്ല് ആധുനിക രീതിയായ ഹൈക്രോം ഗ്രൈന്റിംഗ് മീഡിയ ഉപയോഗിക്കാവുന്ന തരത്തിൽ രൂപാന്തരപ്പെടുത്തി ഉൽപ്പാദനം കൂട്ടുവാനും വൈദ്യുതി ഉപയോഗവും മനുഷ്യപ്രയത്നവും കുറച്ച് ലാഭകരമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിനായി 1.50 കോടി രൂപ വേണ്ടതുണ്ട്. ക്ലിങ്കർ ഇറക്കുമതി ദീർഘകാലാടിസ്ഥാനത്തിൽ വേണ്ടിവരുന്ന തുടർച്ചയായ ഒരു പ്രക്രിയ ആയതിനാൽ ഇതിന് ടിപ്പർ ലോറിയും മൊബൈൽ ക്രെയിനും അത്യാവശ്യമാണ്. ഇപ്പോൾ ഉപയോഗിച്ചുവരുന്ന മൊബൈൽ ക്രെയിൻ കമ്പനിയുടെ മറ്റ് ഉപയോഗങ്ങൾക്കുകൂടി വേണ്ടതും ടിപ്പർ ലോറി ഇനിയും നന്നാക്കാൻ പറ്റാത്ത അവസ്ഥയിലുമാണ്. അതിനാൽ ഒരു മൊബൈൽ ക്രെയിനും ടിപ്പർ ലോറിയും അടിയന്തരമായി വാങ്ങേണ്ടതുണ്ട്. ഇതിന് ഏകദേശം 50 ലക്ഷം രൂപ ചെലവ് വരും. കമ്പനിയിൽ ഉപയോഗിച്ചുവരുന്ന ഡ്രഡ്ജറുകളും സ്ക്രീനിംഗ് പ്ലാന്റുകളും ഏറെ പഴക്കം ചെന്നവയാകയാൽ 2.50 കോടിയോളം രൂപ മുടക്കി ഇവയും മാറ്റേണ്ടതുണ്ട്. ആയതിനാൽ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് പ്രസ്തുത പ്രവർത്തനങ്ങൾക്കായി 4.50 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

### ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

4853-60-190-99—ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്-നിക്ഷേപങ്ങൾ

അനടൈസ് ഗ്രേഡ് ടൈറ്റാനിയം ഡൈഓക്സൈഡ് പിഗ്മെന്റ് ഉൽപ്പാദിപ്പിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്

ലിമിറ്റഡ് കമ്പനി താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ 2013-14 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

| | പദ്ധതി | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| | | തുക കോടിയിൽ |
| 1 | ന്യൂട്രലൈസേഷൻ, കോപ്പറാസ് റിക്കവറി പ്ലാന്റുകളുടെ നിർമ്മാണവും പൂർത്തീകരണവും | 20 കോടി |
| 2 | ജിപ്സം അടിസ്ഥാനമാക്കിയുള്ള വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപുലീകരണവും | 5 കോടി |
| 3 | ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡൈഓക്സൈഡിന്റെ ഉൽപ്പാദനം | 5 കോടി |
| 4 | ആധുനികവൽക്കരണവും വിപുലീകരണവും | 20 കോടി |
| | ആകെ | 50 കോടി |

പ്രസ്തുത പദ്ധതികൾക്കായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന് 50 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4885-60-800-96—പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിധ്യ വൽക്കരണത്തിനുമുള്ള തുക

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അഭിവൃദ്ധിപ്പെടാൻ ാദ്ധ്യതയുള്ള പൊതുമേഖലാ യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി 4885-60-800-96-(P) എന്ന ശീർഷകത്തിൽ ആകെ 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രസ്തുത തുക വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി ഓരോ പദ്ധതിയ്ക്കായി വിഭജിച്ച് നൽകിയിരിക്കുകയാണ്. എന്നാൽ ഓരോ സ്ഥാപനത്തിനും പ്രത്യേക പദ്ധതിയ്ക്കായി അനുവദിച്ചിരിക്കുന്ന തുക യഥാസമയം ഉപയോഗപ്പെടുത്താതിരുന്നാൽ പ്രസ്തുത തുക വിനിയോഗിക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത തുക അഭിവൃദ്ധിപ്പെടാൻ സാദ്ധ്യതയുള്ള പൊതുമേഖലാ യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനുള്ള ഒറ്റ ഫണ്ടായി നിലനിർത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**വിവരസാങ്കേതികവിദ്യാ വകുപ്പ്**

4859-02-800-98—വിവരസാങ്കേതിക വിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും

4859-02-800-97—വിവരസാങ്കേതിക വിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും-നബാർഡ് സഹായത്തോടെ

2013-14 ലേക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ കേരളത്തിലെ ഐ. ടി. പാർക്കുകൾക്ക് സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി വകയിരുത്തിയിട്ടുള്ള 125 കോടി രൂപ തീർത്തും അപര്യാപ്തമാണ്. ആയതിനാൽ 75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതിയുടെ അടുത്ത യോഗം 2013 മേയ് 7-ന് തിരുവനന്തപുരത്തുവച്ച് ചേരാൻ തീരുമാനിച്ചു.

സമിതിയോഗം ഉച്ചക്ക് ശേഷം 3.45-ന് പിരിഞ്ഞു.

## 2013 മേയ് 7-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV 2013 മേയ് 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V എ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എം. എൽ. എ.
2. ശ്രീ. സി. കൃഷ്ണൻ എം. എൽ. എ.
3. ശ്രീ. സാജു പോൾ എം. എൽ. എ.
4. ശ്രീ. വി. ശശി എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥൻ :

ശ്രീ. വി. സോമസുന്ദരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്.

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന XXXVII (വ്യവസായങ്ങൾ) ന്റെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി യോഗത്തിൽ പരിഗണനയ്ക്കെടുത്തു.

ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈയിൽസിന് 5.6 കോടി രൂപ, ഡി.ഐ.സി.യ്ക്ക് 2.46 കോടി രൂപ, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന് 2.46 കോടി രൂപ, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന് 2.44 കോടി രൂപ, കെൽപാമിന് 2.95 കോടി രൂപ എന്നിങ്ങനെ അധിക തുക ആവശ്യപ്പെട്ടത് സംബന്ധിച്ച് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. വി. സോമസുന്ദരൻ എടുത്തു പറഞ്ഞു. ബാംബൂ കോർപ്പറേഷനിൽ ചുരുങ്ങിയ വേതനം സംബന്ധിച്ച വിജ്ഞാപനം വന്നിട്ടുള്ളതിനാൽ അത് ക്രമീകരിക്കുന്നതിന് 4.5 കോടി രൂപ ശുപാർശ ചെയ്തിട്ടുള്ളത് സമിതി പറഞ്ഞു. നിലവിലെ പ്ലാൻ ഡോക്യുമെന്റിൽ ഓരോ പൊതുമേഖലാ സ്ഥാപനത്തിനുമുള്ള തുക വേർതിരിച്ച് നൽകിയിട്ടുള്ളത് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്നതിനാൽ മുൻകാലങ്ങളിലെ പോലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി മൊത്തത്തിൽ ഒറ്റ ഫണ്ടായി തുക അനുവദിക്കണമെന്ന് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

ചെറുകിട വ്യവസായ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിലേക്കായി അഞ്ച് ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ധാരാളം ചെറുകിട സഹകരണ സംഘങ്ങൾ പ്രവർത്തിക്കുകയും പുതിയവ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുകയും സഹകരണ സംഘങ്ങൾക്കുള്ള ഫണ്ട് വർദ്ധിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ആയത് അഞ്ച് കോടി രൂപയെങ്കിലും ആക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഇതിന് വകുപ്പില്ലാത്തതിനാൽ 'സപ്ലിമെന്ററി ഡിമാന്റ്' ആയി അംഗീകാരം വാങ്ങാമെന്ന വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം സമിതി അംഗീകരിച്ചു.

ബീഡി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി സമിതി അഭിപ്രായപ്പെട്ടു. ബീഡി തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണെന്നും അവർക്ക് പ്രതിമാസം 500 രൂപയെങ്കിലും പെൻഷൻ ലഭിച്ചാൽ സഹായകരമാകുമെന്നും സമിതിയിൽ അഭിപ്രായമുണ്ടായി. ഈ വ്യവസായവുമായി ബന്ധപ്പെട്ട് 3000 തൊഴിലാളികൾ ഉള്ളതായി സമിതി മനസ്സിലാക്കി. ബീഡി തൊഴിലാളികൾക്ക് മറ്റു തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നടപ്പിലാക്കണമെന്ന് സമിതി ആവശ്യപ്പെട്ടപ്പോൾ പെൻഷൻ ഒരു ചെറിയ ആശ്വാസം മാത്രമാണെന്നും അവർക്ക് തൊഴിൽ നൽകുന്നതാണ് ഉത്തമമെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ ഈ മേഖലയിൽ കൂടുതലായുള്ള സ്ത്രീ തൊഴിലാളികൾക്ക് 50-55 വയസ്സ് കഴിയുമ്പോൾ ജോലി ചെയ്യാൻ കഴിയില്ലെന്ന് സമിതി വിലയിരുത്തി. പെൻഷൻ വിഷയത്തിൽ കഴിഞ്ഞ സർക്കാർ നയപരമായ തീരുമാനം എടുത്തിരുന്നെന്നും അത് നൽകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

പെൻഷൻ നൽകുന്നതിന് ബഡ്ജറ്റിൽ വകുപ്പില്ലാത്തതും, ഇപ്പോൾ നൽകാൻ പറ്റാത്ത സാഹചര്യത്തിൽ ക്യാബിനറ്റ് തീരുമാനമെടുത്തശേഷം നൽകാമെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഇതിനോട് സമിതി യോജിക്കുകയും നിലവിൽ റിപ്പോർട്ടിലുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തു.

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് അനുവദിച്ചിട്ടുള്ള ലോണുകളും പലിശയുമുൾപ്പെടെ ആകെ 82.16 കോടി രൂപ സർക്കാരിന്റെ 'ഇക്വിറ്റി' ആക്കി മാറ്റുന്നതിനുള്ള കരട് റിപ്പോർട്ടിലെ ശുപാർശ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

മേൽ സൂചിപ്പിച്ച ഭേദഗതികളോടുകൂടി കരട് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതിയോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 2013 ജൂൺ 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ ഒരു യോഗം 2013 ജൂൺ 5-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.30-ന് നിയമസഭാ കോംപ്ലക്സിലെ V -എ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ

അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എം.എൽ.എ.
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി എം.എൽ.എ.
3. ശ്രീ. വി. ശശി എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. സോമസുന്ദരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, കയർ വകുപ്പ്.

2012-13 സാമ്പത്തിക വർഷത്തേയും മുൻവർഷങ്ങളിലെയും വ്യവസായങ്ങൾ സംബന്ധിച്ച ധനാഭ്യർത്ഥന XXXVII-ന്റെ പരിശോധനയുമായി ബന്ധപ്പെട്ട സമിതി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിലെ സബ്ജക്ട് കമ്മിറ്റി IV -ന്റെ ആനുകാലിക റിപ്പോർട്ട് 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സമിതി പരിഗണനയ്ക്കെടുത്തു.

2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിലെ സബ്ജക്ട് കമ്മിറ്റി IV-ന്റെ ആനുകാലിക റിപ്പോർട്ട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

ഖാദി ബോർഡിന് കഴിഞ്ഞ പ്രാവശ്യം സപ്ലിമെന്ററി ഡിമാന്റ് മൂവ് ചെയ്തത് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് അയച്ചതായി വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പറഞ്ഞു.

2012-13 സാമ്പത്തിക വർഷത്തെ റിപ്പോർട്ടിൽ കയർ വകുപ്പിനെ സംബന്ധിച്ച ഖണ്ഡിക 6 മുതൽ 12 വരെയുള്ള ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടുള്ളതായും ഖണ്ഡിക 9-ൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് നോൺപ്ലാൻ ഗ്രാന്റ് നൽകുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ലെന്നും ഇപ്രാവശ്യം ആയത് പരിഗണിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ള തായും കയർ വകുപ്പ് സെക്രട്ടറി ശ്രീമതി റാണി ജോർജ് വ്യക്തമാക്കി. ഖണ്ഡിക 12-നെ സംബന്ധിച്ച് ഗതാഗത സബ്സിഡി, ഓവർ ഹെഡ് ചെലവുകൾ കൊടുത്തിരുന്നതിന് ആസൂത്രണ ബോർഡ് തടസ്സം ഉന്നയിച്ചതിനാൽ ആയത് ഒഴിവാക്കി സമർപ്പിച്ചെങ്കിലും പരിഗണിക്കുകയുണ്ടായില്ലെന്നും സെക്രട്ടറി വിശദമാക്കി.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2012-2013-ലെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3072/സബ്.സി.ബി2/2012/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 6-12, 28, 35-40, 41-45, 51-53, 83-85 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്സ് സമിതി അംഗീകരിച്ചു.

ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ പുനരുദ്ധാരണത്തിനായി കൂടുതൽ തുക ആവശ്യമാണെന്നും അതിനായി ഭൂമിയുടെ കുറച്ചു ഭാഗം കിൻഫ്രയ്ക്ക് നൽകി പണം സ്വരൂപിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പ്രധാന പ്രശ്നം ഉൽപ്പാദിപ്പിക്കുന്ന മീറ്ററുകൾ പഴയ സാങ്കേതിക വിദ്യയിൽ ഉള്ളതാണെന്നും പുതിയ സാങ്കേതിക വിദ്യയനുസരിച്ച് മീറ്ററുകൾ നിർമ്മിക്കാനുള്ള എം.ഒ.യു. പ്രകാരം പ്രവർത്തനം നടത്തിവരികയാണെന്നും കഴിഞ്ഞ വർഷം പ്രവർത്തന മൂലധനമായി 1 കോടി രൂപ നൽകിയതായും വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണത്തിനായി 2012-13-ൽ 60 കോടി രൂപയിൽ 27.66 കോടി രൂപ നൽകിയതായും ബാക്കി 32 കോടി രൂപ ഈ വർഷം ആവശ്യപ്പെട്ടിട്ടുള്ളതായും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പറയുകയുണ്ടായി.

കെൽട്രോൺ ഇലക്ട്രോസെറാമിക്സ് ലിമിറ്റഡിന് സമിതി ശുപാർശ ചെയ്ത 2 കോടി രൂപ ഫണ്ടിന്റെ പരിമിതി കാരണം നൽകാൻ സാധിച്ചില്ലെന്നും ഈ വർഷം അത് പരിഗണിക്കാമെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

2. 2011-2012-ലെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4873/സബ്.സി.ബി2/2011/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 3, 8, 44, 46, 54-57 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്സ് സമിതി അംഗീകരിച്ചു.

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് കഴിഞ്ഞ വർഷം 5 കോടി രൂപ അനുവദിച്ച് പ്രവർത്തനം മെച്ചപ്പെട്ടെങ്കിലും ഈ വർഷം 6 കോടി രൂപയുടെ പ്രൊപ്പോസൽ കൊടുത്ത് അംഗീകാരം നേടാൻ ശ്രമിക്കുകയാണെന്നും സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിന് 21.5 കോടി രൂപ സമിതി ശുപാർശ ചെയ്തതിൽ 2012-13 സാമ്പത്തിക വർഷത്തിൽ സർക്കാർ 13 കോടി രൂപ അനുവദിച്ചതായും സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ

ഫോർജിംഗ്സ് ലിമിറ്റഡിന് പുതിയ ഹാമ്മർ വാങ്ങുന്നതിനായി സമിതി ശുപാർശ ചെയ്ത 12 കോടി രൂപയിൽ 8 കോടി രൂപ അനുവദിച്ചതായും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

3. 2010-2011-ലെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 14982/സബ്.സി.ബി2/2010/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 76-ലെ ശുപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

4. 2009-2010-ലെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 15533/സബ്.സി.ബി2/2009/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 7-31, 87 എന്നീ ഖണ്ഡികകളിലെ ശുപാർശ കളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

കേരള സംസ്ഥാന പന ഉൽപ്പാദന വികസന കോർപ്പറേഷനിലെ തൊഴിലാളി കൾക്ക് പരിശീലനം നൽകുന്നതിനും കരകൗശല ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്ന തിനും 2009-10-ൽ കൂടുതൽ തുക നൽകുവാൻ സാധിച്ചില്ലെന്നും പ്രസ്തുത പദ്ധതി തുടരുന്നതായും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

5. 2008-2009-ലെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 16009/സബ്.സി.ബി2/2008/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 2-8, 20, 34, 35 എന്നീ ഖണ്ഡികകളിലെ ശുപാർശ കളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

കണ്ണൂർ സ്പിന്നിംഗ് മിൽ രണ്ടര കോടി രൂപയുടെ വൈദ്യുതി ബിൽ അടയ്ക്കാനുണ്ടെന്നും ആയത് ഒറ്റത്തവണ തീർപ്പാക്കൽ രീതിയിൽ കുറച്ചു നൽകാനാ വുമോ എന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത സ്പിന്നിംഗ് മില്ലിന്റെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കലിലൂടെ നൽകാനാവശ്യമായ തുക വകുപ്പിന്റെ കൈവശമില്ലെന്ന് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത മില്ലിന്റെ കാര്യം ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഭേദഗതി കൂടാതെ അംഗീകരിച്ചു.

യോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## 2013 സെപ്റ്റംബർ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2013 സെപ്റ്റംബർ മാസം 4-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.30-ന് നിയമസഭാ സമുച്ചയത്തിലെ Vഡി സമ്മേളന ഹാളിൽ ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയും സമിതി ചെയർമാനുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.
2. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.
3. ശ്രീ. സാജു പോൾ, എം.എൽ.എ.
4. ശ്രീ. വി. ശശി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. പി. ഹരി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, സെക്രട്ടറി, വ്യവസായം/വിവരസാങ്കേതിക വിദ്യാവകുപ്പ്
2. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വിവരസാങ്കേതിക വിദ്യാ വകുപ്പ്
3. ശ്രീ. പി. സി. കാസിം, അഡീഷണൽ സെക്രട്ടറി, ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ്
4. ശ്രീ. റ്റി. പി. തോമസ്കുട്ടി, എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.
5. ശ്രീ. പി. റ്റി. തോമസ്, സെക്രട്ടറി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്
6. ശ്രീ. എ. പ്രഭാകുമാർ, ഡയറക്ടർ ഓഫ് മൈനിംഗ് ആന്റ് ജിയോളജി
7. ശ്രീ. കെ. ഷംസുദ്ദീൻ, മാനേജിംഗ് ഡയറക്ടർ, കെൽ
8. ശ്രീ. സജി, ബി., മാനേജിംഗ് ഡയറക്ടർ, സിഡ്കോ.
9. ശ്രീ. ജെ. കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ, കിൻഫ്രാ അപ്പാരൽ പാർക്ക്

ലൈഫ് സയൻസ് പാർക്കുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശുപാർശ കളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ, 17-12-2012-ലെ

യോഗത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനെ സംബന്ധിച്ച സമിതി നിർദ്ദേശത്തിൻമേൽ വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് എന്നിവ യോഗത്തിൽ പരിഗണിക്കുകയുണ്ടായി.

I. **ലൈഫ് സയൻസ് പാർക്ക്**

(ഫയൽ നമ്പർ 3433/സബ്.സി.ബി2/13/ലെജി.)

ഗവേഷണ-വികസനരംഗത്ത് ലൈഫ് സയൻസ് പാർക്ക് നല്ലൊരു അടിസ്ഥാന മായിരിക്കും എന്ന ആമുഖത്തോടെ യോഗം ആരംഭിച്ചു.

2012-2013-ലെ ബഡ്ജറ്റിൽ ലൈഫ് സയൻസ് പാർക്കിനായി പ്രഖ്യാപിച്ച 10 കോടി രൂപ കെ.എസ്.ഐ.ഡി.സി.ക്ക് ലഭിക്കുകയുണ്ടായില്ലെന്നും 2013-14 കാലയളവിൽ കെ.എസ്. ഐ.ഡി.സി.ക്കുവേണ്ടി വകയിരുത്തിയ 20.78 കോടി രൂപയിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയി രിക്കുന്ന 5 കോടി രൂപ പൂർണ്ണമായും ഷെയർ ആയി നൽകണമെന്നും 23.80 ഏക്കർ സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ടെന്നും കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

20.78 കോടി രൂപ സയൻസ് പാർക്കിനുവേണ്ടി മാത്രമായിട്ടാണ് വകയിരുത്തിയി ട്ടുള്ളതെന്നും ബയോടെക് ഇൻക്യുബേറ്ററിനും സ്ഥലം ഏറ്റെടുക്കുന്നതിനുമാണ് ഏറ്റവും കൂടുതൽ ചെലവ് വരുന്നതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. പ്രസ്തുത 20.78 കോടി രൂപയും ഷെയറായി അനുവദിക്കണമെന്ന കെ.എസ്.ഐ.ഡി.സി. യുടെ ആവശ്യം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

കേന്ദ്ര സർക്കാരിൽ നിന്ന് 15 കോടി രൂപ ലഭിക്കുമോ എന്ന് സമിതി ആരാഞ്ഞ പ്പോൾ ഇൻക്യുബേറ്ററിന് ഗ്രാന്റായി കേന്ദ്രം 15 കോടി രൂപ അനുവദിക്കുമെങ്കിലും ആയതിന് 35 കോടി രൂപ മുതൽമുടക്കുണ്ടെന്ന് കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

2010-2011, 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിലായി കെ.എസ്.ഐ.ഡി.സി.ക്ക് ആകെ 59 കോടി രൂപ അനുവദിച്ചിട്ടുള്ളതായും ഇന്റേണൽ ഫണ്ട് ഉപയോഗിച്ച് 18 കോടി രൂപയുടെ വിടവ് നികത്തിക്കൊണ്ട് 76.6 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുള്ളതായും എക്സിക്യൂട്ടീവ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞ പ്പോൾ 40 ഏക്കർ സ്ഥലം ഏറ്റെടുത്തതായും 12 ഏക്കർ സ്ഥലത്തിന് തുക കെട്ടിവെച്ചിട്ടുള്ളതായും എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി. 2013 ആഗസ്റ്റ് 28-ാം തീയതി ലൈഫ് സയൻസ് പാർക്കിന്റെ ശിലാസ്ഥാപനം നടന്നതായും അദ്ദേഹം അറിയിച്ചു.

ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം വകയിരുത്തിയിരുക്കുന്ന 5 കോടി രൂപകൂടി ഷെയറായി നൽകുന്നതിന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3072/സബ്.സി.ബി2/2013/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 1-5, 24, 29-32, 86-89, 93, 94 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണനയ്ക്കെടുത്തു.

വ്യവസായ വകുപ്പിന്റെ പല പദ്ധതികളും ഒരുമിച്ച് ചേർത്താണ് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതെന്നും തന്മൂലം വ്യവസായ വകുപ്പിന്റെ ഊർജ്ജിത സമഗ്ര വ്യവസായവൽക്കരണത്തിന് അനുവദിച്ചിട്ടുള്ള 2 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 3 കോടി രൂപ കൂടി ശുപാർശ ചെയ്തിട്ടുള്ളതായി സമിതി അറിയിച്ചു. ഇതിൽ മാർജിൻ മണി ഉൾപ്പെടുത്തിയിട്ടില്ലേ എന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത തുക ഐ.ഐ.പി. യുടെ ഫണ്ടാണെന്നും പ്രത്യേക ഹെഡ്ഡുണ്ടായിരുന്ന മാർജിൻ മണി 1-4-2012 മുതൽ നിർത്തലാക്കിയതിനാൽ ആ സ്കീം നിലവിലില്ലെന്നും വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിൽ (കെൽ) ട്രാൻസ്ഫോർമറുകൾക്കു പുറമെ ജനറേറ്റർ, യു.പി.എസ്. തുടങ്ങിയവയൊക്കെ ഉൽപ്പാദിപ്പിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

കെല്ലിന്റെ എടരിക്കോട് യൂണിറ്റിന്റെ ഭാഗമായാണ് മാമല യൂണിറ്റ് പ്രവർത്തിക്കുന്ന തെന്നും എടരിക്കോട് യൂണിറ്റിൽ നിലവിൽ ട്രാൻസ്ഫോർമറുകളുടെ നിർമ്മാണം തകൃതിയായി നടക്കുന്നതായും വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി റെസിൻ കാസ്റ്റ് ട്രാൻസ്ഫോർമർ ഡിവിഷൻ ആരംഭിക്കാൻ പോകുകയാണെന്നും ഈ ഡിവിഷന്റെ പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് എക്സൈസ്/സെയിൽസ് ടാക്സ് രജിസ്ട്രേഷൻ നടത്തി പുതിയൊരു യൂണിറ്റാക്കി മാറ്റാൻ തീരുമാനിച്ചിട്ടുള്ളതായും കെല്ലിന്റെ മാനേജിംഗ് ഡയറക്ടർ അറിയിച്ചു. 100 ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുന്നതിലൂടെ ഏകദേശം 1 കോടി രൂപയുടെ 'ടേൺ ഓവർ' ഉള്ളതായും കൂടുതൽ ജോലി കിട്ടുകയാണെങ്കിൽ ഏറ്റെടുക്കുന്നതിന് തയ്യാറാണെന്നും അദ്ദേഹം സമിതി മുമ്പാകെ ബോധിപ്പിച്ചു. കഴിഞ്ഞ രണ്ട് വർഷങ്ങളായി കെ.എസ്.ഇ.ബി.യിൽനിന്നും ഓർഡറൊന്നും ലഭിക്കുന്നില്ലെന്നും കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നായി 65 കോടി രൂപയുടെ ഓർഡർ ലഭിച്ചതായും അദ്ദേഹം വ്യക്തമാക്കി. തമിഴ്നാട്ടിൽ നിന്നും 30 കോടി രൂപയുടെ ഓർഡർ കിട്ടിയതായി അദ്ദേഹം അറിയിച്ചു.

കെ.എസ്.ഇ.ബി.യുടെ ഓർഡർ കിട്ടാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഓർഡർ കുറവായിരുന്നെങ്കിലും ഈ വർഷാരംഭത്തിൽ തന്നെ 200 ട്രാൻസ്ഫോർമറുകൾക്ക് ഓർഡർ നൽകിയിട്ടുള്ളതായും മുൻ വർഷങ്ങളിൽ വാങ്ങിയവ ബാക്കിയുള്ളതിനാലാവാം കഴിഞ്ഞ വർഷങ്ങളിൽ ആവശ്യം കുറഞ്ഞതെന്ന് കെൽ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

ടെൽക്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് ജനറേറ്റർ, ഇൻവേർട്ടർ, യു.പി.എസ്. എന്നിവ വിതരണം ചെയ്യുന്നത് സംബന്ധിച്ച് സമിതി അന്വേഷിച്ചു. നിലവിൽ 3.5 കോടി രൂപയുടെ ഓർഡർ പ്രകാരം ഉൽപ്പന്നങ്ങൾ വിതരണം ചെയ്തു വരുന്നതായും റെയിൽവേയ്ക്ക് വേണ്ടിയുള്ള ലൈറ്റിംഗ് ഓൾട്ടർനേറ്ററുകൾ, എയർ കണ്ടീഷനർ കമ്പാർട്ട്മെന്റ് ഓൾട്ടർനേറ്ററുകൾ തുടങ്ങിയവയൊക്കെയും ചെയ്തുവരുന്നതായി കെൽ മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ഈ സാങ്കേതികവിദ്യ കേരളത്തിലേക്ക് കൊണ്ടുവന്നത് കെൽ ആണെന്നും 3.5 കെ.വി.യിൽ തുടങ്ങിയ പ്രോജക്ട് 30 കെ.വി.യിൽ എത്തിനിൽക്കുന്നതായും അദ്ദേഹം അറിയിച്ചു. പ്രതിരോധത്തിനുള്ള പൃഥ്വി, ആകാശ് എന്നീ ഗ്രൗണ്ട് പവർ സിസ്റ്റത്തിനുവേണ്ടിയുള്ള പല ഓൾട്ടർനേറ്ററുകളും കെൽ നിർമ്മിച്ചതാണെന്നും ഗവേഷണത്തിനായുള്ള തുക അപര്യാപ്തമാണെന്നും മാനേജിംഗ് ഡയറക്ടർ ബോധിപ്പിച്ചു. കെൽ കുണ്ടറ യൂണിറ്റിന്റെ ആധുനികവൽക്കരണത്തിനുവേണ്ടി ധാരാളം പ്രൊപ്പോസലുകൾ സർക്കാരിലേക്ക് നൽകിയിട്ടുണ്ടെന്നും 18.6 കോടി രൂപയുടെ നിലവിലുള്ള പ്രൊപ്പോസൽ സംബന്ധിച്ച് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

കെല്ലിന്റെ ഉൽപ്പന്നങ്ങളുടെ വിപണനം സംബന്ധിച്ച് സമിതി അന്വേഷിച്ചു. കെല്ലിന്റെ ഉൽപ്പന്നങ്ങൾക്ക് ഒരു പ്രീമിയം മാർക്കറ്റുണ്ടെന്നും കെല്ലിന്റെ ഉൽപ്പന്നങ്ങൾക്ക് സർക്കാർ ഉപഭോക്താക്കളാണ് കൂടുതലെന്നും, ഇവർക്ക് ടെണ്ടറില്ലാതെതന്നെ വാങ്ങാനുള്ള ഉത്തരവുണ്ടെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കെല്ലിന്റെ രണ്ട് പ്രോജക്ടുകൾക്കായി കഴിഞ്ഞ വർഷം ആവശ്യപ്പെട്ട തുക അംഗീകരിച്ചതായും 8 കോടി രൂപയിൽ 4 കോടി രൂപ ലഭിച്ചതായും കെൽ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഇതിന്റെ അടുത്ത ഗഡു ആവശ്യപ്പെട്ടിട്ടുള്ളതായി അദ്ദേഹം പറഞ്ഞു. പുരാതന രീതിയിലുള്ള പ്രൊഡക്ഷൻ യൂണിറ്റിന്റെ പുനരുദ്ധാരണത്തിനും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ പ്ലാന്റിന്റെ നവീകരണത്തിനുമായിട്ടാണ് ഫണ്ട് ആവശ്യമെന്നും മാമല യൂണിറ്റിന് ആവശ്യപ്പെട്ട 5 കോടി രൂപ ലഭിച്ചില്ലെന്നും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഇവിടെ നിന്നുള്ള കയറ്റുമതിക്കുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തുന്നതായും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ പ്ലാന്റിന്റെ ആധുനികവൽക്കരണം പ്രാധാന്യമർഹിക്കുന്നതാണെന്നും ഇതിനാവശ്യമായ 5 കോടി രൂപ അനുവദിക്കേണ്ടതാണെന്നും സമിതി വിലയിരുത്തി.

ഫണ്ടിന്റെ പരിമിതിമൂലമാണ് ആവശ്യപ്പെട്ട ഫണ്ട് നൽകാതിരുന്നതെന്നും പ്രധാനപ്പെട്ട രണ്ട് പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിച്ചതായും പ്രസ്തുത പ്രവർത്തനത്തിന് ഈ വർഷം തുക അനുവദിക്കാൻ ശ്രമിക്കുന്നതാണെന്നും കെൽ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

കഴിഞ്ഞ വർഷത്തെ ബാക്കി തുകയായ പന്ത്രണ്ടര കോടി രൂപ നൽകുന്ന താണെന്നും കുണ്ടറയിലെ നാലര കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണിക്കുന്നു ണ്ടെന്നും വ്യവസായവും വിവരസാങ്കേതികവിദ്യയും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറിന്റെ ഉദ്ധാരണത്തിനായി ഈ വർഷം 16 കോടി രൂപ നൽകേണ്ടിവരുമെന്നും 40 പൊതുമേഖലാ കമ്പനികളുള്ളതിനാൽ ഒരു കമ്പനിക്ക് നാലിലൊന്ന് തുക മാത്രമേ നൽകാൻ സാധിക്കുകയുള്ളൂവെന്നും അദ്ദേഹം വ്യക്തമാക്കി.

ഐ.ടി. പാർക്കുകളുടെ വികസനത്തിനായി 2012-2013 വർഷത്തിൽ വകയിരുത്തി യിരുന്നത് 118 കോടി രൂപയാണെന്നും ടെക്നോപാർക്കിന് പ്രത്യേകമായി അനുവദിക്കു ന്നതിന് സമിതി ശുപാർശ ചെയ്തിരുന്ന 525 കോടി രൂപ നൽകിയില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

2012-2013-ൽ ടെക്നോപാർക്കിന് 10 കോടി രൂപ അധികം നൽകിയതായും കുണ്ടറയിൽ ആരംഭിക്കുന്ന ടെക്നോപാർക്കിന്റെ പണി ആർ.ഐ.ഡി.എഫ്.-ൽ നിന്നുമുള്ള പണമുപയോഗിച്ച് തീർത്തതായും വ്യവസായ-വിവരസാങ്കേതികവിദ്യാ വകുപ്പ് സെക്രട്ടറി അറിയിച്ചു.

സൈബർ പാർക്ക്, അരീക്കോട് പാർക്ക് എന്നിവയുടെ സ്ഥലമെടുപ്പിന്റെ പുരോഗതി സമിതി ആരാഞ്ഞു.

പ്രസ്തുത പദ്ധതികൾക്ക് ഫണ്ട് ഉണ്ടെന്നും ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നിമിത്തമാണ് പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടതെന്നും വ്യവസായവും വിവരസാങ്കേതികവിദ്യയും വകുപ്പ് സെക്രട്ടറി ബോധിപ്പിച്ചു.

ആർ.ഐ.ഡി.എഫ്.-ൽ നിന്നുമുള്ള കുറച്ച് ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് സൈബർ പാർക്കിനുള്ള ചുറ്റുമതിലിന്റെ പണിയും കണ്ണൂർ പാർക്കിന്റെ പണിയും ആരംഭിച്ചതായും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരു ചെറിയ കെട്ടിട ത്തിൽ ആരംഭിച്ച്, കമ്പനികൾ എത്തുന്നമുറയ്ക്ക് വിപുലീകരിക്കാനാണ് ഉദ്ദേശിക്കുന്ന തെന്നും 20000-30000 ചതു. അടി വിസ്തീർണ്ണമുള്ള പ്രീ-ഫാബ്രിക് സ്ട്രക്ച്ചർ ചെയ്യാനുള്ള മാതൃക തയ്യാറായിട്ടുണ്ടെന്നും ഉടൻ ടെണ്ടർ വിളിക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

കണ്ണൂരിലെ സൈബർ പാർക്കുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന റോഡിന്റെ പ്രശ്നത്തെക്കുറിച്ച് സമിതി ആരാഞ്ഞു. ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്തിന്റെ സർവ്വേ നമ്പരിൽ പ്രശ്നമുണ്ടായിരുന്നതിനാൽ അതിനുപകരം മറ്റൊരു സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ശ്രമം റവന്യൂ വകുപ്പുമായി നടത്തിവരുന്നതായി വ്യവസായവും വിവരസാങ്കേതികവിദ്യയും വകുപ്പ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത സ്ഥലം ഏറ്റെടുക്കു ന്നതിന് അകാരണമായ കാലതാമസം ഉണ്ടായതായി സമിതി ആരോപിച്ചു. നൽകുന്ന മിച്ചഭൂമിക്ക് തുല്യമായ ഭൂമി നൽകണമെന്ന ആവശ്യം മാത്രമേ നിലനിൽക്കുന്നുള്ളൂ എന്നതിനാൽ ആയതിന്റെ പ്രവർത്തനങ്ങൾക്ക് കാലതാമസം വരുത്താതെ ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കഴിഞ്ഞ പ്രാവശ്യത്തെ പ്ലാൻ റൈറ്റ്-അപ്പിൽ ചെറിയ മാറ്റമുണ്ടാക്കി ടെക്നോ സിറ്റിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും കൂടിയുള്ള പണം നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയതായി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ടെക്നോസിറ്റിയുടെ സബ്സ്റ്റേഷന്റെ നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി ഏകദേശം 48 കോടി രൂപയോളം അവശ്യമാണെന്നും അദ്ദേഹം അറിയിച്ചു. ടെക്നോപാർക്കിന്റെ കൈവശമുണ്ടായിരുന്ന 158 ഏക്കർ ഭൂമി ടെക്നോസിറ്റിക്ക് കൊടുത്തതിൽ ലഭിച്ച തുക കൊണ്ട് ലോൺ തിരിച്ചടയ്ക്കാനായതിനാൽ പിഴപ്പലിശ ഒഴിവായതായി വകുപ്പ് സെക്രട്ടറി അറിയിച്ചു. മേൽ സൂചിപ്പിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

2. 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 9-ലെ ശുപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

**III 17-12-2012-ലെ യോഗത്തിൽ മട്ടിമണൽ നിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ടുള്ള സമിതി നിർദ്ദേശത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

(ഫയൽ നമ്പർ 5366/സബ്.സി.ബി2/2012/ലെജി.)

പ്രസ്തുത വിഷയത്തിൽ താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കൂടി സമിതി നൽകുകയുണ്ടായി:

മട്ടിമണൽ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന യൂണിറ്റുകൾക്ക് വ്യവസായ വകുപ്പ് ലൈസൻസ് നൽകുന്നുണ്ടോ എന്ന് പരിശോധിക്കണമെന്നും ഇത്തരം മണ്ണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗയോഗ്യമല്ലെന്ന് പത്രപ്പരസ്യം നൽകണമെന്നും ഇത്തരം മണ്ണ് കൊണ്ടുപോകുന്ന വാഹന ഉടമകൾക്കെതിരെ നടപടി ഉണ്ടാകുമെന്ന് അറിയിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

വൈകുന്നേരം 4.10-ന് യോഗം പിരിഞ്ഞു.

## 2013 നവംബർ 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2013 നവംബർ മാസം 12-ാം തീയതി, ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-ഡി സമ്മേളനഹാളിൽ ബഹു. വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രിയും സമിതി ചെയർമാനുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ.
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.

3. ശ്രീ. എളമരം കരീം, എം.എൽ.എ.

4. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

2. ശ്രീ. പി. ഹരി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

2. ശ്രീ. കെ. പത്മകുമാർ, സെക്രട്ടറി, റിയാബ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിഷയം സമിതി യോഗത്തിൽ ചർച്ച ചെയ്തു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് എന്ന് വിലയിരുത്തിയ സമിതി വർഷാവസാനമാകുമ്പോഴേക്കും കൂടുതൽ സ്ഥാപനങ്ങൾ ലാഭത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നതായി അറിയിച്ചു. 'വെയ്സ് ആന്റ് മീൻസ്' ക്ലിയറൻസ് ലഭിക്കാത്തത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രധാനപ്രശ്നമാണെന്നും സമയത്ത് തുക ലഭിക്കാതെ വരുമ്പോൾ ചെലവ് വർദ്ധിക്കാറുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി.

ബഡ്ജറ്റിൽ പ്രഖ്യാപിച്ച 15 കോടി രൂപയുടെ നിർദ്ദേശം അംഗീകരിച്ചതായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പുതിയ സ്ഥാപനങ്ങൾക്ക് 30 കോടി രൂപയെങ്കിലും അധികമായി അനുവദിക്കുകയാണെങ്കിൽ അവ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. 500 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ച വ്യവസായ വകുപ്പിന് 80 കോടി രൂപ മാത്രമാണ് ലഭിച്ചതെന്നും ആയതിനാൽ വ്യവസായ വകുപ്പിന് അനുവദിച്ചുകിട്ടുന്ന തുക ചെലവഴിക്കാതെ 'റീ അപ്രോപ്രിയേറ്റ്' ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടാകാറില്ലെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കിൻഫ്രയ്ക്കും കെ.എസ്. ഐ.ഡി.സി.ക്കും സ്ഥലം ഏറ്റെടുക്കുന്നതിനായി അനുവദിച്ച തുക ചെലവാകാതെ ബാക്കിയുണ്ടോ എന്ന് സമിതി ആരാഞ്ഞു. മെഗാ പ്രോജക്ടായി കെ.എസ്.ഐ.ഡി.സി.യുടെ പ്ലാനിനുള്ള പ്രവർത്തനങ്ങൾ പ്ലാനിംഗ് വകുപ്പിന്റെ കീഴിലാണ് വരുന്നതെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സ്ഥലമേറ്റെടുക്കുന്നതിന് കിൻഫ്രയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമാവില്ലെന്നും അതിനായി കൂടുതൽ തുക കണ്ടെത്തണമെന്നും സമിതി പറയുകയുണ്ടായി. 2000 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 500 കോടി രൂപ അഞ്ച് വർഷത്തേക്ക് നൽകുന്നതിന് ധനകാര്യവകുപ്പിന്റെ അംഗീകാരം വാങ്ങി ക്യാബിനറ്റിന്റെ അംഗീകാരത്തിനായി നൽകിയതായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. രണ്ട് മൂന്ന് ബാങ്കുകൾ കൂടി ഉൾപ്പെട്ട കൺസോർഷ്യം രൂപീകരിക്കുന്ന നടപടിക്ക് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മൊണോപൊളി ഐറ്റംസിന്, സപ്ലൈയേഴ്സ് ഇ-പ്രൊക്വയർമെന്റിൽ ക്വട്ടേഷൻ നൽകുന്നില്ലെങ്കിൽ, കമ്പനിക്ക് ഒഴിവാക്കാനാവാത്ത ഇനമാണതെങ്കിൽ, അത് പ്രൊക്വയർ ചെയ്യുന്നതിനുള്ള സംവിധാനമെന്താണെന്ന് സമിതി ആരാഞ്ഞതിന് പ്രൊപ്രൈറ്ററി ഐറ്റങ്ങൾക്ക് ബിഡ്ഡിന് പോവുകയെ ഉള്ളൂ എന്നും ഇപ്രകാരം സ്ഥിരമായി സപ്ലൈ ചെയ്യുന്നവരാണ് ഇ-പ്രൊക്വയർമെന്റിൽ പങ്കെടുക്കാതിരിക്കുന്ന തെന്നും, ഇ-പ്രൊക്വയർമെന്റ് സക്സസ്ഫുൾ ആകണമെങ്കിൽ വെണ്ടർ ഡെവലപ്മെന്റ് കൂടി വേണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. മെഷിനറി മേഖലയിൽ ചില എക്സിക്യൂട്ടീവ് ഇനങ്ങളിൽ ആധിപത്യമുള്ളവർ ഇ-പ്രൊക്വയർമെന്റിൽ വരില്ലെന്ന് സമിതി വിലയിരുത്തി. മുൻ വർഷം ഏറ്റവും കൂടുതൽ ഇ-പ്രൊക്വയർമെന്റ് നടത്തിയത് വ്യവസായവകുപ്പാണെങ്കിലും കമ്പനികളുടെ മൊത്തത്തിലുള്ള പ്രകടനത്തിൽ ഇതിന്റെ ഗുണം കാണാത്തതിൽ സമിതി ആശങ്ക പ്രകടിപ്പിച്ചു. സാമ്പത്തിക നിലയിൽ പൊതുവെയുള്ള താഴ്ചയാണ് വ്യവസായ വകുപ്പിന്റെ അവസ്ഥയിലും കാണുന്നതെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബോധ്യപ്പെടുത്തി.

മലബാർ സിമന്റ്സ്, കെ.എം.എം.എൽ. എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം സമിതി വിലയിരുത്തി. മലബാർ സിമന്റ്സ് ഏറെ പ്രശ്നങ്ങളൊന്നുമില്ലാതെ പ്രവർത്തി ക്കുന്നതായും കെ.എം.എം.എൽ.-ന്റെ കാര്യം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതു ണ്ടെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി. കെ.എം.എം.എൽ.-ലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി, അവിടെ നിലനിന്നിരുന്ന സാങ്കേതിക പ്രശ്നങ്ങളും പരിഹരിച്ച് പ്രവർത്തനം നടക്കുന്നതായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കെ.എം.എം.എൽ-ലെ ഉൽപ്പാദന വിഭാഗത്തിലെ ഭരണസംവിധാനം അഴിച്ചുപണിയേണ്ടതിന്റെ ആവശ്യകത സമിതി എടുത്തുപറഞ്ഞു. പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായും വരുന്ന രണ്ട് വർഷങ്ങളിൽ വിരമിക്കുന്ന മുതിർന്ന ഉദ്യോഗസ്ഥർക്ക് പകരമായി എക്സിക്യൂട്ടീവ് ട്രെയിനികളെ ഇപ്പോൾതന്നെ കണ്ടെത്തി നിയമിക്കുന്നതിനും സമിതി നിർദ്ദേശിച്ചു. കമ്പനിയിലേക്ക് താഴെത്തട്ടിലുള്ളവരെമാത്രം നിയമിക്കാതെ ഡി.ജി.എം./എ.ജി.എം. ലെവലിനു മുകളിലുള്ള അഞ്ചാറു പേരെയെങ്കിലും ലാറ്ററൽ റിക്രൂട്ട്മെന്റുവഴി നിയമിക്കണമെന്ന് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ആവശ്യപ്പെട്ടു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ഉപഭോഗത്തിന് സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞു. കെ.എസ്.ഐ.ഡി.സി.യിൽ സൗരോർജ്ജ പദ്ധതി ഏർപ്പെടുത്തിയതായും മറ്റു മൂന്ന് സ്ഥാപനങ്ങളിൽ കൂടി സൗരോർജ്ജ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും വ്യവസായ വകുപ്പ് സെക്രട്ടറി അറിയിച്ചു.

കാലപ്പഴക്കംചെന്ന യന്ത്രങ്ങളും പഴയ സാങ്കേതികവിദ്യയും മാത്രം കൈമുതലായുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ബഡ്ജറ്റിൽ തുക നൽകി സഹായിച്ചാണ് പിടിച്ചു നിർത്തുന്നതെന്ന് സമിതി കണ്ടെത്തി. ഇവയെല്ലാം പുനരുദ്ധരിക്കുന്നതിന് കോടികളുടെ തുക വേണ്ടിവരുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ടെക്സ്റ്റൈൽ മേഖലയിൽ പുനരുദ്ധാരണം നടക്കുന്നുണ്ടെന്നും എന്നാൽ മറ്റു മേഖലകളിൽ പഴയ യന്ത്രങ്ങളും സാങ്കേതിക വിദ്യകളും തന്നെയാണ് നിലവിലുള്ളതെന്നും ലാഭമുണ്ടാകുന്ന അവസരങ്ങളിൽതന്നെ

പുനരുദ്ധാരണത്തിനോ ശോഷണം നികത്തുന്നതിനോ തുക മാറ്റിവയ്ക്കാൻ പറ്റാറി ല്ലെന്നും പകരം ബോണസ്, ശമ്പളം എന്നിവ വർദ്ധിപ്പിക്കുന്നതിനേ തുക പര്യാപ്ത മാവാറുളളുവെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

സഞ്ചിതനിധി മിച്ചമുള്ള സ്ഥാപനങ്ങളെയും സമാന മേഖലകളിൽ പ്രവർത്തിക്കുന്ന മറ്റുള്ളവരെയും സംയോജിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് സമിതി പറയുകയുണ്ടായി. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യം നൽകുന്നതിന് അനുയോജ്യമായ പങ്കാളികളെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കണ്ടെത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഡി.ആർ. ഡി.ഒ.യുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് സ്പോഞ്ച് നിർമ്മിച്ചുവെങ്കിലും മഗ്നീഷ്യം റിക്കവറി നടക്കാത്തതുമൂലം പ്രായോഗികമല്ലെന്ന കാരണത്താൽ ഒഴിവാക്കിയതായി സമിതി പറഞ്ഞു. കേരളത്തിൽ എയർക്രാഫ്റ്റ് ഇൻഡസ്ട്രി അത്രമേൽ പുരോഗമിച്ചിട്ടി ല്ലാത്തതിനാൽ ഏറെ മുതൽമുടക്കിൽ സ്പോഞ്ച് നിർമ്മിക്കുന്നത് സെയിലിന് ലാഭകരമല്ലെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. മഗ്നീഷ്യം റിക്കവറി ഇല്ലാത്തതിനാൽ ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ 'സെയിലി'-ൽനിന്ന് ഇരട്ടിത്തുക നൽകിയാണ് സ്പോഞ്ച് വാങ്ങുന്നതെന്നും അദ്ദേഹം പറഞ്ഞു. മഗ്നീഷ്യം റിക്കവറിക്കുള്ള ഗവേഷണം ഡി.ആർ.ഡി.ഒ. നടത്തുന്നതായും അദ്ദേഹം അറിയിച്ചു.

കെ.എം.എം.എൽ.-ന്റെ സ്ഥലത്ത് മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ക്യാബിനറ്റിൽ തീരുമാനമെടുത്ത് പദ്ധതിയുമായി മുന്നോട്ട് പോയിരുന്നതായി സമിതി പറഞ്ഞു.

ഐ.ആർ.ഇ.എൽ.-ന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് സമിതി വിലയിരുത്തി. അതിനാൽ ഐ.ആർ.ഇ.എൽ.-ന്റെ ലീസ് ഒഴിവാക്കി വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻവഴി ഖനനം ചെയ്യാനുള്ള തീരുമാന മെടുക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

കെ.എം.എം.എൽ.-ന്റെ പന്മനയിലുള്ള പുതിയ സ്ഥലത്ത് ഖനനം നടത്തി ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് കെംഡെൽ (കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ)-നെ പരിഗണിക്കാവുന്നതാണെന്ന് സമിതി തീരുമാനിച്ചു.

തൃക്കുന്നപ്പുഴയിൽ ഖനനം നടത്തുന്നതിന് പഞ്ചായത്ത് ബോർഡ് ആവശ്യപ്പെട്ടെങ്കിലും കെ.എം.എം.എൽ. സ്ഥലം കണ്ടെത്താതിരുന്നതായി സമിതി പറഞ്ഞു.

ബഡ്ജറ്റ് പ്രസംഗത്തിൽ ടെക്സ്റ്റയിൽ മേഖലയ്ക്ക് പ്രത്യേകമായി അനുവദിച്ച 60 കോടി രൂപ ഡോക്യുമെന്റിൽ വന്നിട്ടില്ലെന്ന് സമിതി കണ്ടെത്തി. ഇതിൽ 27 കോടി രൂപ ലഭിച്ചതായി റിയാബ് സെക്രട്ടറി അറിയിച്ചു. ബാക്കി തുകയായ 32 കോടി അധിക തുകയായി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ടെക്സ്റ്റൈൽ മേഖലയ്ക്ക് പഞ്ഞി വാങ്ങേണ്ട സീസൺ നവംബർ ആണെന്നതി നാൽ 'കണ്ടിജൻസി ഫണ്ടിൽ' നിന്നും തുക അനുവദിച്ച് പിന്നീട് അധിക ധനാഭ്യർത്ഥന നടത്തി ആയത് ക്രമീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 3.30-ന് സമിതി യോഗം പിരിഞ്ഞു.

## 2014 ജനവുരി 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2014 ജനുവരി 21-ാം തീയതി, ചൊവ്വാഴ്ച നിയമസഭാ സമ്മേളത്തിനുശേഷം വൈകുന്നേരം 5.20-ന് നിയമസഭാ സമുച്ചയത്തിലെ Vഡി സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശും താഴെപ്പറയുന്ന മറ്റ് അംഗങ്ങളും യോഗത്തിൽ സന്നിഹിത രായിരുന്നു:

ഹാജരായ മറ്റ് അംഗങ്ങൾ :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ.
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.
3. ശ്രീ. എ. എ. അസീസ്, എം.എൽ.എ.
4. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.
5. ശ്രീ. സാജു പോൾ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
2. ശ്രീ. എബി പോൾ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
3. ശ്രീമതി എസ്. ഗിരിജ ദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. എ. പ്രഭകുമാർ, ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറേറ്റ്.
6. ശ്രീ. കെ. വിജയകുമാർ, ഡയറക്ടർ, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്.
7. ശ്രീ. സജി, ബി., മാനേജിംഗ് ഡയറക്ടർ, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ.
8. ശ്രീമതി ശ്യാമള, മാനേജിംഗ് ഡയറക്ടർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്.
9. ശ്രീ. എ. ഷാജഹാൻ, മാനേജിംഗ് ഡയറക്ടർ, ടി.കെ.സി.എൽ.

10. ശ്രീ. പി. റ്റി. തോമസ്, സെക്രട്ടറി, കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.

11. ശ്രീ. ആർ. ബിജു മോഹൻ, സ്പെഷ്യലിസ്റ്റ്, പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്).

2010-ലെ ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ കരട്, 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് ഭേദഗതി ചെയ്തു കൊണ്ടുള്ള കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 798/2012) സാധൂകരണം, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ 2012-2013-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ എന്നിവ പ്രസ്തുത യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി.

2010-ലെ ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്-സർവ്വീസ് സ്പെഷ്യൽ റൂൾസ്

(ഫയൽ നമ്പർ 2071/സബ്.സി.ബി2/2012/നി.സെ.)

2010-ലെ ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്-സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

1967-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 798/2012) സാധൂകരണം.

(ഫയൽ നമ്പർ 4890/സബ്.സി.ബി2/2013/നി.സെ.)

1967-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് ഭേദഗതി ചെയ്തു കൊണ്ടുള്ള കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 798/2012) സമിതി പരിഗണനയ്ക്കെടുക്കുകയും വിശദാംശങ്ങൾ ആരായുകയും ചെയ്തു.

സാധാരണ മണ്ണിനെ ചെറുകിട ധാതുക്കളുടെ ഗണത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് 2000-ത്തിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതായും അതിന് അനുസൃതമായി കേരളത്തിൽവന്ന നിയമമായിരുന്നു 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ ഭേദഗതി എന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി. പ്രസ്തുത ചട്ടങ്ങൾ നടപ്പിലാക്കിവരുന്നെങ്കിലും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനിൽക്കുന്നതായി അദ്ദേഹം പറഞ്ഞു. സാധാരണ മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് പ്രസ്തുത

ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതെന്നും മട്ടിമണലിനെ സാധാരണ മണ്ണിന്റെ ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടങ്ങൾ മട്ടിമണലിനും ബാധകമാകുന്നതായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

മട്ടിമണൽ ഉണ്ടാക്കുന്നത് ഒഴിവാക്കിയില്ലെങ്കിൽ വലിയ അപകടങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമെന്ന് സമിതി ആശങ്ക പ്രകടിപ്പിച്ചു.

മട്ടിമണലിനെ സാധാരണ മണ്ണിന്റെ ഗണത്തിൽപ്പെടുത്തുന്നതു കൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയില്ലെന്നും മട്ടിമണൽ കെട്ടിട നിർമ്മാണ ത്തിന് അനുയോജ്യമല്ലെന്ന കാര്യം ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ജീവനും സ്വത്തിനും അപകടകാരിയായ മട്ടിമണൽ ഉൽപ്പാദിപ്പിക്കുന്ന മണ്ണ് എടുക്കുന്നത് തടയേണ്ടതാണെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

മട്ടിമണൽ ഉൽപ്പാദിപ്പിക്കുന്നതിന് ഹൈക്കോടതി അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ വ്യവസായികൾ വ്യവസായ വകുപ്പിന്റേയും പഞ്ചായത്തിന്റേയും ലൈസൻസ് നേടിയശേഷം മണൽ ഉൽപ്പാദിപ്പിക്കുന്നതിനാൽ മണ്ണ് എടുക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതാണ് അഭികാമ്യം എന്ന് സമിതി മനസ്സിലാക്കി. അണകൾ, റെയിൽവേ ട്രാക്കുകൾ, റോഡുകൾ മുതലായവ നികത്താനുപയോഗിക്കുന്ന സാധാരണ മണ്ണിനെയാണ് ചെറുകിട ധാതുക്കൾ എന്ന് കേന്ദ്രസർക്കാരിന്റെ വിജ്ഞാപനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. എന്നാൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന ചെറുകിട ധാതുക്കളുടെ ഗണത്തിൽ സാധാരണ മണ്ണിനെ കൂടി ഉൾപ്പെടുത്തി തദനുസരണം ചട്ടം ഭേദഗതി ചെയ്തിരുന്നില്ലെന്നും ഇതിനാൽ സാധാരണ മണ്ണിന് റോയൽറ്റി ഈടാക്കുന്നതിനും അനധികൃത ഖനന പ്രവർത്തനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും കഴിയാത്ത സാഹചര്യം ഉണ്ടായതിനാലാണ് ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതായിവന്നതെന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ അപാകതകൾമൂലം കൃഷി ചെയ്യുന്നതിനും കിണർ കുഴിക്കുന്നതിനും വീട് വയ്ക്കുന്നതിനുമെല്ലാം അനുമതി ലഭി ക്കാത്ത സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നതായി സമിതി അഭിപ്രായപ്പെട്ടു.

ഇടുക്കി ജില്ലപോലെ ചെരിഞ്ഞ ഭൂപ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിന് ഭൂമി വെട്ടി നിരപ്പാക്കേണ്ടിവരുമ്പോൾ അനുമതി വാങ്ങിയില്ല എന്നതിനാൽ ഭൗമശാസ്ത്ര ഉദ്യോഗസ്ഥർ നിർമ്മാണം നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുന്ന സന്ദർഭങ്ങളും ഉണ്ടാകാറുള്ളതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

2000-ത്തിൽ കേന്ദ്ര സർക്കാർ സാധാരണ മണ്ണിനെ ചെറുകിട ധാതുവായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഉടൻ പ്രസ്തുത ചട്ടം രൂപീകരിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും പ്രസ്തുത വിഷയത്തിൽ കോടതിവിധി

വന്നതിനുശേഷം 2012-ലാണ് സാധാരണ മണ്ണിനെ ചെറുകിട ധാതുവായി പ്രഖ്യാപിച്ചു കൊണ്ടുള്ള വിജ്ഞാപനം ഇറക്കിയതെന്നും ഗാർഹികാവശ്യങ്ങൾക്ക് മണ്ണ് എടുക്കുന്നതിന് പ്രത്യേക ചട്ടം രൂപീകരിക്കുന്നതാണെന്നും ഖനന ഭൂ വിജ്ഞാന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കുറച്ചു ഭൂമിയിൽ വീട് വയ്ക്കുന്ന സന്ദർഭങ്ങളിൽ മണ്ണ് മാറ്റുന്നതിനും അടിസ്ഥാനത്തിൽ നിറയ്ക്കുന്നതിനാവശ്യമായ മണ്ണ് ഇറക്കുന്നതിനും ഖനന ഭൂ വിജ്ഞാന വകുപ്പിന്റെ അനുമതി തേടേണ്ടിവരുന്നത് ഒരു സങ്കീർണ്ണ പ്രശ്നമാണെന്ന് സമിതി ചൂണ്ടിക്കാട്ടി. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കേണ്ടതിനാൽ "സാധാരണ മണ്ണ്" എന്നതിന്റെ നിർവ്വചനം കൂടി ഉൾപ്പെടുത്തി 'കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്' ഭേദഗതി ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാവുമെന്ന് കരുതുന്നതായി വ്യവസായ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി പറഞ്ഞു.

ചെമ്മണ്ണിന്റെ കാര്യത്തിൽ ഒരു ശാശ്വത പരിഹാരം കാണേണ്ടതുണ്ടെന്നും വകുപ്പ് സമർപ്പിച്ചിരിക്കുന്ന ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭേദഗതി തൃപ്തികരമല്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ചട്ടം സാധൂകരിക്കാനാവില്ലെന്ന് സമിതി വ്യക്തമാക്കി. കൂടുതൽ റോയൽറ്റി ഈടാക്കി കൊണ്ട് ആവശ്യാനുസരണം മണ്ണ് ഖനനം ചെയ്യുവാൻ അനുമതി നൽകുന്നതിനോട് സമിതി വിയോജിപ്പ് പ്രകടിപ്പിച്ചു. മറിച്ച്, വീട് നിർമ്മാണം മുതലായ ഗാർഹിക ആവശ്യങ്ങൾക്ക് സാധാരണ മണ്ണ് ഖനനം ചെയ്യാനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്ന തരത്തിൽ ചട്ടം ഭേദഗതി ചെയ്യണമെന്ന സമിതിയുടെ അഭിപ്രായം രേഖപ്പെടുത്തി ആയത് പുനഃപരിശോധനയ്ക്കായി തിരിച്ചയയ്ക്കുന്നതിനും 'മണ്ണ്' എന്നതിനെ ചെറുകിട ധാതുവായി ഉൾപ്പെടുത്തുന്നതിനെതിരെയുള്ള സമിതിയുടെ നിലപാട് വ്യക്തമാക്കുന്നതിനും സമിതി തീരുമാനിച്ചു. സമിതി നിർദ്ദേശാനുസരണം ചട്ടങ്ങളിൽ ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്തു.

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ 2012-13 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട്:

(ഫയൽ നമ്പർ 38/സബ്.സി.ബി-2/2013/നി.സെ.)

2012-2013 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ:

(ഫയൽ നമ്പർ 2798/സബ്.സി.ബി-2/2013/നി.സെ.)

2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടിലെ 5,6,7,8,9,10,11,67,71 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ:

(ഫയൽ നമ്പർ 3072/സബ്.സി.ബി-2/2012/നി.സെ.)

2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടിലെ 47,48,49,50,54,55,56 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്:

(ഫയൽ നമ്പർ 14982/സബ്.സി.ബി-2/2010/നി.സെ.)

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടിലെ ഖണ്ഡിക 75-ലെ ശുപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2006-2007 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്:

(ഫയൽ നമ്പർ 12345/സബ്.സി.ബി-2/2006/നി.സെ.)

2006-2007 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ഖണ്ഡിക 25-ലെ ശുപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ദിനേശ് ബീഡി തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ ഒറ്റത്തവണയായി നൽകുന്നതിനും അതൊരു പദ്ധതിയുടെ രൂപത്തിൽ തുടരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ആലോചിക്കണമെന്ന് സമിതിയിൽ അഭിപ്രായമുണ്ടായി.

സമിതി വൈകുന്നേരം 5.50-ന് യോഗം പിരിഞ്ഞു.

## 2014 ഫെബ്രുവരി 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2014 ഫെബ്രുവരി 19-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 'V-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ.അടൂർ പ്രകാശ്, സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു:

<u>ഹാജരായ മറ്റ് അംഗങ്ങൾ</u> :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ.
2. ,, അബ്ദുറഹിമാൻ രണ്ടത്താണി, ,,
3. ,, സി. കൃഷ്ണൻ, ,,
4. ,, സാജു പോൾ, ,,
5. ,, വി. ശശി, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി
2. ,, ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, സെക്രട്ടറി, വ്യവസായ വിവരസാങ്കേതികവിദ്യാ വകുപ്പ്.
2. ,, എ. ആർ. അജയകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, കയർ വകുപ്പ്.
4. ശ്രീ. കെ. മദനൻ, ഡയറക്ടർ, കയർ വികസന വകുപ്പ്.
5. ,, സാം സി ഇട്ടിച്ചെറിയ, ഡയറക്ടർ, ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസ്.
6. ,, കെ. ആർ. അനിൽ, ഡയറക്ടർ, നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്.
7. ഡോ. ബി ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കയർഫെഡ്.
8. ശ്രീ. എസ്. പ്രകാശ്, മാനേജിംഗ് ഡയറക്ടർ, ഹാന്റെക്സ്.
9. ,, പി. റ്റി. തോമസ്, സെക്രട്ടറി, കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.

10. ശ്രീ. ബി. അരുൾ സെൽവൻ, എം.ഡി. ടെക്സ്ഫെഡ്.

11. „ ജി. എൻ. നായർ, എം.ഡി., കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ.

2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന "XXXVII വ്യവസായങ്ങൾ"-ലെ 2851, 4851, 6851 എന്നീ കണക്കിനങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

ഖാദി മേഖലയിൽ തൊഴിൽ ചെയ്തു വരുന്നത് കൂടുതലും സ്ത്രീകളാണെന്നും വർഷങ്ങളോളം കൈകൊണ്ട് ചർക്ക തിരിക്കുന്നത് അവരുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. ചർക്കകളിൽ ½ എച്ച്.പി. മോട്ടോർ ഘടിപ്പിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്നത് ഇതിന് പരിഹാരമാവുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഖാദി ബോർഡിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചർക്കകളുടെ ആധുനികവൽക്കരണം സംബന്ധിച്ച വിഷയങ്ങളുടെ പ്രാധാന്യം സമിതി എടുത്തു പറഞ്ഞു. മറ്റു മേഖലകളിലെന്നപോലെ ഖാദി മേഖലയിലും ആധുനികവൽക്കരണം നടപ്പിലാക്കിയില്ലെങ്കിൽ ഖാദി വസ്ത്രങ്ങൾ ഇല്ലാത്ത ഒരു അവസ്ഥ താമസിയാതെ ഉണ്ടാകുമെന്ന് സമിതി ആശങ്ക പ്രകടിപ്പിച്ചു. കൈത്തറി മേഖലയിൽ ചർക്ക കൈകൊണ്ട് തിരിക്കുന്നതാണ് ഉത്തമമെന്നതിനാൽ കൈത്തറി ഉൽപ്പന്നങ്ങളുടെ പാരമ്പര്യ സ്വഭാവത്തിന് കോട്ടം തട്ടാത്ത വിധത്തിൽ ആധുനികവൽക്കരണമാവാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

താനൂരിൽ ഒരു പി. വി. സി. മാറ്റിംഗ്സ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമുൾപ്പെടെ കയർ വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിച്ചില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. 28 കോടി രൂപയുടെ പ്രസ്തുത സംരംഭത്തിന്റെ 75 ശതമാനം സർക്കാർ നൽകുന്നതിനും ബാക്കി 25 ശതമാനം കയർ കോർപ്പറേഷൻ കണ്ടെത്തുന്നതിനുമാണ് നിർദ്ദേശം സമർപ്പിച്ചിരുന്നതെങ്കിലും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വച്ചപ്പോൾ ആയതിന്റെ 30 ശതമാനം മാത്രമേ സർക്കാരിന് നൽകാൻ കഴിയുകയുള്ളു എന്ന് വ്യക്തമാക്കിയതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വരുന്നതായി കയർ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. പ്രസ്തുത പദ്ധതികൾക്ക് 70 ശതമാനം സർക്കാർ വിഹിതം ലഭിക്കുന്നതിനായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് വീണ്ടും ചേർന്ന് തീരുമാനമെടുക്കണമെന്നും പദ്ധതിക്ക് ഉപയോഗപ്പെടുത്താൻ തക്കവണ്ണം വിഹിതം പല ഘട്ടങ്ങളിലായി അനുവദിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൈത്തറി മേഖലയിലെ 'റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ്, പാക്കേജ് ഓഫ് ഹാന്റ്‌ലൂം സൊസൈറ്റീസ്' എന്ന പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ ഏകീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

വ്യവസായ വാണിജ്യ വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമായതിനാൽ കൂടുതൽ തുക ആവശ്യപ്പെട്ടിട്ടില്ലെന്ന് വ്യവസായ വിവരസാങ്കേതികവിദ്യാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

വ്യവസായ വാണിജ്യ വകുപ്പിന്റെ പശ്ചാത്തല സൗകര്യ വികസനത്തിനായി മുൻ വർഷവും നടപ്പു വർഷവും 1500 ലക്ഷം രൂപ വീതം ആവശ്യപ്പെട്ടിരുന്നതായും കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ അനുവദിച്ച 15 കോടി രൂപ വൺ ടൈം അസിസ്റ്റന്റ്സ് അല്ലാതിരുന്നതിനാൽ കേന്ദ്ര വിഹിതത്തിൽ കുറവു വന്ന തുക സംസ്ഥാന സർക്കാർ നൽകുകയായിരുന്നുവെന്നും വ്യവസായ വിവരസാങ്കേതികവിദ്യാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. ഈ തുക പല പദ്ധതികൾക്കായി പൂർണ്ണമായും വിനിയോഗിച്ചതായും അദ്ദേഹം അറിയിച്ചു. വിവിധ പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതായും അദ്ദേഹം സമിതിയെ ധരിപ്പിച്ചു.

1992-ൽ ആരംഭിച്ച ടെക്സ്ഫെഡിന് നാളിതുവരെയായി തുകയൊന്നും ലഭിച്ചിട്ടില്ലെന്നും ഈ വർഷം തുക വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്യണമെന്നും ടെക്സ്ഫെഡ് ജനറൽ മാനേജർ ആവശ്യപ്പെട്ടു.

ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശുപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു:

## ഖാദി വ്യവസായം

2851-00-105-73—ഖാദി നെയ്ത്തുകാർക്കുള്ള ഉൽപ്പാദന/ഉത്സവകാല ഇൻസെന്റീവ്

നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉൽസവകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാല ഇൻസെന്റീവും നൽകുന്ന പദ്ധതി പ്രകാരം ഖാദി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന 12500-ഓളം ഖാദി തൊഴിലാളികൾക്ക് ഇൻസെന്റീവ് ലഭിക്കുന്നതാണ്. 365 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ ഇതിനായി സമർപ്പിച്ചിരുന്നുവെങ്കിലും 151.60 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ബാക്കി തുകയായ 213.40 ലക്ഷം രൂപകൂടി നടപ്പുസാമ്പത്തിക വർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2851-00-105-85—പ്രത്യേക തൊഴിൽസൃഷ്ടിക്കൽ പദ്ധതി

പ്രധാനമന്ത്രിയുടെ തൊഴിൽദാന പരിപാടിക്ക് അനുസൃതമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രോജക്ട് ചെലവിന്റെ കുറഞ്ഞ പരിധി 50,000 രൂപയായും കൂടിയ പരിധി 10,00,000 രൂപയായും നിശ്ചയിച്ച് ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയിൽ വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക സംസ്ഥാന സർക്കാർ മാർജിൻ മണിയായി നൽകുന്നതും ശേഷിക്കുന്ന 60 ശതമാനം തുക ഗുണഭോക്തൃവിഹിതവും ബാങ്ക് വായ്പയുമായിരിക്കും. സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം, പരിശീലനം എന്നിവയ്ക്കായി 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 4.5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ ബാക്കി തുകയായ 50 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഖാദി മേഖലയുടെ ആധുനികവൽക്കരണം

സർക്കാർ നിയോഗിച്ച ഖാദി മോഡണൈസേഷൻ കമ്മിറ്റി ഖാദി മേഖലയുടെ നവീകരണത്തിനായി പുതിയ 1500 തറികൾ സ്ഥാപിക്കുന്നതിനും 2500 ചർക്കകൾ ആധുനികവൽക്കരിക്കുന്നതിനും പുതുതായി സ്ഥാപിക്കുന്ന തറികൾക്ക് വർക്ക് ഷെഡ് നിർമ്മിക്കുന്നതിനും ഖാദി മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും റെഡിമെയ്ഡ് പാവ് നൽകുന്നതിനുമായി പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതനുസരിച്ച് 2013-14, 2014-15 വർഷങ്ങളിലായി 28.50 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 2013-14 വർഷത്തിൽ ഇതിനായി 12.09 കോടി രൂപ 2014 ജനുവരിയിലെ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തുകയും ചെയ്തു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഖാദി ബോർഡും മറ്റ് ഖാദി സ്ഥാപനങ്ങളും ചേർന്നാണ്. ഖാദി മേഖലയുടെ ആധുനികവൽക്കരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുകയായ 12.09 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തി ഈ പദ്ധതിക്കായി വിനിയോഗിക്കുന്ന 2.16 കോടി രൂപയും കഴിച്ച് ബാക്കി തുകയായ 14.25 കോടി രൂപ കൂടി ഖാദി ബോർഡിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2851-00-105-99-31—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ—സഹായധനം—ശമ്പളം

1957-ലെ ആക്ട് IX പ്രകാരം ഖാദി ബോർഡിന്റെ ഭരണപരമായ ചെലവുകൾ അതായത് ജീവനക്കാരുടെ ശമ്പളം, പെൻഷൻ, യാത്രാപ്പടി, കണ്ടിജൻസി മുതലായവ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ബോർഡിന്റെ ഭരണപരമായ ചെലവുകൾ പരമാവധി കുറച്ചാലും നിലവിലെ നിരക്കിൽ പ്രതിമാസം ഏറ്റവും കുറഞ്ഞത് 280 ലക്ഷം രൂപയെങ്കിലും ചെലവാകും. 2014-2015 വർഷത്തേക്ക് വേണ്ടി ഈ ഇനത്തിൽ 5096.57 ലക്ഷം രൂപയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 2812.24 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക 2013-2014 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയേക്കാൾ കുറവാണെന്ന് മാത്രമല്ല, ഈ തുക ഏകദേശം 9 മാസത്തെ ചെലവുകൾക്ക് മാത്രമേ പര്യാപ്തമാവുകയുളളു. കൂടാതെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക, ജി.പി.എഫ്.-ൽ നിക്ഷേപിക്കേണ്ടതുമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 2014-2015 വർഷത്തിൽ ജീവനക്കാരുടെ പ്രതിമാസ ശമ്പളം, പെൻഷൻ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 550 ലക്ഷം രൂപയും മുൻവർഷത്തെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 900 ലക്ഷം രൂപയും അധികമായി വേണ്ടതായിട്ടുണ്ട്.

1990-1991 മുതൽ 2013-2014 ഡിസംബർ മാസംവരെ ഖാദി കമ്മീഷനിൽ തിരിച്ചടയ്ക്കുന്നതിനായുള്ള വായ്പ ഫണ്ടിൽ നിന്നും മറ്റു ഫണ്ടുകളിൽ നിന്നും പദ്ധതിയിതര ഭരണപരമായ ചെലവുകൾക്ക് വേണ്ടി ഏകദേശം 3359.01 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി.

ആയതിനാൽ 2014-2015 സാമ്പത്തിക വർഷത്തെ ഭരണപരമായ പദ്ധതിയിതര ചെലവുകൾക്ക് 1450 ലക്ഷം രൂപയും 1990-1991 മുതൽ 2013-2014 വരെ ഖാദി കമ്മീഷനിൽ നിന്നും ലഭിച്ച തുക വകമാറ്റി ചെലവഴിച്ച ഇനത്തിൽ തിരിച്ചടയ്ക്കേണ്ട 3359.01 ലക്ഷം രൂപയുടെ 25% ആയ 839.75 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ഖാദി ബോർഡിന് 2289.75 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2851-00-105-96 -33—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറ വിൽപ്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്—സബ്സിഡികൾ

2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 6 കോടി രൂപ നോർമൽ റിബേറ്റ് അനുവദിച്ചിരുന്നു. ഖാദി കമ്മീഷനിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന റിബേറ്റ് നിർത്തലാക്കി പകരം മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് നടപ്പാക്കുകയും ചെയ്തതിനാൽ ഖാദിയുടെ ചില്ലറ വിൽപ്പനയെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് 2013-2014 സാമ്പത്തിക വർഷം 26-9-2013-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർടി.)നമ്പർ 1220/2013/ഐ.ഡി. പ്രകാരം ഉത്സവ കാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് നൽകുന്നതിനായി സംസ്ഥാന സർക്കാർ 9 കോടി രൂപ അധികം അനുവദിച്ചിരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഖാദി ബോർഡിന്റെയും ഖാദി സ്ഥാപനങ്ങളുടെയും വിൽപ്പന കണക്കിലെടുത്ത് റിബേറ്റ് തുക അനുവദിക്കേണ്ടതാകുന്നു.

2014-2015 സാമ്പത്തിക വർഷത്തിൽ നോർമൽ റിബേറ്റ് ഇനത്തിൽ 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നതിൽ 6.6 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ഇതിന് പുറമെ 15 കോടി അനുവദിച്ചതായി പ്രഖ്യാപിച്ചിരുന്നെങ്കിലും തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. സംസ്ഥാനത്തെ ഖാദി ചില്ലറ വിൽപ്പന കണക്കാക്കുമ്പോൾ റിബേറ്റിനായി അനുവദിച്ച തുക വളരെ കുറവാണ്.

ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ 2014-2015 സാമ്പത്തിക വർഷവും ഉത്സവകാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് നൽകുന്ന ഇനത്തിൽ പ്രസ്തുത ശീർഷകത്തിൽ നോർമൽ റിബേറ്റിനു പുറമെ 10 കോടി രൂപ കൂടി വേണ്ടതായിട്ടുണ്ട്.

ആയതിനാൽ 2014-2015 സാമ്പത്തിക വർഷത്തിൽ ഖാദി ഉൽപ്പന്നങ്ങൾക്ക് അനുവദിക്കുന്ന നോർമൽ റിബേറ്റിന് 3.4 കോടി രൂപയും ഉത്സവകാലങ്ങളിലെ 10% അധിക റിബേറ്റിന് 10 കോടി രൂപയും ചേർത്ത് പ്രസ്തുത ശീർഷകത്തിൽ ഖാദി ബോർഡിന് 13.4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ദിനേശ് ബീഡി തൊഴിലാളികൾ ഒഴികെയുള്ള ബീഡി തൊഴിലാളികൾക്ക് മറ്റു തൊഴിൽ മേഖലകളിലേക്ക് മാറുന്നതിനായുള്ള സഹായ പദ്ധതി**

ബീഡി വ്യവസായം ഇപ്പോൾ പ്രോത്സാഹിപ്പിക്കാത്ത സാഹചര്യത്തിൽ ദിനേശ് ബീഡി തൊഴിലാളികൾ ഒഴികെയുള്ള ബീഡി തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറുന്നതിന് സഹായം നൽകുന്ന പദ്ധതിക്കായി ഒരു ശീർഷകം ആരംഭിച്ച് ആവശ്യമായ തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ദിനേശ് ബീഡി തൊഴിലാളികളുടെ പുനരധിവാസം**

കണ്ണൂരിലെ ദിനേശ് ബീഡി സഹകരണ സംഘത്തിലെ തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അടിയന്തരമായി അനുമതി നൽകണമെന്നും ഇതിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകം ഉൾപ്പെടുത്തി ഒരു കോടി രൂപ വകയിരുത്തണമെന്നും ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കയർ വ്യവസായം

2851-00-106-33—കയർ തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതി

സ്വകാര്യ സഹകരണ കയർ മേഖലയിൽ കയർ തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു. സ്വയം സഹായ സംഘങ്ങളെകൂടി ഉൾപ്പെടുത്തുന്നതടക്കമുള്ള കയർ കടാശ്വാസ പദ്ധതിയുടെ ഭേദഗതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടെങ്കിലും പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ കയർ മേഖലയിലെ കടാശ്വാസ പദ്ധതിക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2851-00-106-62—കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം

ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക കയർ സഹകരണ സംഘങ്ങളുടെ വിവിധ പുനരുജ്ജീവന പരിപാടികൾക്ക് വ്യവസ്ഥകൾ പ്രകാരം വിനിയോഗിക്കാവുന്നതാണെങ്കിലും ഈ പദ്ധതിയിൽ മനുഷ്യവിഭവശേഷി, മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന മൂലധന സഹായം വിഭാവനം ചെയ്തിട്ടില്ല എന്ന് ബഡ്ജറ്റ് രേഖകളിൽ സൂചിപ്പിച്ചിരിക്കുന്നു. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കുവാൻ പ്രവർത്തന മൂലധനംകൂടി നൽകി പദ്ധതി നടപ്പാക്കിയാൽ മാത്രമേ സംഘങ്ങളുടെ പുനരുജ്ജീവന പരിപാടി കാര്യക്ഷമമായി നടത്തുവാൻ സാധിക്കുകയുള്ളു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക മാനവശേഷി, മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന മൂലധനമായി ഉപയോഗിക്കുവാൻ പാടില്ല എന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2851-00-106-92—വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി)

50% കേന്ദ്രവിഹിതമായ ഈ പദ്ധതിയിൽ കയർബോർഡ് റീഇംബേഴ്സ്മെന്റായാണ് തുക അനുവദിക്കുന്നത്. മുൻ മൂന്നു വർഷത്തെ വിൽപ്പനയുടെ ശരാശരി കണക്കാക്കി, അതിന്റെ 10 ശതമാനമാണ് കയർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കയർ ഫെഡ്ഡിനും മറ്റു കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും വിപണി വികസന സഹായമായി അനുവദിക്കുന്നത്. ഈ ഇനത്തിൽ പ്രതിവർഷം 15 കോടിയിലേറെ ചെലവ് വരുന്നതും, 2013-14-ലെ അർഹതപ്പെട്ട തുക പൂർണ്ണമായും മടക്കി നൽകാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ 2014-2015 വർഷത്തിൽ ഏകദേശം 20 കോടി രൂപ കയർ ബോർഡിന് ഈ ഇനത്തിൽ വേണ്ടതായിട്ടുണ്ട്. എന്നാൽ കേന്ദ്ര, സംസ്ഥാന

വിഹിതങ്ങളായി 5 കോടി വീതം ആകെ 10 കോടി രൂപ മാത്രമേ ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ കയറിന്റെയും കയറുത്പന്നങ്ങളുടെയും വിപണി വികസന സഹായത്തിനായി പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2851-00-106-93—ക്ഷേമ നടപടികൾ

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതമാണിത്. 2011-2012 വരെ പദ്ധതി ഇനത്തിലാണ് ഇതിനായി തുക വകയിരുത്തിയിരുന്നത്. 2012-2013 മുതൽ ഇത് പദ്ധതിയിതര ഇനത്തിലേക്ക് മാറ്റുകയുണ്ടായി. പ്രതിമാസം 600 രൂപ വച്ച് പെൻഷൻ, കൂടാതെ കുടുംബ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനും വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുമുൾപ്പെടെ ഏകദേശം 50 കോടി രൂപയിലേറെ ഒരു വർഷം ചെലവു വരും 2013-2014 വർഷത്തെ പെൻഷൻ പൂർണ്ണമായി നൽകാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ കയർ തൊഴിലാളികൾക്ക് പെൻഷൻ, വിരമിക്കൽ ആനുകൂല്യം എന്നിവ നൽകുന്നതിനും മറ്റു ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കൈത്തറി, യന്ത്രത്തറി വ്യവസായങ്ങൾ

2851-00-103-31—കൈത്തറി മേഖലയ്ക്കുവേണ്ടിയുള്ള പുനരുദ്ധാരണ പുനർനിർമ്മാണ പദ്ധതി

കൈത്തറി മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമിടുന്ന പദ്ധതിയിൽ പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെയും (പി.ഡബ്ല്യൂ.സി.എസ്.) സംസ്ഥാനതല അപ്പക്സ് കൈത്തറി സംഘങ്ങളുടെയും (എ.ഡബ്ല്യൂ.സി.എസ്.) ഇതര സ്ഥാപനങ്ങളുടെയും പുനഃസംഘടന ഉദ്ദേശിക്കുന്നു. 80:20 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം ഉൾക്കൊള്ളുന്ന പദ്ധതിക്കായി 2014-2015-ൽ ഒരു ലക്ഷം രൂപ മാത്രമേ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ളൂ. അർഹതപ്പെട്ട 251 സഹകരണ സംഘങ്ങളുടെ പുനഃസംഘടനയ്ക്ക് ഈ തുക പര്യാപ്തമല്ല. ആയതിനാൽ കൈത്തറി മേഖലയ്ക്കുവേണ്ടിയുള്ള പുനരുദ്ധാരണ നിർമ്മാണ പദ്ധതിക്ക് ഈ ശീർഷകത്തിൽ 20.5 കോടി രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2851-00-103-74—പരിശീലനവും വികസനവും

നിലവിലുള്ള കൈത്തറി നെയ്ത്തുകാരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയിൽ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും വൈവിധ്യമുള്ളതും സമാനതകളില്ലാത്തതുമായ മൂല്യ വർദ്ധിത കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരമ്പരാഗത നെയ്ത്തുകാരിൽ അന്തർലീനമായിരിക്കുന്ന കലാവിരുത് വികസിപ്പിച്ച് അവരുടെ നൈപുണ്യവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

ഐ.ഐ.എച്ച്.റ്റി., സി.എം.ഡി., ഐ.എം.ജി. തുടങ്ങിയ വ്യവസ്ഥാപിത ദേശീയ/ സംസ്ഥാന സ്ഥാപനങ്ങളിലൂടെ നടത്തപ്പെടുന്ന പ്രസ്തുത പരിശീലന പരിപാടികൾക്ക് വകയിരുത്തിയിരിക്കുന്ന തുകയിൽ 60 ശതമാനം തുക വനിതാ നെയ്ത്തുകാർക്കായി മാറ്റി വച്ചിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് നിലവിൽ അനുവദിച്ചിരിക്കുന്ന 3.08 കോടി രൂപ പര്യാപ്തമല്ല. ആയതിനാൽ കൈത്തറി മേഖലയിലെ പരിശീലനവും വികസനവുമായി ബന്ധപ്പെട്ട പദ്ധതിക്ക് 3 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2851-00-103-95(33)—കൈത്തറിത്തുണി വിൽപ്പനയിലെ റിബേറ്റ്

കൈത്തറിത്തുണി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകുന്ന റിബേറ്റ് ഇനത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന 4.4 കോടി രൂപയ്ക്ക് പുറമെ 4.6 കോടി രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനമൂലധനത്തിനായി മാർജിൻമണി**

കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനത്തിനായി 10 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷൻസിനുള്ള സഹായം

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് കാഡ്കോയ്ക്ക് ലഭിച്ച വിഹിതം 50 ലക്ഷം രൂപയാണ്. വിവിധ മേഖലകളിൽ, പ്രത്യേകിച്ച് വനിതകൾക്കായി എല്ലാ ജില്ലകളിലും തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ആർട്ടിസാൻസ് ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരണത്തിന്റെ ഭാഗമായി കേരളത്തിനകത്തും ഇന്ത്യയിലെ മറ്റു പ്രധാന നഗരങ്ങളിലും സംഘടിപ്പിക്കുന്ന പ്രദർശന, വിപണന മേളകളിൽ പങ്കെടുക്കുന്നതിനും ബയർ-സെല്ലർ മീറ്റുകൾ സംഘടിപ്പിക്കുന്നതിനും കാഡ്കോ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ 1 കോടി രൂപകൂടി കാഡ്കോയ്ക്ക് ഗ്രാന്റായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2851-00-104-84—കരകൗശല മേഖലയിൽ ഉദ്യമകർത്തവ്യ സഹായം

പിന്നോക്ക വിഭാഗങ്ങളിലോ ന്യൂനപക്ഷ വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ ഗുണഭോക്താക്കൾക്ക് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നിവയുടെ അതേ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തവണ വായ്പ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കാഡ്കോ, ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സുരഭി, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കെൽപാം, കെ-ബിപ് എന്നീ സ്ഥാപനങ്ങളിലൂടെ 80 കരകൗശല വിദഗ്ദ്ധർക്ക് സ്വയംതൊഴിൽ സാധ്യതകൾ ഒരുക്കുന്ന പദ്ധതിയിൽ കാഡ്കോയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല.

ആയതിനാൽ ഏകദേശം 80 ആർട്ടിസാൻസ്കാർക്ക് സ്വയംതൊഴിൽ സംരംഭത്തിന് വായ്പ നൽകുന്നതിലേക്കായി കാഡ്കോയ്ക്ക് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

2851-00-104-76—മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം

മറ്റു തൊഴിൽ മേഖലകളെക്കാൾ കുറഞ്ഞ വേതന ഘടനയും ആനുകൂല്യങ്ങളും സൗകര്യങ്ങളും മാത്രമേ പരമ്പരാഗത ഈറ്റവെട്ടു തൊഴിലാളികൾക്ക് ലഭിക്കുന്നുള്ളൂ എന്നതിനാൽ പലരും ഈ തൊഴിൽ ഉപേക്ഷിച്ച് പോകുന്നു. ഇതു പരിഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

| | *പദ്ധതി* | *പ്രതീക്ഷിക്കുന്ന ചെലവ്* |
|---|---|---|
| | (1) | (2) |
| 1. (എ) | ഈറ്റവെട്ടുകാർക്ക് അടിയന്തര വൈദ്യ സഹായം നൽകുന്നതിനും അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വനം വകുപ്പിന്റെ അനുമതിയോടെ ആറ് താൽക്കാലിക അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നത് | 18 ലക്ഷം |
| (ബി) | ഈറ്റവെട്ടുകാർക്ക് പ്രവർത്തനോപകരണങ്ങൾ നൽകുന്നത് | 5 ലക്ഷം |
| (സി) | വെട്ടുകാരുടെ വനാന്തരങ്ങളിലേക്കുള്ള യാത്രാ സൗകര്യത്തിന് ജീപ്പ് വാങ്ങുന്നത്. | 7 ലക്ഷം |
| | ആകെ | 30 ലക്ഷം |
| 2. | ഈറ്റ കുതിർത്തുന്നതിനുള്ള വെള്ള സംഭരണികൾ പണിയുന്നത് | 15 ലക്ഷം |
| 3. | ഈറ്റ അളികളായി (Slivers) നൽകാൻ 10 സബ് സ്ലിവറിങ് സെന്ററുകൾ തുടങ്ങുന്നത് | 90 ലക്ഷം |
| 4. | ഗവേഷണത്തിനും അനുബന്ധ സൗകര്യങ്ങൾക്കുമുള്ള സെന്റർ തുടങ്ങുന്നത് | 75 ലക്ഷം |
| 5. | ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ ശക്തിപ്പെടുത്തുന്നത് | 25 ലക്ഷം |
| 6. | മുളയെ അനുയോജ്യമായ ഗുണനിലവാരമുള്ളതാക്കി മാറ്റുവാനുള്ള കെമിക്കൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് | 50 ലക്ഷം |

| | (1) | (2) |
|---|---|---|
| 7. | ഈറ്റ/മുള എന്നിവയുടെ വിതരണത്തിനുള്ള പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നത് | 50 ലക്ഷം |
| 8. | ബാംബൂ കോർപ്പറേഷനുവേണ്ട പ്രവർത്തന മൂലധനം | 200 ലക്ഷം |
| 9. | സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ഈറ്റ-പനമ്പു മേഖലയിൽ മിനിമം കൂലി നടപ്പിലാക്കുന്നതിനുള്ള അധികച്ചെലവ് | 400 ലക്ഷം |
| | ആകെ | 935 ലക്ഷം |

ബാംബൂ കോർപ്പറേഷന് ബഡ്ജറ്റിൽ പ്രത്യേക വിഹിതം വകയിരുത്തിയിട്ടില്ലെങ്കിലും പ്രസ്തുത കോർപ്പറേഷൻ കൂടി ഉൾപ്പെടുന്ന ഹാന്റിക്രാഫ്റ്റ്സ് സെക്ടറിന് 365 ലക്ഷം രൂപയും മുളയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 151 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബാംബൂ കോർപ്പറേഷന്റെ മേൽ സൂചിപ്പിച്ച പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 9.35 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 1995 മുതൽ ഈ മേഖലയിലെ വിവിധ പുനരധിവാസ പദ്ധതികൾക്കായി നൽകിയിട്ടുള്ള 20.96 കോടി രൂപ സർക്കാർ കടമായി നിലനിർത്തിയിരിക്കുകയാണ്. ബാംബൂ കോർപ്പറേഷന് നിലവിലുള്ള നെഗറ്റീവ് നെറ്റ്‌വർത്ത് ഒഴിവാക്കുന്നതിനായി കടമായി നിലനിർത്തിയിരിക്കുന്ന 20.96 കോടി രൂപ ഷെയറാക്കി മാറ്റണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കെൽപ്പാം

2851-00-105-84—കേരള സ്റ്റേറ്റ് പാൽമിര പ്രോഡക്ട്സ് ഡെവലപ്മെന്റ് ആന്റ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്

4885-60-800-96—പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉള്ള തുക

കരിമ്പന മേഖലയിലെ 80% ത്തിലേറെ വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ അടങ്ങുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് 75 ലക്ഷം രൂപയും ഉഷ്ണമേഖലാ പ്രദേശങ്ങളിൽ സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി കരിമ്പന കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്ത് ശേഖരിച്ച് വിതരണം ചെയ്യുന്നതിന് 70 ലക്ഷം രൂപയും പനം പഞ്ചസാര പ്രധാന ചേരുവയിൽ നിർമ്മിക്കുന്ന നീര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 40 ലക്ഷം രൂപയും ശീതള പാനീയം, പനയോല ഉൽപ്പന്നങ്ങൾ, ഫർണിച്ചർ, ബ്രഷ് മുതലായവയുടെ നിർമ്മാണ പരിശീലനത്തിനായി 75 ലക്ഷം രൂപയും കരിമ്പന മേഖലയിലെ തൊഴിലാളികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എൻ.ബി.സി.എഫ്.ഡി.സി. യുടെ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് സ്റ്റേറ്റ് ചാനലയ്സിംഗ്

ഏജൻസിയുടെ അംശാദായമായി 45 ലക്ഷം രൂപയും പുതിയ ആരോഗ്യ ഔഷധ കരിമ്പന ഉത്പന്നങ്ങൾ വികസിപ്പിച്ച്, നിർമ്മിക്കുന്നതിന് പുതിയ ഫാക്ടറി, യന്ത്രസാമഗ്രികൾ എന്നിവ സജ്ജീകരിക്കുന്നതിനും ലബോറട്ടറി സ്ഥാപിക്കുന്ന തിനുമായി 45 ലക്ഷം രൂപയും ചേർത്ത് കെൽപാമിന് ആകെ 3.5 കോടി രൂപ വേണ്ടതായിട്ടുണ്ട്. കെൽപാമിന് അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 3 കോടി രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സമിതി വൈകുന്നേരം 3.35-ന് യോഗം പിരിഞ്ഞു.

## 2014 മാർച്ച് 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2014 മാർച്ച് 5-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി:

ഹാജരായ മറ്റ് അംഗങ്ങൾ :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ.
2. ,, അബ്ദുറഹിമാൻ രണ്ടത്താണി, ,,
3. ,, എ. എ. അസീസ്, ,,
4. ,, സി. കൃഷ്ണൻ, ,,
5. ,, സാജു പോൾ, ,,
6. ,, വി. ശശി, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. എച്ച്, കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായവും വിവരസാങ്കേതികവും വകുപ്പ്.
2. ശ്രീ. എം. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീ. പി. എം. ഫ്രാൻസിസ്, ഡയറക്ടർ, ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് ഡയറക്ടറേറ്റ്.

4. ശ്രീ. എ. പ്രഭകുമാർ, ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറേറ്റ്.

5. ശ്രീ. സാം സി. ഇട്ടിച്ചെറിയ, ഡയറക്ടർ, ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽ ഡയറക്ടറേറ്റ്.

6. ശ്രീമതി എം. എസ്. രാജശ്രീ, ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള.

7. ശ്രീ. കെ. സുധീർ, അഡീഷണൽ ഡയറക്ടർ, ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് ഡയറക്ടറേറ്റ്.

8. ശ്രീ. കെ. പത്മകുമാർ, മാനേജിംഗ് ഡയറക്ടർ, മലബാർ സിമെന്റ്സ് ലിമിറ്റഡ്, സെക്രട്ടറി, പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്.

9. ശ്രീ. കെ. ഷംസുദ്ദീൻ, മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്.

10. ശ്രീ. എം. കെ. ശശികുമാർ, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്.

11. ശ്രീമതി എസ്. ശ്യാമള, മാനേജിംഗ് ഡയറക്ടർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്.

12. ശ്രീ. അബ്ദുൾ ലത്തീഫ്, മാനേജിംഗ് ഡയറക്ടർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്.

13. ശ്രീ. കെ. ജി. ഗിരീഷ് ബാബു, ചീഫ് എക്സിക്യൂട്ടവ് ഓഫീസർ ടെക്നോപാർക്ക്/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സൈബർ പാർക്ക്/മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.റ്റി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്.

14. ശ്രീ. ആർ. ജയചന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്).

15. ശ്രീ. എ. വി. രാജൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ.

16. ശ്രീ. സി. അഭിഷേക്, മാനേജിംഗ് ഡയറക്ടർ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ.

17. ശ്രീ. സി. പ്രസന്നകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

18. ശ്രീ. എസ്. രാംനാഥ്, മാനേജിംഗ് ഡയറക്ടർ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)

19. ശ്രീ. ആർ. രാജേഷ്, മാനേജിംഗ് ഡയറക്ടർ, ആട്ടോകാസ്റ്റ് ലിമിറ്റഡ്.

20. ശ്രീ. എ. ഓബിദ്, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ( സിൽക്ക്).

21. ഡോ. കെ. എ. രതീഷ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ.

22. ശ്രീ. ഹൃഷികേശ്.ആർ.നായർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫോപാർക്ക്.

23. ശ്രീ. റ്റി. പി. തോമസ് കുട്ടി, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ.

24. ശ്രീ. ആർ. സുധാകരൻ, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ്.

2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന "XXXVII വ്യവസായങ്ങൾ"-ലെ 2852, 2853, 2885, 4802, 4853, 4854, 4857, 4858, 4859, 4860, 4885, 6853, 6854, 6857, 6858, 6859, 6860, 6885 എന്നീ കണക്കിനങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി സംബന്ധിച്ച് സമിതി ആരാഞ്ഞു. 35 കോടി രൂപ ചെലവ് വരുന്ന ഇൻക്യുബേറ്ററിന്റെ മാതൃക തയ്യാറാക്കി ആർക്കിടെക്റ്റിനെ തെരഞ്ഞെടുത്തതായും ഇതിനായി 11 കോടി രൂപയുടെ ഗ്രാന്റ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതായും വ്യവസായ വികസന കോർപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത പാർക്കിന് സ്ഥലമേറ്റെടുക്കുന്നതിന് 19 കോടി രൂപ കെ.എസ്.ഐ.ഡി.സി. അധികമായി ചെലവഴിച്ചിട്ടുള്ളതായി അദ്ദേഹം സമിതി മുമ്പാകെ ബോധിപ്പിച്ചു. ആദ്യ ഘട്ടത്തിൽ ഇൻക്യുബേറ്ററിന്റെ പണി പൂർത്തിയാക്കി, 3-4 കമ്പനികൾക്ക് പ്രവർത്തിക്കാനുള്ള കെട്ടിടവും സൗകര്യങ്ങളും ഒരുക്കിയതിനുശേഷം മറ്റ് കമ്പനികൾക്ക് ഭൂമിയോ, കെട്ടിടമോ നൽകി പാർക്കിലേക്ക് വരുന്നതിന് പ്രോത്സാഹിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യവസായ-വിവരസാങ്കേതികവിദ്യാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. ഒന്നാം ഘട്ടം ഒന്നര വർഷത്തിൽ പൂർത്തിയാക്കി, അഞ്ച് വർഷത്തിനകമെങ്കിലും ലൈഫ് സയൻസ് പാർക്ക് പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കാൻ ലക്ഷ്യമിടുന്നതായി അദ്ദേഹം അറിയിച്ചു. പാർക്കിനോട് ചേർന്ന് കിടക്കുന്ന 75 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതാണെന്നും നിലവിൽ 40 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നും വ്യവസായ വികസന കോർപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിനായി പദ്ധതി അവലോകനം ചെയ്തുകൊണ്ടിരിക്കണമെന്നും സ്ഥലം ഏറ്റെടുക്കുന്നതിൽ കാലവിളംബം വരുത്തരുതെന്നും സമിതി നിർദ്ദേശിച്ചു. പദ്ധതിക്കായി ഏറ്റെടുക്കാൻ

തീരുമാനിച്ചിരുന്ന ഭൂമി ഉടമകൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത തരത്തിൽ താമസംവിന ഏറ്റെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കിൻഫ്രയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സമിതി ആരാഞ്ഞു. കേന്ദ്ര സർക്കാരിന്റെ ലാന്റ് അക്വിസിഷൻ ആക്ട് പാസ്സായതോടെ പ്രാരംഭഘട്ടത്തിൽ ഏറ്റെടുത്ത സ്ഥലങ്ങൾ ഒഴികെയുള്ളവയിലെ നടപടിക്രമങ്ങൾ പുനരാരംഭിക്കേണ്ടി വരുന്നതായും സ്ഥലത്തിന്റെ വില മുമ്പ് നിശ്ചയിച്ചിരുന്നതിനെ അപേക്ഷിച്ച് വളരെയധികം വർദ്ധിച്ചിരിക്കുന്നതായും വ്യവസായ വിവരസാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചു. സർക്കാർതന്നെ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളുടെ നടപടിക്രമങ്ങൾ ലഘുവാണെന്നും മറിച്ച് സ്വകാര്യ പാർട്ടികൾ മുഖേന നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ ഭൂവുടമകൾക്ക് ഭൂമി വിട്ടുനൽകാൻ വിസമ്മതിക്കുന്ന സാഹചര്യങ്ങളിൽ 80 ശതമാനം ഭൂവുടമകളെങ്കിലും അനുമതി നൽകിയാൽ മാത്രമേ ഭൂമി ഏറ്റെടുക്കാനാവൂ എന്ന് വ്യവസ്ഥയുള്ളതായി വ്യവസായ-വിവരസാങ്കേതികവിദ്യാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവയെ ആധാരമാക്കിയുള്ള ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോൺ പദ്ധതി നിലവിൽ കണ്ണൂർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലാണ് പരിഗണിച്ചുവരുന്നതെന്ന് സമിതി മനസ്സിലാക്കി. ബാങ്കിന് നൽകാനുള്ള തുക കൊടുത്ത് ഗ്വാളിയോർ റയോൺസ് കിൻഫ്ര ഏറ്റെടുക്കുന്നത് തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതായി സമിതി പറഞ്ഞു.

മാലിന്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കിൻഫ്ര പാർക്കിൽ നടക്കുന്ന സമരത്തിന് പരിഹാരം കണ്ടെത്തുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മലിനീകരണ നിയന്ത്രണ ബോർഡ്, ഭൂഗർഭജല വകുപ്പ്, കിൻഫ്ര എന്നിവയിലെ ബന്ധപ്പെട്ട പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിച്ച് പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കണ്ടെത്താവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

ആശാപുരയിലെ കിൻഫ്രയുടെ യൂണിറ്റിലെ അവശിഷ്ടമായ കളിമണ്ണ് സംഭരിച്ചു വച്ചിരിക്കുന്ന സ്ഥലങ്ങളിൽനിന്നും ഊർന്നിറങ്ങി ജലമലിനീകരണത്തിന് ഇടയാകുന്നതായി പരാതിയുണ്ടെന്ന് കിൻഫ്രയുടെ മാനേജിംഗ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. പ്രസ്തുത ഫാക്ടറിയിൽ കേരള ജല അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന 500 കെ. എൽ. ഉൾപ്പെടെ ഏകദേശം 8000 കെ. എൽ. ജലം ഉപഭോഗം ഉള്ളതായി അദ്ദേഹം പറഞ്ഞു. ഫാക്ടറിയുടെ സമീപപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ജലക്ഷാമം നേരിടുന്നതിന് കിൻഫ്ര ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതാണെന്ന വ്യവസ്ഥയിലാണ് സമരം അവസാനിപ്പിച്ചതെന്ന് സമിതി മനസ്സിലാക്കി.

ജല അതോറിറ്റിയുമായി സംയോജിച്ച് കിൻഫ്ര സമീപപ്രദേശങ്ങളിലെ എല്ലാ ഭാഗത്തും വെള്ളം എത്തിക്കുന്നതിന് സംവിധാനം ഒരുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

വ്യവസായാവശ്യങ്ങൾക്കായി ജല അതോറിറ്റി ലഭ്യമാക്കുന്ന 500 കെ.എൽ. ജലം കിൻഫ്ര ബോട്ട്ലിംഗ് കമ്പനിക്ക് നൽകിവരുന്നതായി സമിതി പറഞ്ഞു. ഇത് ഒഴിവാക്കി ബോട്ട്ലിംഗ് കമ്പനി നേരിട്ട് ജല അതോറിറ്റിയിൽ നിന്നും വെള്ളം വാങ്ങേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

ആശാപുരയിലെ കിൻഫ്ര യൂണിറ്റിൽ ഖനനം നടക്കുന്നില്ലെന്നും കമ്പനിക്കാവശ്യമായ വസ്തുക്കൾ ലഭ്യമാക്കുന്ന കമ്പനികൾക്കു തന്നെ അവശിഷ്ടമായി വരുന്ന കളിമണ്ണ് നൽകുന്നതിന് നിർദ്ദേശിക്കാവുന്നതാണെന്ന് കിൻഫ്ര മാനേജിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു. അവശിഷ്ടമായിവരുന്ന കളിമണ്ണ് ദിനംപ്രതി നീക്കം ചെയ്യുകയോ അല്ലെങ്കിൽ ജലമലിനീകരണം ഉണ്ടാകാത്തവിധത്തിൽ സുരക്ഷിതമായ സ്ഥലങ്ങളിൽ നിക്ഷേപിക്കുകയോ വേണമെന്ന് സമിതി നിർദ്ദേശിച്ചു.

റിയാബിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ താൽക്കാലികമായോ കരാർ വ്യവസ്ഥയിലോ നിയമനങ്ങൾ നടത്തുമ്പോൾ ചെറിയ യൂണിറ്റുകളിലായി നിയമനം നടത്താതെ ഒരു കാലയളവിലേക്കുള്ള ഒഴിവുകളിലേക്ക് നിയമനങ്ങൾ ഒരുമിച്ച് നടത്തി, അർഹതപ്പെട്ടവർക്ക് സംവരണാനുകൂല്യം നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

സൈബർ പാർക്കിലേക്ക് പ്രവേശിക്കുന്നതിനുള്ള റോഡ് ഏറെ ശോചനീയാവസ്ഥയിലാണെന്നതിനാൽ റോഡ് വീതികൂട്ടി ടാർ ചെയ്യുന്നതിന് പൊതുമരാമത്തിന്റെയോ എം.എൽ.എ.-യുടെയോ സഹായം നേടണമെന്ന് സമിതി നിർദ്ദേശിച്ചു.

സൈബർ പാർക്കിന്റെ പണി ത്വരിതപ്പെടുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

വകുപ്പുകളുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സമിതി താഴെ പറഞ്ഞിരിക്കുന്ന പ്രകാരം ശുപാർശകൾ നൽകാൻ തീരുമാനിച്ചു:

## അഭിവൃദ്ധിപ്പെടാൻ സാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

4885-60-800-96—പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമുള്ള തുക

2010-11 സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വായ്പയായും ഇക്വിറ്റിയായും കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (KMML), മലബാർ സിമന്റ്സ് ലിമിറ്റഡ് (MCL) എന്നീ സ്ഥാപനങ്ങളിൽ നിന്നും യഥാക്രമം 60 കോടി രൂപയും, 30.90 കോടി രൂപയും നൽകിയിരുന്നു. ഇക്വിറ്റിയിനത്തിൽ നൽകിയ ധനസഹായത്തിന് ഇതുവരെ ഷെയർ സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഈ തുക തിരിച്ചടയ്ക്കുന്നതിന്റെ ഭാഗമായി KMML, MCL എന്നീ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി സർക്കാർ നേരിട്ട് നൽകുന്നതിലേക്കായി 90.90 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കുകയോ അല്ലെങ്കിൽ വായ്പ വാങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗമില്ലാതെകിടക്കുന്ന

സ്ഥലം ഈ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന തിനുള്ള അനുമതി നൽകുകയോ ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

റിയാബിന്റെ ചുമതലയിൽ 2014-15 സാമ്പത്തികവർഷം 4885-60-800-96(പി) എന്ന ശീർഷകത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി അനുവദിച്ച 5 കോടി രൂപയും, പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിശീലന പരിപാടികൾക്കായി അനുവദിച്ച 2.50 കോടി രൂപയും ചേർത്ത് ആകെ 7.50 കോടി രൂപ പലിശരഹിത വായ്പയായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ടെക്സ്റ്റയിൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഗണിച്ച് കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ അധീനതയിൽ പുതിയതായി ആരംഭിച്ച മില്ലുകൾക്കായി 20 കോടി രൂപ അധിക ധനസഹായം പ്രവർത്തനമൂലധനമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണത്തിനു വേണ്ടി 10 കോടി രൂപ അധിക ധനസഹായം അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കേന്ദ്ര സർക്കാരിന്റെ മാനുഫാക്ചറിംഗ് നയത്തിന്റെ ഭാഗമായുള്ള സ്കീമിൽ ഉൾപ്പെടുത്തി കെൽട്രോണിന്റെയും സബ്സിഡിയറി കമ്പനികളുടെയും നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 15 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ

2852-08-600-82—കശുവണ്ടി വികസന കോർപ്പറേഷൻ—ബ്രാൻഡ് പ്രൊമോഷൻ

4860-60-190-94—കെ.എസ്.സി.ഡി.സി.-യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബാങ്കുകൾ പ്രവർത്തനമൂലധനമായി നൽകിയ 59 കോടി രൂപയും സർക്കാർ ദീർഘകാല വായ്പയായി നൽകാമെന്നേറ്റിട്ടുള്ള 40 കോടി രൂപയും അതിന്റെ പലിശയും ചേർത്ത് ആകെ 99 കോടി രൂപ അധികമായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്നും അത് തവണകളായി അടയ്ക്കുന്നതിന് അനുവാദം നൽകണമെന്നും ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2013 വരെ കോർപ്പറേഷനിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 36.86 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കോർപ്പറേഷൻ വാടകയ്ക്ക് നടത്തിവരുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽസുരക്ഷ ഉറപ്പാക്കുന്നതിനായി പ്രസ്തുത 20 ഫാക്ടറികൾ വാങ്ങുന്നതിനായി 25 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കോർപ്പറേഷനെ സ്വയംപര്യാപ്തമാക്കുന്നതിന് 100 കോടി രൂപ പ്രവർത്തന മൂലധന സഹായം അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സർക്കാർ കോർപ്പറേഷന് നൽകിയിട്ടുള്ള 231.62 കോടി രൂപയുടെ വായ്പ ഓഹരി മൂലധനമായി മാറ്റണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഗ്യാരണ്ടി കമ്മീഷനായി നൽകേണ്ട 3.92 കോടി രൂപയും അതിന്റെ പലിശയും കോർപ്പറേഷന് ഒഴിവാക്കിക്കൊടുക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്)

2852-08-600-81—ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോളബോധവൽക്കരണവും

4860-60-190-93—കാപ്പക്സിനുകീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് നിയമാനുസൃത ബാധ്യതകൾ തുടങ്ങിയവയുടെ ഒറ്റത്തവണ തീർപ്പാക്കലിനുവേണ്ടി 2 കോടി രൂപയും, ഗ്രാറ്റുവിറ്റി ബാധ്യതകൾ തീർക്കുന്നതിനായി 3 കോടി രൂപയും വിൽപ്പന നികുതിയുടെ ആംനെസ്റ്റി സ്കീം പൂർണ്ണമായും അടച്ചുതീർക്കുന്നതിലേക്കായി 11 കോടി രൂപയും ചേർത്ത് 16 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ കാപ്പക്സിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്)

2852-80-800-88—പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്

റിയാബിന് സ്വന്തമായി ഒരു ഓഫീസ് കെട്ടിടം ഇല്ലാത്തതിനാൽ സർക്കാർ ഉടമസ്ഥതയിലോ മറ്റു സർക്കാർ ഏജൻസികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലോ സ്ഥിരമായി ഒരു ഓഫീസ് സൗകര്യം ഉണ്ടാക്കുന്നതിനുള്ള അനുമതി നൽകുന്നതിനും ആയതിനുള്ള ആദ്യഘട്ട ധനസഹായമായി ഒരു കോടി രൂപ അധിക പദ്ധതി വിഹിതമായി അനുവദിക്കുന്നതിനും ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## വിവരസാങ്കേതികവിദ്യാ വകുപ്പ്

4859-02-190-94—ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിക്കുള്ള മൂലധന നിക്ഷേപം

കോഴിക്കോട് ഐ.ടി. പാർക്കിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും കൊരട്ടി ഐ.ടി. പാർക്കിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് വില നൽകുന്നതിനും പാല ഐ.ഐ.ഐ.ടി., ഇൻഫോസിറ്റി എന്നിവയ്ക്ക് സ്ഥലമെടുക്കുന്നതിനും ചേർത്ത് പ്രസ്തുത ശീർഷകത്തിൽ ആകെ 123.79 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4859-02-800-98—വിവരസാങ്കേതികവിദ്യക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും

ഇൻഫോപാർക്കിന്റെ കീഴിൽ കൊച്ചി, ചേർത്തല, കൊരട്ടി എന്നിവിടങ്ങളിൽ ഐ.ടി. പാർക്കുകൾ പ്രവർത്തിക്കുന്നു.

ഇൻഫോപാർക്ക് കൊച്ചി ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലുമായി 18.50 ലക്ഷം ചതുരശ്ര അടി ഐ.ടി. മന്ദിരങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ 12 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലായി വിവിധ ഐ.ടി. സ്ഥാപനങ്ങളായ എൽ & ടി ടെക്നോപാർക്ക്സ് ലിമിറ്റഡ്, ഐ.ബി.എസ്. സോഫ്റ്റ്‌വെയർ, ജിയോനറി തുടങ്ങിയവ ഉടനെ ആരംഭിക്കുന്നതാണ്.

കൊരട്ടി ഐ.റ്റി. പാർക്കിൽ 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിനായി 20 കോടി രൂപയും സ്ഥലം ഏറ്റെടുക്കുന്നതിനായി 15 കോടി രൂപയും ആവശ്യമുണ്ട്.

കൊരട്ടി ഐ.റ്റി. പാർക്കിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്കുള്ള വില നൽകുന്നതിനായി 3.05 കോടി രൂപ ആവശ്യമുണ്ട്.

ടെക്നോപാർക്ക് ഒന്നാം ഘട്ടം മൾട്ടിലെവൽ കാർ പാർക്കിംഗിന്റെയും മൂന്നാം ഘട്ടം അടിസ്ഥാനസൗകര്യങ്ങളുടെയും പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ടെക്നോസിറ്റിയിൽ ഭൂമി നിരപ്പാക്കൽ, റോഡ് വികസനം, ജലലഭ്യത തുടങ്ങിയവയുടെ പണി പുരോഗമിച്ചുവരുന്നു. കൊല്ലം ടെക്നോപാർക്കിൽ ഭൂമി നിരപ്പാക്കൽ തുടങ്ങിയവയുടെ പണിയും നടന്നുവരുന്നു.

നിലവിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ടെക്നോപാർക്കിന് 9.02 കോടി രൂപയും ഇൻഫോപാർക്കിന് 123.05 കോടി രൂപയും ചേർത്ത് ആകെ 132.07 കോടി രൂപ അധികം ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4859-02-800-97—വിവരസാങ്കേതികവിദ്യക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും—നബാർഡ് സഹായത്തോടെ

കോഴിക്കോട് ഐ.റ്റി. പാർക്കിൽ 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിന് രൂപരേഖ തയ്യാറായിരിക്കുകയും പാരിസ്ഥിതിക അനുമതി ലഭ്യമായിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ കെട്ടിടനിർമ്മാണം ഉടൻ ആരംഭിക്കേണ്ടതുണ്ട്. കൂടാതെ കുറച്ച് സ്ഥലംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ സൈബർ പാർക്കുകളുടെ ഐ.ടി. കെട്ടിട നിർമ്മാണത്തിന് 39 കോടി രൂപ അധികം അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4859-02-190-93—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്—ഓഹരി മൂലധന നിക്ഷേപം

തിരുവനന്തപുരം ടെക്നോപാർക്ക് ക്യാമ്പസിൽ സ്ഥിതിചെയ്യുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിക്ക് ടെക്നോസിറ്റിയിൽ കൈമാറി ലഭിച്ച 10 ഏക്കർ സ്ഥലത്ത് സ്വന്തം ക്യാമ്പസ് പണിയുന്നതിന് മുൻവർഷം നിർദ്ദേശിച്ചിരുന്ന 61.68 കോടി രൂപ നിർദ്ദേശിച്ചിരുന്നെങ്കിലും മതിയായ തുക അനുവദിച്ചിരുന്നില്ല. ആയതിനാൽ ടെക്നോസിറ്റി ക്യാമ്പസ് നിർമ്മാണത്തിന് ആവശ്യമായ ബാക്കി 39.37 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4859-02-800-89—നൂതന സാങ്കേതിക മേഖല

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത മോഡലിൽ കളമശ്ശേരിയിലുള്ള കിൻഫ്ര ഹൈടെക് പാർക്കിൽ സ്റ്റാർട്ട് അപ്പ് വില്ലേജ് എന്ന പേരിൽ ഒരു റ്റി.ബി.ഐ.സി. 2012 മാർച്ചിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. തുടക്കത്തിൽ 5000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആരംഭിച്ച ഈ പദ്ധതി 10000 ചതുരശ്ര അടിയിലേക്കു കൂടി കിൻഫ്ര വ്യാപിപ്പിച്ചിട്ടുണ്ട്. ഇതു പൂർത്തിയാവുന്നതോടെ 35-ഓളം കമ്പനികളെ ഇൻക്യുബേറ്റ് ചെയ്യുവാൻ കഴിയും. ഒരു ലക്ഷം ചതുരശ്ര അടിയുടെ ഒരു കെട്ടിടത്തിന്റെ പണി കൂടി ഈ ഇൻക്യുബേറ്ററിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി തുടങ്ങിയിട്ടുണ്ട്. അടുത്ത 10 വർഷത്തോടെ 10000 ഉൽപ്പന്നങ്ങളുടെ സ്റ്റാർട്ട് അപ്പ് കമ്പനികളാണ് സംരംഭകർ ലക്ഷ്യമിടുന്നത്.

യുവാക്കളിൽ ബിസിനസ്സ് സംരംഭം വളർത്തുന്നതിനും അവരുടെ സർഗ്ഗാത്മകമായ കഴിവുകളും സാങ്കേതിക പരിജ്ഞാനവും പരമാവധി പ്രയോജനപ്പെടുത്തി അവ പൂർണ്ണമായും വികസിപ്പിച്ചെടുത്ത് ടെലികമ്മ്യൂണിക്കേഷൻ അനുബന്ധ മേഖലകളുടെ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുക എന്നതാണ് സ്റ്റാർട്ട് അപ്പ് വില്ലേജ് എന്ന റ്റി.ബി.ഐ.സി. മുഖേന ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിൽ വിദ്യാർത്ഥികൾതന്നെ അംബാസിഡർമാരായി മാറുകയും അവരുടെ സാങ്കേതിക

വൈദഗ്ധ്യം പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ടെലികമ്മ്യൂണിക്കേഷൻ, ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിലെ വിവിധ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുത്ത് മാർക്കറ്റ് ചെയ്യുന്നതിനും സ്റ്റാർട്ട് അപ്പ് വില്ലേജ് വിഭാവനം ചെയ്യുന്നുണ്ട്. സംരംഭകർക്ക് ആശയങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം അവരുടെ മേഖലകളിൽ അഗ്രഗണ്യൻമാരായ വ്യവസായ പ്രമുഖരിലൂടെ മെന്റിങ് സൗകര്യത്തിനും നെറ്റ് വർക്കിങ് അവസരങ്ങൾക്കും സാഹചര്യം ഒരുക്കുന്നു. അതുവഴി വിദ്യാർത്ഥികളെ തൊഴിലന്വേഷകർ എന്നതിനേക്കാൾ തൊഴിൽദാതാക്കളായി വളർത്തിയെടുക്കാൻ കഴിയുന്നു. ഈ പദ്ധതിക്കായി അനുവദിച്ച തുക പര്യാപ്ത മല്ലാത്തതിനാൽ 10.2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4859-02-800-90—<u>വിജ്ഞാന നഗരം</u>

സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ച് തിരുവനന്തപുരത്ത് നടപ്പിൽ വരുന്ന പദ്ധതിയായ നോളജ് സിറ്റി, ടെക്നോസിറ്റി പ്രദേശത്ത് 150 ഏക്കറോളം സ്ഥലത്തായിട്ടാണ് രൂപീകരിക്കുന്നത്. മെഗാസിറ്റി പദ്ധതിക്കായി ആസൂത്രണ ബോർഡ് 700 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ നോളജ് സിറ്റിയും ഉൾപ്പെടുന്നു. ടെക്നോസിറ്റിയിൽ ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾക്ക് ഏക്കറൊന്നിന് 210.83 ലക്ഷം രൂപ മൂല്യമുള്ള സാഹചര്യത്തിൽ സ്ഥലമെടുപ്പിന് ഈ തുക പര്യാപ്തമല്ല. ആയതിനാൽ നോളജ് സിറ്റിക്ക് 316.24 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്)

കോഴിക്കോട് ബേപ്പൂരിലുള്ള സിൽക്കിന്റെ യൂണിറ്റിന്റെ വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി 'PET' ബോട്ടിൽ നിർമ്മാണത്തിനാവശ്യമായ പ്രീ-ഫോം നിർമ്മാണ യൂണിറ്റിനായി 8 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

6853-60-190-97—<u>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്</u>

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് താഴെ ചേർത്തിരിക്കുന്ന പ്രകാരം വൈവിദ്ധ്യവൽക്കരണ വികസന പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു:

| | *പദ്ധതികൾ* | *പ്രതീക്ഷിക്കുന്ന ചെലവ്* |
|---|---|---|
| | (1) | (2) |
| (എ) | കോപ്പറാസ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം | 15 കോടി |
| (ബി) | ജിപ്സം അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും | 5 കോടി |

| (1) | (2) |
|---|---|
| (സി) ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡിന്റെ ഉത്പാദനം | 5 കോടി |
| (ഡി) കാലപ്പഴക്കംചെന്ന യന്ത്രസാമഗ്രികൾ മാറ്റി പുതിയ ഊർജ്ജക്ഷമതയുള്ളവ സ്ഥാപിച്ച് വിപുലീകരിക്കുന്നത് | 20 കോടി |
| ആകെ | 45 കോടി |

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ പ്രസ്തുത വൈവിദ്ധ്യവൽക്കരണ പദ്ധതികൾക്കായി 45 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ആസിഡ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം ഉപേക്ഷിച്ച സാഹചര്യത്തിൽ ഇവയ്ക്കുവേണ്ടി ഇറക്കുമതി ചെയ്ത യന്ത്രോപകരണങ്ങൾ ആവശ്യമില്ലാതെ വരികയുണ്ടായി. എന്നാൽ നികുതിയിനത്തിൽ 14.63 കോടി രൂപയും അതിന്റെ 15% പലിശയും പിഴപ്പലിശയും 2007 മുതൽ കസ്റ്റംസിന് നൽകേണ്ടതുണ്ട്. ഈ സാമ്പത്തിക ബാധ്യത തീർക്കാൻ കമ്പനിക്ക് സർക്കാർ സഹായധനം അനുവദിക്കണമെന്ന് 2011-2012-ലെ ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ റിപ്പോർട്ടിലെ ഖണ്ഡിക 58 മുഖേന ശുപാർശ ചെയ്തിരുന്നുവെങ്കിലും നാളിതുവരെ തുക അനുവദിച്ചിട്ടില്ല. ആയതിനാൽ കസ്റ്റംസിനുള്ള സാമ്പത്തിക ബാധ്യത തീർക്കാൻ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡിന് 14.63 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

ട്രാക്കോ കേബിൾ കമ്പനിയുടെ തിരുവല്ല യൂണിറ്റിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് രണ്ട് സ്കിപ്പ് സ്റ്റ്രാൻഡേഴ്സ് വാങ്ങുന്നതിനായി 1 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ട്രാക്കോ കേബിൾ കമ്പനിയുടെ പ്രഥമ യൂണിറ്റായ ഇരുമ്പനത്ത് താഴെ ചേർത്തിരിക്കുന്ന പ്രകാരം നവീകരണപ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്:

| *പ്രവൃത്തി* | *പ്രതീക്ഷിക്കുന്ന ചെലവ്* |
|---|---|
| (1) | (2) |
| (എ) പുതിയ റീവൈന്റിംഗ് മെഷീൻ | 15 ലക്ഷം |
| (ബി) 3 വയർ ഡ്രോയിങ്, 6 ട്യൂബുലർ സ്ട്രാൻഡർ എന്നിവയുടെ നവീകരണം | 85 ലക്ഷം |

| (1) | (2) |
|---|---|
| (സി) പ്ലാന്റിന് ചുറ്റുമുള്ള റിംഗ് റോഡ് ടാറിംഗ് | 15 ലക്ഷം |
| (ഡി) ക്യാന്റീൻ കെട്ടിടം, പ്ലാന്റ്, ടെസ്റ്റ് ലാബ്, സ്കൂട്ടർ ഷെഡ്ഡ് എന്നിവയുടെ നവീകരണം | 7.75 ലക്ഷം |
| (ഇ) കൺട്രോളർ കേബിളിനുള്ള ഡയമീറ്റർ സെൻസറും ഹൈഡ്രോളിക് കട്ടറും | 5.50 ലക്ഷം |
| ആകെ | 128.25 ലക്ഷം |

ട്രാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനം യൂണിറ്റിലെ പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്കായി 128.25 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ

അണക്കെട്ടിൽനിന്ന് ചെളിയും മണലും നീക്കുന്നതിനുള്ള "ഡീസിൽറ്റിംഗ്" പദ്ധതിപ്രകാരം മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ അണക്കെട്ടുകളിൽ നിന്നും ചെളിയും മണലും നീക്കംചെയ്ത് അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വേർതിരിച്ചെടുക്കുന്ന മണൽ സംസ്ഥാനത്തെ മണൽക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിന് സഹായകമാകും. കൂടാതെ മണൽ വേർതിരിച്ചു കിട്ടുന്ന ചെളി ഇഷ്ടിക, ഓട് എന്നിവയുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായി ആ മേഖലയ്ക്ക് വിതരണം ചെയ്യുന്നതാണ്. ഒരു വർഷം ഏകദേശം 5.74 ലക്ഷം ടൺ മണലും 1.53 ലക്ഷം ടൺ ചെളിയും ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ജലവിഭവ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് ഏകദേശം 17.31 കോടി രൂപ മൂലധന ചെലവും 21.56 കോടി രൂപ വരവും പ്രതീക്ഷിക്കുന്നു. 16.12 കോടി രൂപ റവന്യൂ ചെലവ് കിഴിച്ച് പദ്ധതിയിൽനിന്ന് 5.44 കോടി രൂപ മിച്ചം പ്രതീക്ഷിക്കുന്നുണ്ട്.

ആയതിനാൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രസ്തുത പദ്ധതിക്ക് 17.31 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ഹാർബറിന്റെ തെക്കു ഭാഗത്ത് ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ, സിലിമിനേറ്റ് തുടങ്ങിയ ധാതു നിക്ഷേപം ചെറിയ തോതിൽ ഉണ്ട്. ഈ ധാതുനിക്ഷേപം താൽക്കാലികവും കടലിലെ ഒഴുക്കുകളുടെ (ഓഷ്യൻ കറന്റ്സ്) വ്യത്യാസം അനുസരിച്ച് കടലിലേയ്ക്ക് തിരിച്ച് ഒഴുകിപ്പോകുന്നതുമാണ്. ഈ ധാതുനിക്ഷേപം അപ്പപ്പോൾ എടുത്തില്ലെങ്കിൽ കടലിലേക്ക് ഒഴുകിപ്പോകുകയും എന്നന്നേക്കുമായി നഷ്ടപ്പെടുകയും ചെയ്യും.

ഇതുപോലെയുള്ള ധാതുനിക്ഷേപം കായംകുളം ഷിപ്പിംഗ് ഹാർബറിന്റെ അടുത്ത് കായംകുളം പൊഴിയുടെ സമീപത്തും ഉണ്ട്. ഏകദേശം 30 മീറ്റർ വീതിയിലും 2000 മീറ്റർ നീളത്തിലും ഈ നിക്ഷേപം ഉണ്ട്. ഈ പ്രദേശത്തുനിന്ന് ഒരു വർഷം ഏകദേശം 54000 ടൺ ധാതുനിക്ഷേപം ഉള്ള മണൽ ലഭ്യമാണ്. ഇപ്പോഴത്തെ സാഹചര്യം അനുസരിച്ച് ഓഷ്യൻ കറന്റ്സിന്റെ ചലനം അനുസരിച്ചും 5 മുതൽ 6 വർഷം വരെ ഖനനം ചെയ്യാനുള്ള ധാതുനിക്ഷേപം ലഭ്യമാണ്.

KMML, IRE തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഇപ്പോൾത്തന്നെ അസംസ്കൃത മണലിന് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. KMML ടൈറ്റാനിയം സ്പോഞ്ച് മുതലായ മൂല്യവർദ്ധിത വസ്തുക്കൾ ഉണ്ടാക്കുന്നുണ്ട്. കെംഡൽ ഉത്പാദിപ്പിക്കുന്ന അസംസ്കൃത മണൽ, KMML, IRE തുടങ്ങിയ സ്ഥാപനങ്ങൾക്ക് വിൽക്കാവുന്ന താണ്. ഏകദേശം 2000 രൂപ ഒരു ടണ്ണിന് എന്ന കണക്കിനാണ് KMML ഇപ്പോൾ അസംസ്കൃത മണൽ എടുക്കുന്നത്. 300 ലക്ഷം രൂപ മൂലധന ചെലവും 1080 ലക്ഷം രൂപ വരവും 815 ലക്ഷം രൂപ റവന്യൂ ചെലവും 265 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്ന പദ്ധതിയാണ്. ആയതിനാൽ ധാതുമണൽ ഖനനത്തിനുള്ള പ്രസ്തുത പദ്ധതിക്കാവശ്യമായ 3 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കെട്ടിടനിർമ്മാണ വ്യവസായത്തിലേക്ക് ആവശ്യമായ മണൽ കടലിൽനിന്നും ഖനനം ചെയ്യാവുന്നതാണ്. ഇതിൽനിന്നും കളിമണ്ണും, കക്കത്തോടും മറ്റും മാറ്റി കഴുകി വൃത്തിയാക്കി, ലവണാംശം മാറ്റി വൃത്തിയാക്കിയ മണൽ എല്ലാത്തരം ഉപയോഗങ്ങൾക്കും ഇന്ത്യൻ ഗുണനിലവാര സ്റ്റാൻഡേർഡു പ്രകാരം ഉചിതമാണ്. കേന്ദ്ര സർക്കാരിന്റെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്ന സ്ഥാപനം ഇതിലേക്ക് ആവശ്യമായ പഠനങ്ങൾ കൊല്ലം, പൊന്നാനി സമുദ്രതീരങ്ങളിൽ നടത്തിയിട്ടുള്ളതാണ്. പാലിയൊ ബീച്ചിൽ നിന്നും മണൽ ഖനനം ചെയ്യുന്ന ഈ പദ്ധതിയുടെ പ്രാരംഭ ചെലവിനായി 3 കോടി രൂപ ഗ്രാന്റായി മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ 2013-2014 സാമ്പത്തികവർഷത്തിൽ സ്ഥാപിച്ച 16 ടൺ ഹാമ്മറിന് സഹായകരമായ 1600 ടൺ ട്രിമ്മിംഗ് പ്രസ് ഉൾപ്പെടെയുള്ള ചില ബാലൻസിംഗ് ഉപകരണങ്ങൾകൂടി സ്ഥാപിച്ചാൽ മാത്രമേ യന്ത്രങ്ങളുടെ ഉത്പാദനക്ഷമത ഉദ്ദേശിക്കുന്നതരത്തിൽ വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ കാലഹരണപ്പെട്ട 10 ടൺ ഹാമ്മർ മാറ്റി പുതിയത് വാങ്ങേണ്ടതുണ്ട്. ഏകദേശം 9 കോടി രൂപ ചെലവഴിച്ച് പ്രവർത്തന മാരംഭിച്ച ഷൊർണ്ണൂർ മെഷീനിംഗ് യൂണിറ്റിന്റെ ലാഭകരമായ പ്രവർത്തനത്തിന് ആവശ്യമായ മെട്രോളജി ലാബ് ഉപകരണങ്ങൾ, ഇംപോർട്ടഡ് ഗിയർ ഗ്രൈന്റിംഗ് മെഷീൻ എന്നീ സൗകര്യങ്ങളുംകൂടി ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പുതിയ ഹാമ്മറിന്റെ അനുബന്ധ ബാലൻസിംഗ് ഉപകരണങ്ങൾക്കായി 10.85 കോടി രൂപയും കാലഹരണപ്പെട്ട 10 ടൺ ഹാമ്മർ മാറ്റി സ്ഥാപിക്കുന്നതിന് 12 കോടി രൂപയും,

ഷൊർണ്ണൂർ മെഷീനിംഗ് യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 6.6 കോടി രൂപയും ചേർത്ത് ആകെ 29.45 കോടി രൂപ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

കേരള ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കമ്പനിയായ കേരള ഓട്ടോമൊബൈൽസ് ത്രിചക്ര വാഹനങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തി വരുന്നു. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം പരിസ്ഥിതി സൗഹൃദമായിട്ടുള്ള സി.എൻ.ജി./എൽ.പി.ജി. ത്രിചക്ര വാഹനങ്ങൾ ഉത്പാദിപ്പിക്കുന്നതിനും ഈ മേഖലയിൽ തൊഴിൽ രംഗത്തിന് പ്രചോദനവും പ്രവൃത്തിപരിചയവും നൽകുന്നതിന് വേണ്ടി സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനുമായി 6 കോടി രൂപ അധികം വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ആട്ടോകാസ്റ്റ് ലിമിറ്റഡ്

47. ആട്ടോകാസ്റ്റ് ലിമിറ്റഡിൽ താഴെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

| | | *പ്രവർത്തനം* | *പ്രതീക്ഷിക്കുന്ന ചെലവ്* |
|---|---|---|---|
| | (എ) | മെൽറ്റിംഗ് ഡിപ്പാർട്ട്മെന്റിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നത് | 1.28 കോടി |
| 7.75 ലക്ഷം | (ബി) | മോൾഡിംഗ് ഡിപ്പാർട്ട്മെന്റിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നത് | 2.25 കോടി |
| 5.50 ലക്ഷം | (സി) | കാസ്റ്റിംഗ് ഗുണമേന്മ ഉറപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുടെ നവീകരണം | 0.22 കോടി |
| | (ഡി) | 110 കെ.വി. സബ്സ്റ്റേഷന്റെ അറ്റകുറ്റപ്പണികൾ | 1.53 കോടി |
| 128.25 ലക്ഷം | (ഇ) | മെഷീനിംഗ് സൗകര്യങ്ങൾ | 1 കോടി |
| | | ആകെ | 6.28 കോടി |

ആട്ടോകാസ്റ്റിന്റെ പ്രസ്തുത പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾക്കായി 6.28 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

മെറ്റൽ ഇൻഡസ്ട്രീസിൽ നിലനിന്നിരുന്ന ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട എൽ.ഐ.സി.-യുടെ GGPE(Group Gratuity Pure Endowment)-ന്റെ അപാകതകൾ ഓഡിറ്റിംഗിൽ ചൂണ്ടിക്കാണിക്കപ്പെട്ടതിനെ തുടർന്ന് എൽ.ഐ.സി.-യുടെ തന്നെ GGCA(Group Gratuity Cash Accommodation Scheme)-ലേക്ക് മാറുകയുണ്ടായി. ഇതിന്റെ ഭാഗമായി 31-3-2013 വരെയുള്ള ഗ്രാറ്റുവിറ്റി ബാദ്ധ്യതയായ 31,14,586 രൂപ എൽ.ഐ.സി.-യിൽ അടയ്ക്കേണ്ടതായിട്ടുണ്ട്. കൂടാതെ 1-4-2013 മുതൽ 31-3-2014 വരെയുള്ള അധിക ബാധ്യതയായി 5 ലക്ഷം രൂപയും കണക്കാക്കുന്നു.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് ജീവനക്കാരുടെ നിയമപ്രകാരമുള്ള ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾക്കുള്ള തുകയുടെ സ്രോതസ്സ് കണ്ടെത്താൻ നിർവ്വാഹമില്ലാത്തതിനാൽ കമ്പനിക്ക് ഈ ഇനത്തിൽ 36,14,586 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കേരള സിറാമിക്സ് ലിമിറ്റഡ്

കേരള സിറാമിക്സ് ലിമിറ്റഡിന്റെ കുണ്ടറയിലുള്ള ക്ലെയിസ് & മിനറൽസ് ഡിവിഷൻ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഗുണമേന്മയുള്ള ക്ലേ പൗഡർ ഉൽപ്പാദിപ്പിക്കുന്ന ഈ സ്ഥാപനത്തിന് ആവശ്യമായ ക്ലേ നിക്ഷേപമുള്ള സ്ഥലങ്ങൾ മൈനിംഗ് & ജിയോളജി വകുപ്പ് മുഖേന കണ്ടെത്തി ഏറ്റെടുക്കുന്നതിനായി 8 കോടി രൂപ അഭ്യർത്ഥിച്ചതിൽ 3 കോടി രൂപ 2011-ൽ ലഭിക്കുകയുണ്ടായി. 2012-ലെ വിഷയനിർണ്ണയ സമിതി കമ്പനിക്ക് 5 കോടി രൂപ അനുവദിക്കാൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ സ്ഥലത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ തുക പര്യാപ്തമല്ല. ആയതിനാൽ ഖനനത്തിന് ആവശ്യമുള്ള സ്ഥലം മുഴുവനായും വാങ്ങുന്നതിനായി 5 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കമ്പനിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ക്ലേ പൗഡറുകൾ നിർമ്മിക്കുന്നതിനും, പ്രസ്സ് കേക്ക് നാചുറൽ ഡ്രൈയിംഗ് ചെയ്യുന്നതിനുവേണ്ടി ഒരു ഡ്രൈയിംഗ് ഷെഡ്ഡ് നിർമ്മിക്കുന്നതിനു വേണ്ടിയും ഉണങ്ങിയ ക്ലേ കേക്ക് പൊടിച്ച് വിൽപ്പന നടത്തുന്നതിന് ഒരു പൾവറൈസ്ഡ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി 1.50 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേരള സിറാമിക്സ് ലിമിറ്റഡിന് ഇ.എസ്.ഐ., പി.എഫ്., സെയിൽസ് ടാക്സ് തുടങ്ങിയ ഇനത്തിൽ ഏകദേശം 2.5 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. പ്രസ്തുത ബാദ്ധ്യത നികത്തുന്നതിനായി 2.5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സമിതി വൈകുന്നേരം 3.55-ന് യോഗം പിരിഞ്ഞു.

## 2014 മാർച്ച് 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2014 മാർച്ച് 12-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.
2. ശ്രീ. വി. ശശി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

2014-2015 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന "XXXVII—വ്യവസായങ്ങൾ"-ന്റെ സൂക്ഷ്മപരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിന്റെ കരട് യോഗത്തിൽ പരിഗണിച്ചു.

കൈത്തറിത്തുണി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകുന്ന റിബേറ്റ് ഇനത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന 4.4 കോടി രൂപയ്ക്ക് പുറമേ 4.6 കോടി രൂപ കൂടി അനുവദിക്കണമെന്നും കൈത്തറി റിബേറ്റ് കുടിശ്ശിക തീർക്കുന്നതിനുവേണ്ടി ഇത്തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 7 കോടി രൂപ 2014-2015 വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിൽപ്പെടുത്തി വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷന്റെയും ടെക്സ്ഫെഡിന്റെയും കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണെന്നും ഇതിനായി കുറഞ്ഞിരിക്കുന്ന അവസരത്തിൽ പരുത്തി സംഭരിക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 30 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെയും തുറമുഖങ്ങളുടെയും സമീപ പ്രദേശങ്ങളിൽ കിൻഫ്ര മുഖാന്തിരം സ്ഥാപിക്കുവാനുദ്ദേശിക്കുന്ന വ്യവസായ വികസന മേഖലകളുടെ സ്ഥലമെടുപ്പിനും അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കു മായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 200 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പ്രസ്തുത ശുപാർശകളും കൂടി ഉൾപ്പെടുത്തി 2014-2015-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന XXXVII—വ്യവസായങ്ങൾ-ന്റെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

സമിതി വൈകുന്നേരം 3.05-ന് യോഗം പിരിഞ്ഞു.

---